കേരള സംസ്ഥാന
ബാലാവകാശ സംരക്ഷണ കമ്മിഷൻ

# കേരളത്തിലെ വിവാഹമോചന കേസ് ഫയൽ ചെയ്തിട്ടുള്ള മാതാപിതാക്കളുടെ കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും കുടുംബകോടതി സാഹചര്യങ്ങളും

പഠന റിപ്പോർട്ട് - 2024

## ചീഫ് എഡിറ്റർ

**ശ്രീമതി മിനിഭാസ്കർ എസ്.**

**രജിസ്ട്രാർ, കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷൻ**

## എഡിറ്റർ & ഗൈഡ്

**ശ്രീമതി ഷീബ. വി. എസ്**

**കോർട്ട് ഓഫീസർ (സെക്ഷൻ ഓഫീസർ II)**

**കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷൻ**

## പഠനം നടത്തിയ ജീവനക്കാർ

**ശ്രീ. ഡേവിഡ് റെജി മാത്യു**
സീനിയർ ടെക്കിനിക്കൽ ഓഫീസർ, ജെ.ജെ സെൽ

**ശ്രീ. ബിജു ജോസ്**
സീനിയർ ടെക്കിനിക്കൽ ഓഫീസർ, പോക്സോ സെൽ

**ശ്രീ.കിരൺദാസ് വൈ. എൽ**
സീനിയർ ടെക്കിനിക്കൽ ഓഫീസർ, ആർ.റ്റി.ഇ സെൽ

**ശ്രീമതി. ദേവി പി. ബാലൻ**
കേസ് വർക്കർ, പോക്സോ സെൽ

**ശ്രീ. അജിം എസ്**
കേസ് വർക്കർ, ജെ.ജെ സെൽ

**ശ്രീമതി. ബിനെല്ലാ മേരി ജേക്കബ്**
കേസ് വർക്കർ, പോക്സോ സെൽ

**കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷൻ**

റ്റി. സി 14/2036, വാൻറോസ് ജംഗ്ഷൻ,
കേരള യൂണിവേഴ്സിറ്റി പി.ഒ., തിരുവനന്തപുരം-695 034.
ഫോൺ : 0471 – 2326603 ഇ-മെയിൽ : childrights.cpcr@kerala.gov.in
വെബ്സൈറ്റ് : www.kescpcr.kerala.gov.in

# സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷൻ
# 4– ാം കമ്മിഷന്റെ ചെയർപേഴ്സണും കമ്മിഷൻ അംഗങ്ങളും

**ചെയർപേഴ്സൺ**

ശ്രീ. കെ.വി. മനോജ്കുമാർ

**കമ്മിഷൻ അംഗങ്ങൾ**

ശ്രീമതി സുനന്ദ എൻ

ശ്രീമതി ജലജമോൾ റ്റി. സി

ശ്രീമതി സിസിലി ജോസഫ്

ഡോ. വിൽസൺ എഫ്

ശ്രീ. മോഹൻകുമാർ ബി

ശ്രീ. കെ.കെ ഷാജു

# ഉള്ളടക്കം


| | |
|---|---|
| ആമുഖം | 9 |
| വിവാഹമോചന കേസ് ഫയൽ ചെയ്തിട്ടുള്ള മാതാപിതാക്കളുടെ കുട്ടികൾനേരിടുന്ന വിവിധ പ്രശ്നങ്ങൾ | 11 |
| പൂർവ്വപഠനാവലോകനങ്ങൾ | 14 |
| ഗവേഷണ രീതി | 16 |
| ദേശീയവും അന്തർദേശീയവുമായ താരതമ്യ വീക്ഷണം | 22 |
| കുടുംബകോടതികളിലെ ഭൗതികസാഹചര്യങ്ങൾ | 25 |
| സ്വതന്ത്ര ചിൽഡ്രൻസ് ലോയർ (ICL) സ്കീം 2023 | 29 |
| കസ്റ്റഡി, ഗാർഡിയൻഷിപ്പ് കേസുകളിൽ കുട്ടികൾക്കുള്ള ശിശുസൗഹൃദനിയമ സേവനങ്ങൾ | 29 |
| വിവരങ്ങളുടെ ക്രോഡീകരണവും, വിശകലനവും | 31 |
| കണ്ടെത്തലുകൾ/നിരീക്ഷണങ്ങൾ | 47 |
| ശുപാർശകൾ | 51 |
| സംഗ്രഹം | 52 |



2005 ലെ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന കമ്മിഷൻ നിയമത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികളുടെ അവകാശ സംരക്ഷണത്തിനായി പ്രവർത്തിച്ചു വരുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു അർദ്ധ ജുഡീഷ്യൽ പദവിയോടുകൂടെ നിലകൊള്ളുന്ന സംവിധാനമാണ് ബാലാവകാശ സംരക്ഷണ കമ്മിഷൻ. കുട്ടികൾ അനുഭവിച്ചു വരുന്ന വിവിധങ്ങളായ അവകാശ ലംഘനങ്ങളും അതിക്രമങ്ങളും ഇല്ലാതാക്കാനുള്ള വിവിധ പ്രവർത്തനങ്ങളാണ് കമ്മിഷൻ നടത്തി വരുന്നത്. സമൂഹത്തിൽ നില നിൽക്കുന്ന എല്ലാ വിഷയങ്ങളും കുട്ടികളെ കൂടി ബാധിക്കുന്നതാണ്. കാരണം കുട്ടികൾ സമൂഹത്തിൽ നിന്നും വേർപിരിഞ്ഞു നിൽക്കുന്നവരല്ല അതിന്റെ പരിച്ഛേദം കൂടിയാണ്. കുട്ടികൾക്കെതിരായ അതിക്രമങ്ങൾ, ചൂഷണങ്ങൾ, അശാസ്ത്രീയമായ പരിചരണങ്ങൾ ഗാർഹീകാന്തരീക്ഷത്തിൽ രക്ഷിതാക്കളിൽ നിന്നുണ്ടാകുന്ന അതിക്രമങ്ങൾ ഇവയൊക്കെ കുട്ടികളുടെ മാനസിക നിലയെ താളം തെറ്റിക്കുന്ന ഘടകങ്ങളാണ്. ഇത്തരം സന്ദർഭങ്ങൾ ഇല്ലാതാക്കുന്നതിന് ആവശ്യമായ പഠനങ്ങൾ നടത്തുക കമ്മിഷന്റെ പ്രധാനപ്പെട്ട ചുമതലകളിൽ ഒന്നാണ്. കുട്ടികൾക്ക് അനുയോജ്യമായ ഒരു ലോകം ഉണ്ടാക്കിയെടുക്കുക എന്നത് നാം കൈവരിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യങ്ങളിൽ ഒന്നാണ് എന്ന് കമ്മിഷൻ കരുതുന്നു.

കുട്ടിക്കാലത്തുണ്ടാവുന്ന ചില ആഘാതങ്ങൾ ഒരു കുട്ടിയെ ജീവിതകാലം മുഴുവൻ പിൻതുടർന്നുകൊണ്ടേയിരിക്കും. അതു കൊണ്ടു തന്നെ ശാന്തവും സന്തോഷപ്രദവും ആഹ്ളാദകരവുമായ ഒരു അന്തരീക്ഷം കുടുംബത്തിൽ ഉണ്ടാക്കുക എന്നത് അനിവാര്യമായ കാര്യമാണ്. കേരളത്തിലെ 35 കുടുംബക്കോടതികളിൽ 50,000 ത്തിലധികം കേസുകൾ ഓരോ വർഷവും ഫയൽ ചെയ്യുന്നതായിട്ടാണ് മനസിലാക്കുന്നത്. Guardian & Wards Act പ്രകാരമുള്ള Custody അപേക്ഷകളിൽ ഭാര്യയും ഭർത്താവും പരസ്പരം തോൽപ്പിക്കാൻ ശ്രമിക്കുന്നത് കുട്ടികളെ തങ്ങളുടെ കൂടെ നിർത്തുന്നതിനുള്ള ആവശ്യം മുൻനിർത്തിയാണ്. പലപ്പോഴും കുട്ടികൾക്ക് അച്ഛന്റെയും അമ്മയുടെയും സ്നേഹം അവർ ആഗ്രഹിച്ചാൽ പോലും ലഭിക്കാൻ കഴിയാത്ത സാഹചര്യമാണ് ഇത് കൊണ്ട് ഉണ്ടാകുന്നത്. ഇത്തരം കുടുംബങ്ങളിൽ നിന്നും പലപ്പോഴും കോടതി മുമ്പാകെ എത്തുന്ന കുട്ടികൾ അവിടെയുള്ള ആൾക്കൂട്ടത്തിൽ പകച്ച് നിൽക്കുകയും കോടതി നടപടികളിൽ ആശങ്കാകുലരായി പരിഭ്രമിച്ച് നിൽക്കുന്നതും കാണാം. അവരുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് ഒരു പരിഗണനയും നൽകാത്ത രക്ഷിതാക്കളും കുട്ടികളുടെ ആഗ്രഹങ്ങൾ പ്രകടിപ്പിക്കാൻ കഴിയാത്ത സാഹചര്യവും ഗുണപരമല്ല.

കുടുംബ കോടതികളിൽ കൃത്യമായ കൗൺസിലിംങ്ങും മറ്റും കുട്ടികൾക്ക് ലഭിക്കുന്നില്ല എന്നത് ഒരു വസ്തുതയാണ്. ബഹു. ഹൈക്കോടതി തന്നെ ഇക്കാര്യം ചൂണ്ടി കാണിച്ചിരുന്നു. കുട്ടികൾക്ക് വേണ്ടി പ്രത്യേക അഭിഭാഷകർ ഉണ്ടാകുന്നത് നീതി ന്യായ സംവിധാനത്തിന് കുറെ കൂടി ശോഭ നൽകുന്ന ഒന്നായിരിക്കും എന്നാണ് ഞാൻ വിലയിരുത്തുന്നത്. കുടുംബക്കോടതികളിൽ കേസുകളിൽ ഉൾപ്പെടുന്ന കുട്ടികളുടെ മാനസിക സംഘർഷങ്ങളും അവരുടെ പ്രശ്നങ്ങളും പഠന വിധേയമാക്കണം എന്നത് കമ്മിഷന്റെ തീരുമാനമാണ്. അതിനെ അടിസ്ഥാനമാക്കിയാണ് കമ്മീഷന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന JJ, RTE, POCSO എന്നീ സെല്ലുകളിലെ ജീവനക്കാരെ നിയോഗിച്ച് എല്ലാ ജില്ലകളിലും കേസുകളിൽ ഉൾപ്പെടുന്ന കുട്ടികളെ കണ്ടെത്തി ആ കുട്ടികളുമായി നേരിട്ട് സംവദിക്കുകയും അവരുടെ പ്രയാസങ്ങൾ കേൾക്കുകയും അഭിപ്രായങ്ങൾ സ്വരൂപിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഈ പഠനറിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. കമ്മിഷന്റെ ഈ പഠനത്തെ അടിസ്ഥാനമാക്കിയിട്ടുള്ള നിർദ്ദേശങ്ങൾ പ്രാധാന്യത്തോടു കൂടി നടപ്പിലാക്കുകയാണെങ്കിൽ നാം കൈവരിച്ചു കൊണ്ടിരിക്കുന്ന സാമൂഹ്യ മുന്നേറ്റ പ്രക്രിയകളിൽ ഒരു നാഴിക്കല്ല് കൂടിയാകുമെന്ന് കമ്മിഷൻ പ്രതീക്ഷിക്കുന്നു.

**കെ.വി.മനോജ്കുമാർ**
ചെയർപേഴ്സൺ
സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷൻ

# ആമുഖം

ലോകത്തിന്റെ ഏറ്റവും അമൂല്യ സമ്പത്തും ഭാവിയുടെ വാഗ്ദാനങ്ങളുമാണ് കുട്ടികൾ. 18 വയസിൽ താഴെയുള്ള ഏതൊരു വ്യക്തിയെയും കുട്ടിയായി നിയമം കണക്കാക്കുന്നു. ഒരു രാജ്യത്തിന്റെ പുരോഗതിക്കായി നല്ലൊരു തലമുറയെ വാർത്തെടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അതിനായി മാനസികം, ശാരീരികം, സാമൂഹ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ പ്രത്യേക ശ്രദ്ധയും കരുതലും കുട്ടികളുടെ വളർച്ചയ്ക്കായി നൽകേണ്ടത് അനിവാര്യമാണ്.

കുടുംബം എന്നത് കുട്ടികളിൽ സാമൂഹിക അവബോധം നൽകുന്നതിന് അടിസ്ഥാനമായ സുസ്ഥാപിതാചാരമാണ്. മാതാപിതാക്കൾ, സഹോദരങ്ങൾ, ബന്ധുമിത്രാധികൾ എന്നിവരുടെ കൂടിചേരലിലൂടെ സാമൂഹികമായി ഇടപഴകുന്നതിനും അതുവഴി സംസ്ക്കാരം, സ്വഭാവരൂപീകരണം പെരുമാറ്റം മുതലായവ കെട്ടിപ്പടുക്കുന്നതിനുള്ള ഒരു വേദിയാകുന്നതിനോടൊപ്പം സ്നേഹം, വാത്സല്യം, ആശ്വാസം, സഹായം തുടങ്ങിയവയിലൂടെ കുടുംബാംഗങ്ങൾക്ക് പിന്തുണ നൽകുന്ന ഒരു സംവിധാനം കൂടിയാകുന്നു കുടുംബം. മാതാപിതാക്കൾ തമ്മിലുള്ള ബന്ധത്തിലെ പൊരുത്തക്കേടുകൾ കുട്ടികളുടെ മാനസികാരോഗ്യത്തെയും, ആത്മവിശ്വാസത്തെയും, വിദ്യാഭ്യാസത്തെയും ബാധിക്കുന്നതോടൊപ്പം കുട്ടികളിൽ അരക്ഷിതാവസ്ഥ ഉടലെടുക്കുകയും ചെയ്യുന്നു. കൂട്ടുകുടുംബ വ്യവസ്ഥയുടെ തകർച്ച അണുകുടുംബത്തിൻറെ ആവിർഭാവത്തിലേക്ക് നയിക്കുകയും ഭാര്യ-ഭർത്തൃ ബന്ധത്തിലെ പ്രശ്നങ്ങൾ മധ്യസ്ഥത വഹിക്കാൻ ആരുമില്ലാത്ത സാഹചര്യത്തിലേക്ക് വരികയും അതിന്റെ ഫലമായി കുടുംബജീവിതത്തിൽ അസമത്വത്തിന് കാരണമാകുകയും ഈ പൊരുത്തക്കേടുകൾ ദമ്പതികളെ വിവാഹമോചനത്തിലേക്ക് എത്തിക്കുകയും ചെയ്യുന്നു.

ഇന്ത്യയിൽ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് വിവിധനിയമങ്ങളും സ്ഥാപനങ്ങളും സംവിധാനങ്ങളുമുണ്ട്. ദമ്പതികളുടെ വിവാഹമോചന കേസുകളിൽ കുടുംബക്കോടതി ആക്റ്റ്, 1984 പ്രകാരം സ്ഥാപിതമായ കുടുംബകോടതികൾ പ്രധാന പങ്ക് വഹിക്കുന്നു. 2016 -ൽ ഇന്ത്യയിൽ 10 സംസ്ഥാനങ്ങളിലായി (ഉത്തർപ്രദേശ്, മദ്ധ്യപ്രദേശ്, ബീഹാർ, കേരള, രാജസ്ഥാൻ, കർണാടക, മഹാരാഷ്ട്ര, ജാർഖണ്ഡ്, ചത്തീസ്ഗഡ്, തമിഴ്നാട്) 439 കുടുംബകോടതികൾ ആരംഭിച്ചു. ടി വർഷത്തിൽ കേരളത്തിൽ 28 കുടുംബകോടതികൾ പ്രവർത്തനക്ഷമമായി. ഈ കോടതികളിൽ കുടുംബങ്ങളിലെ തർക്കങ്ങൾ പരിഹരിക്കുകയും തർക്കത്തിലുൾപ്പെട്ട കക്ഷികൾക്ക് ഉപദേശങ്ങൾ, കൗൺസിലിംഗ്, അനുരഞ്ജനം, വിവാഹം, കുടുംബപ്രശ്നങ്ങൾ, അനുബന്ധ തർക്കങ്ങൾ, സംരക്ഷണം, രക്ഷാകർതൃത്വം, ദത്തെടുക്കൽ എന്നിവ സംബന്ധിച്ച് വേഗത്തിൽ തീർപ്പുണ്ടാക്കാനാണ് 1984 ലെ കുടുംബക്കോടതി ആക്റ്റിന് രൂപം നൽകിയത്.

വിവാഹമോചന നടപടിക്രമങ്ങളുടെ ഭാഗമായി ജീവിത സാഹചര്യങ്ങളിലുണ്ടായ മാറ്റങ്ങൾക്ക് മൂകസാക്ഷിയായി മാറുകയാണ് ഓരോ കുട്ടിയും. ഒട്ടനവധി നിയമസംവിധാനങ്ങൾ ഉണ്ടായിട്ടും മാതാപിതാക്കളുടെ പരസ്പര ധാരണയില്ലായ്മകൊണ്ട് പ്രതികൂല സാഹചര്യത്തിൽ പെട്ടവരാണ് ഇവർ. കുടുംബക്കോടതികളുടെ പരിസരങ്ങളിൽ കുട്ടികളുടെ ജീവിത സാഹചര്യവും ചുറ്റുപാടും ശിശു സൗഹാർദപരമാക്കുവാൻ ലക്ഷ്യമാക്കി സംസ്ഥാന ബാലവകാശ സംരക്ഷണ കമ്മിഷൻ 2023 നവംബർ 23 ന് ചേർന്ന 5-ാമത് കമ്മിഷന്റെ മൂന്നാമത്തെ യോഗത്തിൽ അജണ്ട ഇനം മൂന്ന് ആയ വിവാഹ ബന്ധത്തിലുള്ള തകർച്ച കാരണം കുട്ടികൾ നേരിടേണ്ടിവരുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് പ്രാഥമിക പഠനം നടത്താൻ തീരുമാനിച്ചു. തുടർന്ന് കമ്മിഷൻ സെല്ലുകളിലെ ഉദ്യോഗസ്ഥരെ തിരുവനന്തപുരം ജില്ലയിൽ പ്രാഥമിക പഠനം നടത്താൻ നിയോഗിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലയിലെ വഞ്ചിയൂർ, നെയ്യാറ്റിൻകര, നെടുമങ്ങാട്, ആറ്റിങ്ങൽ എന്നീ കുടുംബക്കോടതികളിൽ നേരിൽ ചെന്ന് 30 പേരുടെ വിവരശേഖരണവും, കമ്മിഷനിൽ നേരിട്ട് ലഭിച്ച 20 പരാതികളുടെയും വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചും പഠനം നടത്തി. ആയതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ എല്ലാ കുടുംബക്കോടതികളിലും പഠനം നടത്തി.

# വിവാഹമോചന കേസ് ഫയൽ ചെയ്തിട്ടുള്ള മാതാപിതാക്കളുടെ കുട്ടികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ

കുടുംബജീവിതത്തിൽ അപ്രതീക്ഷിതമായി ഉണ്ടാകുന്ന ഒരു സംഭവമാണ് വിവാഹമോചനം അത് ഓരോ കുടുംബങ്ങളെയും വ്യത്യസ്തമായ തലങ്ങളിൽ ബാധിക്കുന്നു. വിവാഹമോചനം അപ്രതീക്ഷിത സംഭവമായതിനാൽ ഇതുമൂലം ഉണ്ടാകുന്ന ഒട്ടനവധി നടപടിക്രമങ്ങളിൽ കുട്ടികൾ കൂടി ഉൾപ്പെടുന്ന സാഹചര്യങ്ങൾ വരുമ്പോൾ പല ഘടകങ്ങളും പരിഗണിക്കപ്പെടേണ്ടതായി വരും. വിവാഹമോചനം നടന്ന കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾ സാമൂഹികവും വിദ്യാഭ്യാസപരവും ആയ ക്രമീകരണങ്ങളിൽ പലരീതിയിലുള്ള ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതായി പഠനങ്ങൾ തെളിയിക്കുന്നു.

## മാനസിക പ്രശ്നങ്ങൾ (Pychological Problems)

1. **മനഃക്ലേശം (Mental Agony).**
   ദുഃഖം, കോപം, ആശയക്കുഴപ്പം, ഉത്കണ്ഠ, ഭയം എന്നിങ്ങനെ നിരവധി പ്രശ്നങ്ങൾ കുട്ടികൾ അനുഭവിക്കുന്നു. അത് അവരിൽ നഷ്ടബോധവും ഒറ്റപ്പെടലും സൃഷ്ടിക്കുകയും പലതരത്തിലുള്ള മാനസിക സംഘർഷങ്ങൾക്ക് കാരണമാകുകയും ചെയ്യുന്നു.

2. **പെരുമാറ്റ വൈകല്യങ്ങൾ (Deviant Behaviour)**
   ചില കുട്ടികൾ കാണിക്കുന്ന അനുസരണ ശീലമില്ലായ്മയും അക്രമവാസനയും ഉപദ്രവവങ്ങൽ ഉണ്ടക്കാറുണ്ട്. മാതാപിതാക്കളുടെ കലഹം പെരുമാറ്റവൈകല്യങ്ങൾ പ്രകടിപ്പിക്കാനുള്ള ഒരു മാർഗ്ഗമായി കുട്ടികൾ ഉപയോഗിക്കുന്നു.

3. **വിഷാദവും ഉത്കണ്ഠയും (Depression and Anxiety)**
   മാതാപിതാക്കൾ വിവാഹമോചിതരാകുന്നത് കുട്ടികളിൽ സമ്മർദ്ദം, വിഷാദം, ഉത്കണ്ഠ തുടങ്ങിയ മാനസികാരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നു. ഇവ അവരുടെ ഭാവി ജീവിതത്തെ ബാധിക്കുന്നു.

4. **വിശ്വാസ്യത നഷ്ടപ്പെടുക (Broken Loyalty)**
   കുട്ടികൾക്ക് മാതാപിതാക്കളോടുള്ള വിശ്വാസത്തിൽ തകർച്ച അനുഭവപ്പെടുകയും മാതാപിതാക്കൾ തമ്മിലുള്ള സംഘർഷത്തിൽ കുട്ടികളെ ഉൾപ്പെടുത്തുന്നത് വഴി അവർക്ക് ആശയക്കുഴപ്പവും അപകർഷതാബോധവും ഉണ്ടാകുന്നു.

5. **വിദ്യാഭ്യാസപരമായ ബുദ്ധിമുട്ടുകൾ (Educational Difficultise)**
   മാതാപിതാക്കളുടെ വിവാഹമോചനത്തിന്റെ അടിസ്ഥാനത്തിൽ കുട്ടിയ്ക്ക് ഉണ്ടാകുന്ന സമ്മർദ്ദവും വൈകാരിക പ്രശ്നങ്ങളും കുട്ടിയുടെ ശ്രദ്ധയെയും പഠനത്തെയും ബാധിക്കുന്നു. ഇതുമൂലം കുട്ടിയുടെ ദൈനംദിന ജീവിതത്തിൽ മാറ്റങ്ങൾ ഉണ്ടാകുകയും അവ അക്കാദമിക് വെല്ലുവിളികൾക്ക് കാരണമാകുകയും ചെയ്യും.

6. **കുറഞ്ഞ ആത്മാഭിമാനം (Poor Self Esteem)**
   മാതാപിതാക്കളുടെ വിവാഹമോചനവുമായി ബന്ധപ്പെട്ട് കുട്ടിയെ മറ്റുള്ളവർ കുറ്റപ്പെടുത്തുന്ന സാഹചര്യത്തിൽ അത് കുട്ടിയിൽ ലജ്ജ ഉണ്ടാക്കുകയും കുട്ടി വളരെയധികം മാനസിക സംഘർഷം നേരിടുകയും ചെയ്യും.

## വൈകാരിക പ്രശ്നങ്ങൾ (Emotional Problems)

മാതാപിതാക്കളുടെ വിവാഹമോചനത്തിന്റെ അനന്തര ഫലമായി കുട്ടികൾക്ക് വിവിധ തരത്തിലുള്ള വൈകാരിക വെല്ലുവിളികൾ നേരിടേണ്ടി വരുന്നു. ഇത് കുട്ടിയുടെ പ്രായം, വ്യക്തിത്വം, സാഹചര്യങ്ങൾ എന്നിവ ആശ്രയിച്ച് വ്യത്യസ്ത രീതികളിൽ പ്രകടമാകുന്നു.

1. **ഉത്കണ്ഠയും ഭയവും (Anxitey and Fear)**
   മാതാപിതാക്കളുടെ വിവാഹമോചനത്തിന്റെ അനന്തരഫലമായി ഉണ്ടാകുന്ന അനിശ്ചിതത്വവും മാറ്റങ്ങളും കുട്ടികളിൽ ഉത്കണ്ഠയ്ക്കും ഭയത്തിനും കാരണമാകുന്നു. ഇത് കുട്ടികളിൽ ഭാവിയെക്കുറിച്ചും ജീവിത ക്രമീകരണങ്ങളുടെ സ്ഥിരതയെക്കുറിച്ചും ആശയക്കുഴപ്പം ഉണ്ടാക്കുന്നു.

2. **ദുഃഖവും കോപവും (Sadness and Anger)**
   മാതാപിതാക്കൾ വേർപിരിയുന്നത് കുട്ടികൾക്ക് പലപ്പോഴും നഷ്ടബോധം ഉണ്ടാക്കുന്നു. കുടുംബ തകർച്ചയ്ക്ക് താനും ഒരു കാരണം ആണ് എന്ന് കുട്ടിയിൽ ഉണ്ടാകുന്ന ചിന്ത അവനിൽ/അവളിൽ കോപവും നീരസവും സൃഷ്ടിക്കുന്നു.

3. **ആശയക്കുഴപ്പം (Confusion)**
   വിവാഹമോചനത്തിനുള്ള കാരണം കുട്ടികളോട് മാതാപിതാക്കൾ വ്യക്തമാക്കിയില്ലെങ്കിൽ കുട്ടികൾ ആശയകുഴപ്പത്തിലൂടെ കടന്നുപോകേണ്ടിവരും.

4. **വിഷാദം (Depression)**
   വിവാഹമോചനത്തിന്റെ ഫലമായി ഉണ്ടാകുന്ന വൈകാരിക പ്രശ്നങ്ങൾ കുട്ടികളിൽ വിഷാദ രോഗത്തിന് കാരണമാകുന്നു.

## ശാരീരിക പ്രശ്നങ്ങൾ (Physical Problems)

മാതാപിതാക്കളുടെ വിവാഹമോചനം കുട്ടികളിൽ ഗുരുതര ആഘാതം സൃഷ്ടിക്കുന്നു. ഇത് മൂലമുണ്ടാകുന്ന സമ്മർദ്ദങ്ങളും മാറ്റങ്ങളും കുട്ടിയിൽ ശാരീരിക പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കും വഴിതെളിക്കും.

1. **വിശപ്പില്ലായ്മ (Loss of Appetite)**
   മാതാപിതാക്കളുടെ വിവാഹമോചനത്തിലൂടെ കുട്ടികളിലുണ്ടാകുന്ന സമ്മർദ്ദം അവരിൽ വിശപ്പില്ലായ്മ, ഭാരക്കുറവ്, ക്ഷീണം എന്നീ ലക്ഷണങ്ങൾ കാണിക്കുന്നു.

2. **ദുർബ്ബലമായ പ്രതിരോധശേഷി (Poor Immunity)**
   മാതാപിതാക്കളുടെ വേർപിരിയൽ കുട്ടികളിൽ നീണ്ടു നിൽക്കുന്ന സമ്മർദ്ദം ഉണ്ടാക്കുന്നു. അതിലൂടെ കുട്ടികളുടെ ജീവിതശൈലിയിൽ മാറ്റം സംഭവിക്കുകയും അവരുടെ രോഗപ്രതിരോധശക്തി കുറയുകയും അനന്തര ഫലമായി കുട്ടികൾക്ക് പെട്ടെന്ന് രോഗങ്ങൾ ബാധിക്കുകയും ചെയ്യുന്നു.

3. **ഉറക്കമില്ലായ്മ (Sleep Disturbances)**
   മാതാപിതാക്കളുടെ ഇടയിലുള്ള അസ്വാരസ്യങ്ങൾ കുട്ടികളിൽ മാനസിക പിരിമുറുക്കം വർദ്ധിപ്പിക്കുകയും കുട്ടികളുടെ ഇടയിൽ ഉറക്കമില്ലായ്മ, മൊബൈലിൻറെ ദുരുപയോഗം, മയക്കുമരുന്നിൻറെ ആസക്തി എന്നിവ ഉണ്ടാക്കുകയും ചെയ്യുന്നു.

4. **വളർച്ച മുരടിക്കൽ (Growth Retardation)**

   മാതാപിതാക്കളുടെ വിവാഹമോചനസമയത്ത് കുട്ടികൾക്ക് ഉണ്ടാകുന്ന കടുത്ത സമ്മർദ്ദം കുട്ടികളുടെ ശാരീരിക-സാമൂഹിക മാനസിക, വൈകാരിക വളർച്ചയെ ബാധിക്കുന്നു. ഇക്കാരണത്താൽ കുട്ടികളുടെ കഴിവുകൾ പ്രകടമാക്കുവാനോ അവ വികസിപ്പിക്കുവാനോ കഴിയാത്ത അവസ്ഥ സംജാതമാകുന്നു.

## സാമൂഹ്യപ്രശ്നങ്ങൾ (Social Problems)

വിവാഹമോചിതരായ മാതാപിതാക്കളുടെ കുടുംബ ഘടനയിലെ മാറ്റങ്ങളുടെയും, അധിക ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിൻറെയും ഫലമായി കുട്ടികൾക്ക് വിവിധ സാമൂഹിക വെല്ലുവിളികൾ നേരിടേണ്ടിവരുന്നു. ഇത്തരം

സാമൂഹിക പ്രശ്നങ്ങൾ സമപ്രായക്കാരുമായും കുടുംബാംഗങ്ങളുമായും മറ്റ് മുതിർന്നവരുമായുമുള്ള കുട്ടികളുടെ ബന്ധങ്ങളെ ബാധിക്കുകയും ചെയ്യുന്നു.

1. **സാമൂഹികമായ ഒറ്റപ്പെടൽ (Social Isolation)**

   മാതാപിതാക്കളുടെ വിവാഹമോചനവും വേർപിരിയലും കുട്ടികളിൽ ഒറ്റപ്പെടലിന്റെയും പിൻവാങ്ങലിന്റെയും സാഹചര്യം സൃഷ്ടിക്കുന്നു. കൂടാതെ കുടുംബത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ അവരുടെ സമപ്രായക്കാരുമായി പങ്കുവെക്കുന്നതിൽ കുട്ടിയ്ക്ക് ആശങ്ക ഉണ്ടാക്കുന്നു.

2. **സമപ്രായക്കാരുമായുള്ള അകൽച്ച (Distance from Peer Groups)**

   മാതാപിതാക്കളുടെ വിവാഹമോചനം കുട്ടികളിൽ സമപ്രായക്കാരുമായി സൗഹൃദം രൂപീകരിക്കുന്നതിനും അത് നിലനിർത്തുന്നതിനും ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു.

3. **കളങ്കപ്പെടുത്തൽ (Stigmatization)**

   മാതാപിതാക്കളുടെ വേർപിരിയലിൽ കുടുംബഘടനയിലുണ്ടാകുന്ന മാറ്റങ്ങൾ കാരണം കുട്ടികൾക്ക് മറ്റുള്ളവരിൽ നിന്ന് തിക്തമായ പ്രതികരണം അനുഭവിക്കേണ്ടിവരുന്നു. ഇത് കുട്ടികളിൽ വിവാഹത്തോടും കുടുംബ ജീവിതത്തിനോടുള്ള മിഥ്യാധാരണകൾക്ക് വഴിതെളിക്കുകയും കുടുംബജീവിതത്തിനോട് പൂർണ്ണ വിരക്തി തോന്നുകയും ചെയ്യുന്നു.

4. **ആശയവിനിമയ ബുദ്ധിമുട്ടുകൾ (Communication Difficulties)**

   കുട്ടിക്ക് അവരുടെ വികാരങ്ങൾ പ്രകടിപ്പിക്കുന്നതിനും സുഹൃത്തുക്കളുമായി ആശയവിനിമയം നടത്തുന്നതിനും അവരുടെ കുടുംബ സാഹചര്യങ്ങളെക്കുറിച്ച് തുറന്ന് സംസാരിക്കുന്നതിനും പ്രയാസം നേരിടുന്നു. ഭാവിയിൽ ഇത് കുട്ടിക്ക് ഭയത്തിനും സാമൂഹിക ബന്ധങ്ങളിൽ നിന്നുള്ള പിൻവാങ്ങലിനും മാതാപിതാക്കളോടുള്ള അവിശ്വസ്തതയ്ക്കും വഴി തെളിക്കുന്നു.

## സാമ്പത്തിക പ്രശ്നങ്ങൾ (Finacial Problems)

മാതാപിതാക്കളുടെ വേർപിരിയലിന്റെ ഫലമായി കുട്ടികൾ സാമ്പത്തികമായി ഒട്ടനവധി വെല്ലുവിളികളും തടസ്സങ്ങളും നേരിടേണ്ടിവരുന്നു.

1. **അവകാശ നിഷേധം (Violation of Rights)**

   സാമ്പത്തിക വെല്ലുവിളികൾ കുട്ടിയുടെ ദൈനംദിന ജീവിതത്തെയും വിദ്യാഭ്യാസത്തെയും പാഠ്യേതര പ്രവർത്തനങ്ങളെയും ബാധിക്കുന്നു. ഇത് കുട്ടിയുടെ സമഗ്രവികാസത്തെയും കഴിവുകളെയും നിരുത്സാഹപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നു.

2. **അവഗണിക്കപ്പെടുന്ന ക്ഷേമം (Neglected Welfare)**

   കുടുംബത്തിന്റെ ഭാരിച്ച സാമ്പത്തിക ഉത്തരവാദിത്വങ്ങൾ കുട്ടിയുടെ ജീവിത നിലവാരത്തെ ബാധിക്കുന്നു. വേർപിരിയാൻ പോകുന്ന മാതാപിതാക്കൾ കുട്ടികളുടെ ക്ഷേമമല്ല നോക്കുന്നത് മറിച്ച്, കുട്ടികളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ പരസ്പരം തർക്കങ്ങളിൽ ഏർപ്പെടുകയും കുട്ടികൾ ഒരു ബാധ്യതയായി മാറുകയും ചെയ്യുന്നു.

## നിയമപരമായ പ്രശ്നങ്ങൾ (Legal Problems)

വിവാഹമോചിതരായ മാതാപിതാക്കളുടെ കുട്ടികളുടെ കസ്റ്റഡിയുമായി ബന്ധപ്പെട്ട് വിവിധ നിയമ പ്രശ്നങ്ങളും വെല്ലുവിളികളും മാതാപിതാക്കൾക്ക് നേരിടേണ്ടിവരുന്നു. ഇത്തരം പ്രശ്നങ്ങൾ അവരുടെ ക്ഷേമത്തെയും ജീവിതനിലവാരത്തെയും ബാധിക്കുന്നു.

1. **കസ്റ്റഡി തർക്കങ്ങൾ (Custody Disputes)**

   കുട്ടികളുടെ കസ്റ്റഡി സംബന്ധിച്ച് മാതാപിതാക്കൾ തമ്മിലുള്ള തർക്കങ്ങളുടെ കേന്ദ്രമായി കുട്ടികൾ മാറുന്നു. ആരുടെ കൂടെയാണ് ജീവിക്കേണ്ടത് എന്നതിനെക്കുറിച്ചുള്ള സമ്മർദ്ദത്തിന് കുട്ടികൾ ഇരകളാക്കപ്പെടുകയും ചെയ്യുന്നു.

2. **മാതാപിതാക്കളുടെ അകൽച്ച (Parental Distance)**

കുട്ടികൾക്ക് ചില സന്ദർഭങ്ങളിൽ മാതാപിതാക്കളുടെ പ്രേരണ കാരണം മാതാവ്/പിതാവ് എന്നിവരിൽ നിന്നും വേർപിരിഞ്ഞ് ജീവിക്കുന്നതിനുള്ള സാധ്യത ഏറെയാണ്. ഈ സാഹചര്യം കുട്ടികളിൽ വൈകാരിക വെല്ലുവിളികൾ സൃഷ്ടിക്കുന്നതിന് കാരണമാകുകയും പിന്നീട് മാതാപിതാക്കളോട് അമർഷം ഉണ്ടാകുകയും ചെയ്യുന്നു.

3. **ബാലസൗഹൃദമല്ലാത്ത കോടതി അന്തരീക്ഷം (Lack of child friendly atmosphere in Court)**

1984 ലെ ഫാമിലി കോർട്ട്സ് ആക്റ്റ് പ്രകാരം രൂപീകൃതമായ കുടുംബകോടതികൾ പലതും ശിശു സൗഹാർദ്ദപരമല്ല. ആയതിനാൽ  കുട്ടികൾ ഒട്ടനവധി ശാരീരിക-മാനസിക-സാമൂഹിക ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരുന്നു.

4. **സ്ഥലമാറ്റ പ്രശ്നങ്ങൾ (Impact in change of Residence)**

കുട്ടികളുടെ സംരക്ഷണം ലഭിച്ച മാതാവ് / പിതാവ് വ്യക്തിപരമോ-ജോലിസംബന്ധമായോ മറ്റൊരു സ്ഥലത്തേക്ക് മാറി താമസിക്കേണ്ടിവരുമ്പോൾ കുട്ടികളെ സന്ദർശിക്കുന്നതിന് രണ്ടുപേർക്കും വിവിധങ്ങളായ ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരുന്നു. മാതാപിതാക്കളുടെ സാമിപ്യം നിഷേധിക്കപ്പെടുമ്പോൾ അത് കുട്ടികളുടെ ഉത്തമതാൽപര്യത്തെ ഹനിക്കുകയും മാതാപിതാക്കളിൽ നിന്നും ലഭിക്കേണ്ട സ്നേഹത്തിൻറെയും പരിലാളനകളുടെയും അളവുകോലുകൾക്ക് കോട്ടം സംഭവിക്കുകയും ചെയ്യുന്നു.

5. **കസ്റ്റഡി ഉത്തരവുകളുടെ സമ്മർദ്ദം (Pressure of Custody Orders).-**

കുട്ടികളെ കസ്റ്റഡിയിൽ നൽകുമ്പോൾ കോടതി ഉത്തരവിൽ നിഷ്കർഷിക്കുന്ന ദിവസങ്ങളിൽ മാത്രമേ അച്ഛനെയോ/അമ്മയെയോ കാണുവാനും സമയം ചെലവഴിക്കുവാനും കുട്ടികൾക്ക് സാധിക്കുകയുള്ളൂ. ഈ രീതിയിലുള്ള സമ്മർദ്ദങ്ങൾ, മാതാപിതാക്കളോടൊപ്പം ജീവിക്കണമെന്ന് ആഗ്രഹിക്കുന്ന കുട്ടികളിൽ മാനസിക-ശാരീരിക-സാമൂഹിക പ്രശ്നങ്ങൾ ഉളവാക്കുന്നു.

## പൂർവ്വ പഠനാവലോകനങ്ങൾ  (Review of Literature)

### വിവാഹമോചനവും കുട്ടികൾ നേരിടുന്ന പ്രശ്നങ്ങളും

വിവാഹമോചനത്തിലൂടെ അപ്രതീക്ഷിതമായി ഉണ്ടാകുന്ന മാതാപിതാക്കളുടെ വേർപിരിയൽ കാരണം കുട്ടികൾ പലവിധ പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്നു. മാനസിക സംഘർഷം, വൈകാരിക സമ്മർദ്ദം, അവഗണനയുടെ വേദന, ഒറ്റപ്പെടൽ, ദുഖം, കോപം, ആശയകുഴപ്പം, ഭാവിയെക്കുറിച്ചുള്ള ചിന്ത, ഭയം, പഠനത്തിൽ താൽപര്യക്കുറവ് തുടങ്ങിയവ കുട്ടികൾ അഭിമുഖീകരിക്കുന്നു. കൂടാതെ കുട്ടികളുടെ സാമൂഹികവും, മാനസികവുമായ പുരോഗതിയെ ദോഷകരമായി ബാധിക്കുന്നു.

വിവാഹമോചന സമയത്തും അതിനുശേഷവും മാതാപിതാക്കളും കുട്ടികളും തമ്മിലുള്ള ബന്ധത്തിൽ പല മാറ്റങ്ങളും സംഭവിക്കുന്നു.  ഒരുമിച്ച് ചെലവഴിക്കപ്പെടുന്ന സമയം, പരസ്പര അടുപ്പത്തിന്റെയും ഊഷ്മളതയുടെയും അളവ് എന്നിവ കുറയുന്നത് ഇരുവരും തമ്മിലുള്ള ബന്ധത്തെ ബാധിക്കും. വിവാഹമോചനത്തിന് ശേഷം മാതാപിതാക്കൾ തങ്ങളുടെ കുട്ടികളുമായുള്ള ബന്ധത്തിൽ സമ്മർദ്ദം ചെലുത്തുന്നു. വിവാഹമോചനത്തിനുശേഷം നിരസിക്കപ്പെടുന്ന ഒരു ഘടകമാണ് ഫലപ്രദമല്ലാത്ത രക്ഷാകർതൃത്വം; മാതാപിതാക്കൾ ഏകാന്തതയിലോ കൂടുതൽ സാമ്പത്തിക ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കേണ്ട അവസ്ഥയിലോ ആയിരിക്കും. ഫലപ്രദമല്ലാത്ത അച്ചടക്കം, സഹാനുഭൂതിയുടെയും പോഷണത്തിന്റെയും അഭാവം എന്നിവ സംഘർഷഭരിതമായ സാഹചര്യങ്ങളെ ചെറുക്കുന്നതിനുള്ള കുട്ടികളുടെ സാമൂഹിക കഴിവ് കുറയുന്നതിന് കാരണമാകും.

വിവാഹമോചനം ഒരു പ്രധാന ജീവിത സമ്മർദ്ദമാണ്. ഇതിനെ പരിവർത്തന കാലഘട്ടമായി

വിശേഷിപ്പിക്കാം. ഇത് ദൈർഘ്യമേറിയതും സമ്മർദ്ദപൂരിതവുമായ ഒരു പ്രക്രിയയാണ്; പലപ്പോഴും കുട്ടികളുടെ ദീർഘകാല വൈകാരികവും മാനസികവുമായ നാശത്തിന് കാരണമാകുന്നു, കൂടാതെ, പെരുമാറ്റത്തിൽ കാര്യമായ സ്വാധീനം ചെലുത്തുന്നു. വിവാഹമോചിതരായ കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾക്കിടയിൽ തെറ്റായ പെരുമാറ്റം കൂടുതലാണ്.

പഠനപ്രക്രിയയിൽ സ്വതന്ത്രമായി പങ്കെടുക്കുവാനുള്ള കുട്ടിയുടെ കഴിവിനെ മാതാപിതാക്കളുടെ വിവാഹമോചനം തടസ്സപ്പെടുത്തിയേക്കാം. അക്കാദമിക് നേട്ടത്തിലെ ഇടിവ്, ഏൽപ്പിക്കപ്പെടുന്ന ജോലിയിൽ കുറഞ്ഞ സമയം ചെലവഴിക്കൽ, ശ്രദ്ധ കേന്ദ്രീകരിക്കുവാനുള്ള കഴിവില്ലായ്മ, ശ്രദ്ധക്കുറവ് എന്നിവ ഇതിന് തെളിവാണ്. വിവാഹമോചനത്തിനുശേഷം ഉണ്ടാകുന്ന - കുട്ടിയുടെ രക്ഷിതാവുമായുള്ള പരിമിതമായ ബന്ധം, കുട്ടികളെ വളർത്തുന്ന രീതികൾ, വേർപിരിയലിനുശേഷമുള്ള പരിപാലക രക്ഷിതാവിന്റെ ക്രമീകരണങ്ങൾ തുടങ്ങിയ- വ്യവസ്ഥാപിതമായ മാറ്റങ്ങളോടും ക്രമീകരണങ്ങളോടും പൊരുത്തപ്പെടാനുള്ള കുട്ടിയുടെ പ്രയത്നത്തിൽ വീട്ടിലും സ്കൂളിലും പെരുമാറ്റപ്രശ്നങ്ങൾ കാണിക്കും.

വിവാഹത്തിനെ അടിസ്ഥാനമാക്കിയാണ് പുതിയ ബന്ധങ്ങളും കുടുംബവും രൂപപ്പെടുന്നതെന്ന് കുടുംബകോടതികളിൽ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി നടത്തിയ പഠനത്തിൽ പ്രതിപാദിച്ചിരിക്കുന്നു. കുടുംബം എന്ന ആശയം പരമ്പരാഗത വീക്ഷണത്തിൽ നിന്നും സമൂലമായ മാറ്റത്തിന് വിധേയമായി അണുകുടുംബം എന്ന ആശയം ഉയർന്നു വന്നിരിക്കുന്നു. ഈ മാറ്റങ്ങളും മറ്റ് ചില ഘടകങ്ങളും കാരണം കുടുംബത്തിലെ പ്രശ്നങ്ങളും വർദ്ധിക്കുന്നു. ഇന്ന് കുടുംബ കോടതികളിൽ ഫയൽ ചെയ്യുന്ന കേസുകൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കുടുംബ ജീവിതത്തിലെ പൊരുത്തക്കേടുകൾ കുട്ടികളുടെ വളർച്ചയെ തടസ്സപ്പെടുത്തുന്നു. കുടുംബകോടതിയുടെ സ്ഥാപനം, അധികാരപരിധി, നടപടിക്രമം, കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ നേരിടുന്ന വെല്ലുവിളികൾ എന്നിവ ഈ പഠനത്തിൽ വിശകലനം ചെയ്യുകയും അതിനോടനുബന്ധിച്ച ശുപാർശകൾ ഈ പഠനത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്

വിവാഹമോചനത്തിനായി എത്തപ്പെടുന്ന ദരിദ്രരും നിർദ്ധനരുമായവർക്ക് വളരെ പെട്ടെന്ന് സമീപിക്കാവുന്ന സൗകര്യങ്ങളാണ് കുടുംബകോടതികൾ വാഗ്ദാനം ചെയ്യുന്നത്. വിവാഹവും, കുടുംബ കാര്യങ്ങളുമായി ബന്ധപ്പെട്ട തർക്കങ്ങളുടെ വേഗത്തിലുള്ള അനുരഞ്ജനവും തുടർ നടപടിക്രമങ്ങളുമാണ് കോടതി ലക്ഷ്യം വയ്ക്കുന്നത്. കോടതികളിൽ വിവാഹമോചനത്തിനായി ഫയൽ ചെയ്യപ്പെടുന്ന കേസുകളിൽ വൻതോതിൽ കെട്ടികിടക്കുന്ന കേസുകളുമായി ബന്ധപ്പെട്ടും, കുടുംബകോടതി ജഡ്ജിമാരുടെ നിയമനങ്ങൾ, പിന്തുണ സേവനങ്ങൾ, അവർക്കുള്ള പരിശീലനങ്ങൾ എന്നിവ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി ഉണ്ടാക്കുന്ന അപര്യാപ്തത സംബന്ധിച്ചുമാണ് കുടുംബകോടതി വാരണാസി നടത്തിയ കേസ് സ്റ്റഡി വിശദമാക്കുന്നത്. ഈ പഠനത്തിൽ കുടുംബകോടതികളിലുള്ള നയപരമായ ഇടപെടലുകളിലുള്ള പ്രശ്നങ്ങൾ ഉയർത്തികാട്ടാൻ ശ്രമിക്കുന്നു. മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ, സർക്കാരിതര സംഘടനകളുടെ പങ്കാളിത്തം, നിയമപരമായ ഇടപെടൽ, സഹായം എന്നിവയുടെ വിലയിരുത്തൽ അനിവാര്യമാണ്. ഈ പഠനത്തിൽ വിവാഹബന്ധത്തിന്റെ കാലാവധി, കുട്ടികളുടെ എണ്ണം, വൈവാഹിക പ്രശ്നങ്ങൾ, കേസിൽ കോടതിയിൽ വരുന്ന കാലതാമസം, കേസുകളുടെ ഇപ്പോഴത്തെ അവസ്ഥ, തീർപ്പാക്കാത്ത കേസിന്റെ കാരണങ്ങൾ, അതിജീവിതരായ സ്ത്രീകൾക്കുള്ള പരിപാലനം, പരിപാലന പേമെൻറ്, കേസിന് അനുബന്ധമായി നേരിടുന്ന പ്രശ്നങ്ങൾ, എത്ര തവണ സിറ്റിങ്ങുകൾ ഉണ്ടായിരുന്നു, സ്ത്രീകൾക്കായി പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾ, സാമ്പത്തിക പ്രശ്നങ്ങൾ തുടങ്ങിയ വിവരങ്ങളും ഉൾപ്പെടുത്തിയുള്ള കേസ് സ്റ്റഡി എന്നിവ ഉൾപ്പെടുത്തിയുള്ള വിശദമായ പഠനമാണിത്.

വിവാഹമോചന കേസുകളിൽ ഉൾപ്പെട്ട കുട്ടികളുടെ കസ്റ്റഡി രക്ഷാകർതൃത്വം, ഇടക്കാല കസ്റ്റഡി/ സന്ദർശനം എന്നീ വിഷയങ്ങളെ ഉൾപ്പെടുത്തിയാണ് ഈ പഠനം. കൂടാതെ കോടതിയുടെ വിവിധ വിധി സഹായങ്ങൾ, കുട്ടിയുടെ മുത്തശ്ശി, മുത്തച്ഛൻ എന്നിവർക്കുള്ള സന്ദർശന അവകാശം കേരള ഹൈക്കോടതിയുടെ വിധിന്യായം, കസ്റ്റഡി/ഗാർഡിയൻഷിപ്പ്, ഇൻററിം കസ്റ്റഡി/ സന്ദർശനാവകാശം, Shared Custody തുടങ്ങിയവ കൂടാതെ കുട്ടികളുടെ കേസുകൾ കൈകാര്യം ചെയ്യുന്ന കോടതികളുടെ

വിധിന്യായത്തിന്റെ വിലയിരുത്തലുകൾ, പ്രധാനവിധിന്യായങ്ങൾ, അമ്മയ്ക്ക് കുട്ടിയുടെ പൂർണ്ണ കസ്റ്റഡി, അച്ഛന് കുട്ടിയുടെ പൂർണ്ണ കസ്റ്റഡി, Shared Custody, Joint Parenting Plan തുടങ്ങിയ വിശദാംശങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

കുടുംബകോടതി മുമ്പാകെ വന്നിട്ടുള്ള പരാതികളുടെ വിശകലനത്തിൻറെ ഭാഗമായി Alimony & മെയ്ന്റനൻസ്, ഡിവോഴ്സ്, കസ്റ്റഡി ഓഫ് ചിൽഡ്രൻ & വിസിറ്റേഷൻ റൈറ്റ്സ്, അഡോപ്ഷൻ, കുടുംബകോടതിയുടെ കടമകളും ഉത്തരവാദിത്വങ്ങളും, പ്രധാനപ്പെട്ട വിധിന്യായങ്ങൾ തുടങ്ങിയ വിശദാംശങ്ങൾ ഉൾപ്പെടുത്തിയ പുസ്തകം.

**കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ അധ്യാപകരുടെ പങ്ക്**

മാതാപിതാക്കൾ തമ്മിലുള്ള കലഹത്തിന്റെയോ വിവാഹമോചനത്തിന്റെയോ ഭാഗമായി ഒരു വിദ്യാർത്ഥി സ്കൂളിൽ പ്രകടമാക്കിയേക്കാവുന്ന ചില നിഷേധാത്മകമായ പെരുമാറ്റങ്ങൾ മനസ്സിലാക്കി അവരുടെ വിദ്യാഭ്യാസം തുടരാൻ സഹായിക്കുന്നതിൽ സ്കൂൾ അധ്യാപകർക്കും കൗൺസിലറിനും പ്രധാന പങ്കുവഹിക്കാൻ സാധിക്കും. കുടുംബ കലഹം വേദനാജനകമാണെങ്കിലും ഒരു കുട്ടിയെ ക്രമേണ യാഥാർത്ഥ്യത്തിന്റെ സ്വീകാര്യതയിലേക്ക് കൊണ്ടുവരിക എന്നതാണ് കുട്ടികളുമായുള്ള ഇത്തരം ഇടപെടലുകളുടെ ലക്ഷ്യം. ഈ പൊരുത്തപ്പെടൽ, കുട്ടിയും മാതാപിതാക്കളുടെ പ്രശ്നങ്ങളും തമ്മിൽ മാനസിക അകലം പാലിക്കാൻ അവരെ സഹായിക്കും. സ്വതസിദ്ധമോ ആസൂത്രിതമോ ആയ ഇത്തരം ഇടപെടലുകൾ എപ്പോൾ വേണമെങ്കിലും (ക്ലാസ്സ് സമയത്ത്, വിശ്രമവേളയിൽ, ക്ലാസ്സിനുശേഷം, ഫോണിലൂടെ) സ്കൂൾ കൗൺസിലർക്കോ ടീച്ചർക്കോ നടത്താവുന്നതാണ്.

**വിവാഹമോചനത്തിന്റെ അനന്തരഫലങ്ങൾ**

ഓരോ വർഷവും ഒരു ദശലക്ഷം കുടുംബങ്ങൾ വിവാഹമോചന പ്രക്രിയയെ നേരിടേണ്ടതായി വരുന്നു. (Martin et al, 2004). താഴ്ന്ന വരുമാനത്തിൽ നിന്ന് വരുന്ന കുടുംബങ്ങളിൽ വിവാഹമോചനത്തിനുള്ള സാധ്യത കൂടുതലാണ്, ഇത് കുടുംബങ്ങൾക്ക് താഴ്ന്ന ജീവിത നിലവാരം കൈവരിക്കുന്നതിന് കാരണമാകുന്നു (Emery, 2004). കുറഞ്ഞ വരുമാനം കാരണം താഴ്ന്ന ജീവിത നിലവാരമുള്ള കുട്ടികൾക്ക് സ്കൂൾ മാറേണ്ടി വന്നേക്കാം, രക്ഷിതാവിന് കൂടുതൽ സമയം ജോലി ചെയ്യേണ്ടി വന്നേക്കാം, മുതിർന്ന കുട്ടികൾക്ക് സാമ്പത്തിക വിഷയങ്ങളിൽ അവരുടെ മാതാപിതാക്കളുമായി വഴക്കിടേണ്ടി വന്നേക്കാം. മാതാപിതാക്കളുടെ വിവാഹമോചനത്തിനുശേഷം കുട്ടികൾ അഭിമുഖീകരിക്കുന്ന ആശങ്കകളാണിത്. ഇത് കൗമാരക്കാരിൽ കൂടുതൽ സമ്മർദ്ദവും ഉത്കണ്ഠയും വികാരങ്ങളും കൂട്ടിച്ചേർത്തേക്കാം.

ബൗൾബി, 1969-ൽ അറ്റാച്ച്മെന്റിന്റെ ഒരു സിദ്ധാന്തം സൃഷ്ടിച്ചു, ഒപ്പം അറ്റാച്ച് മെന്റിനെ മാതാപിതാക്കളും കുട്ടികളും തമ്മിലുള്ള ബന്ധമായി നിർവചിച്ചു. ഈ അറ്റാച്ച്മെൻറ് കുട്ടിക്ക് എങ്ങനെ ഒരു ബന്ധം രൂപീകരിക്കാമെന്നും വിവിധ ജീവിതാനുഭവങ്ങളുമായി പൊരുത്തപ്പെടാമെന്നും ഒരു ആശയം നൽകുന്നു. (ഹൈൻസ്, 2007). മുതിർന്നവരുടെ സൗഹൃദങ്ങളോ പ്രണയബന്ധങ്ങളോ മാതാപിതാക്കളിൽ നിന്നോ ?കെയർഗിവർമാരുടെ? ഉദാഹരണങ്ങളിൽ നിന്നോ വികസിക്കുന്നുവെന്ന് സിദ്ധാന്തം അനുമാനിക്കുന്നു. ഇവ നേരത്തെ രൂപപ്പെട്ടതിനാൽ, മാതാപിതാക്കളുടെ വിവാഹമോചനമോ വേർപിരിയലോ കുട്ടിക്ക് പിന്നീടുള്ള ജീവിതത്തിലെ ബന്ധങ്ങളിൽ പ്രശ്നങ്ങൾ ഉണ്ടാകാൻ ഇടയാക്കും (Carranza et al,2009).

## ഗവേഷണ രീതി

കുടുംബത്തിലെ എല്ലാ അംഗങ്ങളെയും സാരമായി ബാധിക്കുന്ന സങ്കീർണവും വൈകാരിവുമായ ഒരു പ്രശ്നമാണ് മാതാപിതാക്കളുടെ വേർപിരിയൽ. മാതാപിതാക്കൾ വീടുകളിൽ തർക്കങ്ങൾ ആരംഭിക്കുന്നത് മുതൽ കുട്ടികളുടെ മാനസികം, വൈകാരികം, സാമൂഹികം, വിദ്യാഭ്യാസം എന്നീ തലങ്ങളിൽ ആഘാതം കണ്ടുവരുന്നു. മാതാപിതാക്കളുടെ വിവാഹമോചന തീരുമാനം കുട്ടികളിൽ വൈകാരികക്ലേശം, അനിശ്ചിതത്വം എന്നിവയിലേക്ക് വഴിതെളിക്കുന്നു. കുട്ടികളുടെ വളർച്ചയ്ക്കും വികാസത്തിനും വിഘാതമായി നിൽക്കുന്ന ഒന്നാണ് മാതാപിതാക്കളുടെ വേർപിരിയൽ. കുടുംബത്തിൽ

ഐക്യവും സമാധാനവും ഇഷ്ടപ്പെടുന്നവരും, മാതാപിതാക്കളുടെ സ്നേഹത്തിലും തണലിലും സംരക്ഷണത്തിലും സന്തോഷം നിറഞ്ഞ ചുറ്റുപാടിലും വളർന്നുവരുവാൻ ആഗ്രഹിക്കുന്നവരുമാണ് കുട്ടികൾ.

മാതാപിതാക്കൾ തമ്മിൽ ചെറിയ കാര്യങ്ങളിൽ തുടങ്ങുന്ന അഭിപ്രായ വ്യത്യാസങ്ങൾ ഭിന്നതയിലേയ്ക്കും തുടർന്ന് വേർപിരിയലിലേക്കും എത്തുന്നു. ഇതിനെല്ലാം മൂകസാക്ഷികളായി നിൽക്കുന്നത് കുട്ടികളാണ്. മാതാപിതാക്കളുടെ വേർപിരിയൽ വിവാഹമോചന കേസുകളായി കുടുംബകോടതികളിലേയ്ക്ക് എത്തിച്ചേരുമ്പോൾ കുട്ടികളുടെ ദൈനംദിന ജീവിതത്തിൻറെ സന്തുലിതാവസ്ഥയ്ക്ക് മാറ്റം വരുന്നതിന് കാരണമാകുന്നു. മാതാപിതാക്കളുടെ തർക്കങ്ങൾക്കും വേർപിരിയലിനും സാക്ഷിയാകുന്ന കുട്ടികളുടെ മനസിൽ ഇത് മായാത്ത മുറിവ് ഏൽപ്പിക്കുകയും സുരക്ഷിതത്വ ബോധത്തെ ബാധിക്കുകയും ചെയ്യുന്നു. വിവാഹമോചനത്തിൻറെ ഭാഗമായി കുട്ടികളിൽ ഉണ്ടാകുന്ന പെരുമാറ്റവ്യതിയാനം അവരുടെ പഠനത്തെ ബാധിക്കുന്നതായും ജീവിത ക്രമീകരണങ്ങളിലെ പ്രായോഗിക മാറ്റങ്ങൾ അഭിമുഖീകരിക്കുന്നതിൽ അവർക്ക് ബുദ്ധിമുട്ടുകൾ നേരിടുന്നതായും കണ്ടുവരുന്നു.

കോടതി നടപടിക്രമങ്ങളുടെ ഭാഗമായി ദീർഘനേരം കോടതികളിൽ കാത്തിരിക്കുക, തുടർച്ചയായി കോടതിയിൽ പോകുക, ശിശു സൗഹൃദമല്ലാത്ത അന്തരീക്ഷത്തിൽ സമയം ചെലവഴിക്കുക, കോടതിയിൽ പോകുന്ന ദിവസങ്ങളിലെ പഠനം മുടങ്ങുക എന്നിവ കുട്ടികളിലെ മാനസിക സംഘർഷം വർദ്ധിപ്പിക്കുന്നു. വേർപിരിഞ്ഞ മാതാപിതാക്കളെ ഒരുമിച്ച് കാണുകയും എന്നാൽ കൂടുതൽ സമയം അവരോടൊത്ത് ചെലവഴിക്കാൻ സാധിക്കാതെവരികയും ചെയ്യുന്നത് കുട്ടികളിൽ ദുഃഖവും നഷ്ടബോധവും സൃഷ്ടിക്കുന്നു. വിവാഹമോചനം എന്ന തീരുമാനത്തിൻറെ പേരിൽ സ്വന്തം അച്ഛൻറെയോ അമ്മയുടെയോ കൂടപ്പിറപ്പുകളുടെയോ സ്നേഹവും സാമീപ്യവും നഷ്ടപ്പെട്ട് ജീവിതത്തിൽ സംഘർഷഭരിതമായ ചുറ്റുപാടിലൂടെ കടന്നുപോകേണ്ട ഒറ്റപ്പെട്ട സാഹചര്യമാണ് ഇങ്ങനെയുള്ള പല കുട്ടികളുടെയും ബാല്യം.

## പഠന വിഷയം

"കേരളത്തിൽ വിവാഹമോചന കേസ് ഫയൽ ചെയ്തിട്ടുള്ള മാതാപിതാക്കളുടെ കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും കുടുംബകോടതി സാഹചര്യങ്ങളും"

### പ്രശ്നത്തിന്റെ വിവരണം

കേരളത്തിൽ വിവാഹമോചന കേസ് ഫയൽ ചെയ്തിട്ടുള്ള മാതാപിതാക്കളുടെ കുട്ടികൾ പലതരത്തിലുള്ള ശാരീരിക, മാനസിക, സാമൂഹിക, സാമ്പത്തിക തലങ്ങളിൽ പ്രശ്നങ്ങൾ നേരിടുന്നു. ഇത് കുട്ടികളുടെ ദൈനംദിന ജീവിതത്തെയും പഠനത്തെയും വ്യക്തിത്വ വികാസത്തെയും സാരമായി ബാധിക്കുന്നു.

### പഠനത്തിന്റെ പ്രസക്തി

കുട്ടികളുടെ മാനസികവും വൈകാരികവും സാമൂഹികവും, സാമ്പത്തികവും, വിദ്യാഭ്യാസപരവുമായി ദീർഘനാളായി നിലനിൽക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചും കുട്ടികൾ നേരിടുന്ന ആഘാതങ്ങൾ ലഘൂകരിക്കുന്ന തിനുള്ള സഹായ സംവിധാനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതും ഈ പഠനം നിർണ്ണായകമാണ്. കുട്ടികളുടെ അഭിപ്രായങ്ങളും ചിന്തകളും ആശങ്കകളും വികാരങ്ങളും പ്രതിസന്ധികളും തുറന്നു പറയുവാനും കുട്ടികൾക്ക് മാനസിക പിന്തുണ നൽകുന്നതിനായുള്ള കൗൺസിലിംഗ് സംവിധാനം സജ്ജീകരിക്കുന്നതിനും കുട്ടിയുടെ ഉത്തമ താല്പര്യത്തിന് മുൻതൂക്കം നൽകിക്കൊണ്ട് നയപരവും നിയമപരവുമായ തീരുമാനങ്ങൾ സ്വീകരിക്കുന്നതിനും കുടുംബ കോടതികളിൽ ബാലസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും വേണ്ടിയാണ് ഈ പഠനം നടത്തുന്നത്.

### പഠനത്തിൻറെ ഉദ്ദേശ്യം

വിവാഹമോചന കേസ് ഫയൽ ചെയ്തിട്ടുള്ള മാതാപിതാക്കളുടെ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുക.

**നിർദ്ദിഷ്ട ഉദ്ദേശ്യങ്ങൾ**

1) മാതാപിതാക്കൾ വിവാഹമോചനം നേടുന്നതിലൂടെ കുട്ടികൾ അഭിമുഖീകരിക്കുന്ന

   1. വൈകാരിക മാറ്റങ്ങൾ
   2. ആശയക്കുഴപ്പം
   3. ഉത്കണ്ഠ
   4. സമ്മർദ്ദം
   5. അരക്ഷിതാവസ്ഥ തുടങ്ങിയ പ്രശ്നങ്ങളെക്കുറിച്ചും മാനസിക ആഘാതത്തെക്കുറിച്ചും പഠിക്കുന്നതിന്

2) കുട്ടികൾ അഭിമുഖീകരിക്കുന്ന വൈകാരിക വെല്ലുവിളികളും പെരുമാറ്റ വ്യതിയാനങ്ങളും, ശാരീരിക പ്രയാസങ്ങളും, തിരിച്ചറിയുന്നതിന് വിശകലനം ചെയ്യുന്നതിന്

3) കുട്ടികൾ അനുഭവിക്കുന്ന വിദ്യാഭ്യാസപരമായ ബുദ്ധിമുട്ടുകൾ തിരിച്ചറിയുന്നതിന്

4) കുട്ടികൾ നേരിടുന്ന സാമൂഹിക ബുദ്ധിമുട്ടുകൾ (ഒറ്റപ്പെടൽ, വിവേചനം, അനാദരവ്, സമപ്രായക്കാരുമായിട്ടുള്ള അനാരോഗ്യകരമായുള്ള ബന്ധം) മനസ്സിലാക്കുന്നതിന്

5) കുട്ടികളുടെ സംരക്ഷണത്തിനായുള്ള മാതാപിതാക്കളുടെ പങ്ക് വിലയിരുത്തുന്നതിന്

6) കുട്ടികൾ നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് രക്ഷകർത്താവിൻറെ പങ്ക് പരിശോധിക്കുന്നതിന്

7) കുട്ടികൾ നേരിടുന്ന പ്രയാസങ്ങൾ ലഘൂകരിക്കുന്നതിന് ലഭ്യമായ സേവനങ്ങൾ/ ഇടപെടലുകൾ മനസ്സിലാക്കുന്നതിന്

8) കുട്ടികളിലുണ്ടാക്കിയിട്ടുള്ള ആഘാതം ലഘൂകരിക്കുന്നതിനുള്ള സാധ്യതകളെക്കുറിച്ച് പഠിക്കുന്നതിന്;

9) കുട്ടികൾക്ക് പുതിയ സാഹചര്യങ്ങളോട് പൊരുത്തപ്പെടുന്നതിൽ ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിന്

10) കുട്ടികൾക്ക് ലഭ്യമാക്കേണ്ട കൗൺസിലിംഗ് ഉൾപ്പടെയുള്ള സേവനങ്ങൾ, സാമൂഹിക ഇടപെടലുകൾ എന്നിവയെക്കുറിച്ച് മനസ്സിലാക്കുന്നതിന്

11) കുട്ടികളുടെ സംരക്ഷണം, അവകാശങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ അവലോകനം ചെയ്യുന്നതിന്

12) കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ശിപാർശകൾ നൽകുന്നതിന്

**ആശയവ്യാഖ്യാനം**

**വിവാഹം**

സമൂഹത്തിന്റെ സുപ്രധാനവും സാർവ്വത്രികവുമായ ഒരു സംവിധാനമാണ് വിവാഹം. രണ്ട് വ്യക്തികൾ തമ്മിൽ നിയമപരമായും അനുവദനീയവുമായ ഒരു സാമൂഹിക പിന്തുണയുള്ള യൂണിയൻ എന്നാണ് വിവാഹത്തിൻറെ നിർവ്വചനം. ഒരു പുരുഷനും സ്ത്രീയും തമ്മിലുള്ള ഈ യൂണിയൻ നിയമങ്ങൾ, ആചാരങ്ങൾ, വിശ്വാസങ്ങൾ, പങ്കാളികളുടെ അവകാശങ്ങൾ, കടമകൾ എന്നിവയാൽ നിയന്ത്രിക്കപ്പെടുന്നു.

**വിവാഹമോചനം**

വിവാഹമോചനം സങ്കീർണവും ബഹുമുഖമായ പാർശ്വഫലങ്ങളുള്ള ഒരു പ്രശ്നമാണ്. ഇതിൽ നേരിട്ടുൾപ്പെട്ടിരിക്കുന്ന വ്യക്തികളെ മാത്രമല്ല, മാതാപിതാക്കളുടെ വേർപിരിയലിന്റെ നടുവിൽ അകപ്പെട്ട കുട്ടികളിലും ഇത് ആഴത്തിലുള്ള സ്വാധീനം ചെലുത്തുന്നു. ജീവിതത്തെ മാറ്റിമറിക്കുന്ന

മാതാപിതാക്കളുടെ ഈ തീരുമാനം മാനസികവും വൈകാരികവും സാമൂഹികവുമായ വെല്ലുവിളികളിലേയ്ക്ക് കുട്ടികളെ എത്തിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് കുട്ടികളിൽ ഉണ്ടാകുന്ന മുറിവ് ഒറ്റപ്പെടലിൻറെയും സാമൂഹിക വിവേചനത്തിൻറെയും അനുഭവതലത്തിലേയ്ക്ക് കുട്ടികളെ നയിക്കുന്നു; കൂടാതെ കുട്ടിയുടെ സാമൂഹ്യക്ഷേമത്തെക്കൂടി പിടിച്ചുലയ്ക്കുന്നു. വിവാഹബന്ധം വേർപെടുത്തിയതിന്റെ ഭാഗമായി വിശ്വസ്തതാ വൈരുദ്ധ്യങ്ങൾ, കുറ്റബോധം, നിരുത്തരവാദിത്ത വികാരങ്ങൾ എന്നിവയിലേക്ക് നയിക്കുന്ന വിഷമകരമായ അന്തരീക്ഷം കുടുംബത്തിൽ സൃഷ്ടിക്കുകയും സന്തുലിതാവസ്ഥ നിലനിർത്താൻ സാധിക്കാത്ത മാതാപിതാക്കളുടെ പ്രശ്നങ്ങൾക്കിടയിൽ നിരപരാധികളായ കുട്ടികൾ അകപ്പെട്ടുപോകുകയും ചെയ്യുന്നു.

ഈ വെല്ലുവിളികൾക്കിടയിലും മാതാപിതാക്കൾ വേർപിരിയുന്നതുകൊണ്ട് ഉണ്ടാവുന്ന മാറ്റങ്ങളോട് പൊരുത്തപ്പെടാനുള്ള കുട്ടികളുടെ കാര്യശേഷി തിരിച്ചറിയേണ്ടത് അത്യാവശ്യമാണ്. കൗൺസിലിംഗ്, സപ്പോർട്ട് ഗ്രൂപ്പുകൾ, തുറന്ന ആശയവിനിമയം തുടങ്ങിയവ കുട്ടികളിൽ വിവാഹമോചനത്തിൻറെ ആഘാതം ലഘൂകരിക്കുന്നതിൽ നിർണ്ണായക പങ്കുവഹിക്കുന്നവയാണ്. മാതാപിതാക്കളുടെ വേർപിരിയൽ കാരണം കുട്ടികളിൽ ഉണ്ടായ സങ്കീർണ്ണതകൾ കുറയ്ക്കുന്നതിനും ആവശ്യമായ പിന്തുണ സംവിധാനങ്ങൾ നൽകുന്നതിനും രക്ഷാകർത്താക്കൾക്കും, ബന്ധുമിത്രാദികൾക്കും അധ്യാപകർക്കും, ഉത്തരവാദിത്വമുണ്ട്.

### കുടുംബകോടതി

മറ്റ് രാജ്യങ്ങളെ അപേക്ഷിച്ച് താരതമ്യം ചെയ്യുമ്പോൾ ഇന്ത്യക്കാർ വിവാഹത്തിനും കുടുംബബന്ധങ്ങൾക്കും വലിയ പ്രാധാന്യം കല്പിക്കുന്നവരാണ്. ഇന്ത്യയിൽ രണ്ട് വ്യക്തികൾ തമ്മിൽ അല്ല എന്നതിലുപരി രണ്ട് കുടുംബങ്ങൾ തമ്മിലാണ് വിവാഹം നടക്കുന്നത്. എന്നാൽ ഏറ്റവുമധികം മനുഷ്യാവകാശ ലംഘനങ്ങൾ നടക്കുന്നത് വിവാഹ- കുടുംബബന്ധങ്ങളിലാണ്. വിവാഹബന്ധത്തെ തുടർന്നുണ്ടാകുന്ന പ്രശ്നങ്ങൾ ഏറ്റവും കൂടുതൽ നേരിടേണ്ടിവരുന്നത് കുട്ടികൾക്കാണ് . വിവാഹബന്ധത്തിൽ നിന്ന് പുറത്തുകടക്കേണ്ടത് അത്യാവശ്യമായി വരുമ്പോഴാണ് ഒരാൾ വിവാഹമോചനത്തെ കുറിച്ച് ചിന്തിക്കുന്നത്. കുടുംബകോടതിയെ കുറിച്ചുള്ള ആദ്യ ചിന്ത വന്നത് തന്നെ വർദ്ധിച്ച് വരുന്ന വിവാഹമോചനങ്ങളുടെ കണക്കുകളുടെ അടിസ്ഥാനത്തിലാണ്.

## കുടുംബവും-കോടതിയും

കുടുംബകോടതിയെ കുടുംബം, കോടതി എന്നിങ്ങനെ വിഭജിച്ചു നിരത്തുമ്പോഴറിയാം ഇതൊരു സാധാരണ കോടതി അല്ലെന്ന്. കുടുംബകോടതി ആക്റ്റ്, 1984-ൽ നിലവിൽ വന്നതെങ്കിലും 1992 ലാണ് കേരളത്തിൽ കുടുംബകോടതികൾ പ്രവർത്തിച്ചു തുടങ്ങിയത്. തുടക്കത്തിൽ കേരളത്തിൽ 4 കുടുംബകോടതികളാണ് ഉണ്ടായത്. ടി ആക്റ്റ് പ്രകാരം 10 ലക്ഷം ജനങ്ങൾക്ക് ഒരു കോടതി എന്നതാണ്. ഇന്ന് കേരളത്തിൽ 35 കുടുംബകോടതികളുണ്ട്.

കുടുംബകോടതികളുടെ പ്രവർത്തനം സുഗമമായി നടത്താൻ കോടതിയോടനുബന്ധിച്ച് ഒരു കൗൺസിലിംങ് സെൻറർ പ്രവർത്തിക്കുന്നു. സൈക്കോളജിസ്റ്റുകളും യോഗ്യതയുള്ള സാമൂഹ്യ പ്രവർത്തകർ ദമ്പതികൾക്ക് കൗൺസിലിംങ് നൽകുന്നത്.

വിവാഹമോചനത്തിനും വിവാഹം റദ്ദ് ചെയ്യാനും, ദമ്പതികളിൽ ഒരാൾ കാരണമില്ലാതെ അകന്ന് താമസിക്കുകയാണെങ്കിൽ ആ വ്യക്തിയോട് കൂടെ വന്ന് താമസിക്കാനുമൊക്കെ കുടുംബകോടതി വഴി ആവശ്യപ്പെടാം. കുട്ടികളുടെ കസ്റ്റഡി, ഗാർഡിയൻഷിപ്പ്, കുട്ടിയ്ക്കും, അമ്മയ്ക്കും സംരക്ഷണ ചെലവ് ആവശ്യപ്പെട്ടും ദമ്പതിമാർക്ക് ഇടയിലുള്ള സ്വത്ത് തർക്കങ്ങൾക്കും കുടുംബകോടതിയെ സമീപിക്കാവുന്നതാണ്.

ഒരു കുടുംബകോടതിയിൽ നിലവിലുള്ള കേസ് മറ്റൊരു കുടുംബകോടതിയിലേയ്ക്ക് മാറ്റുന്നതിനും കേസ് വേഗം തീർപ്പാക്കുന്നതിനും ഹൈക്കോടതിയെ സമീപിക്കാവുന്നതാണ്. വിവാഹമോചനത്തിനായി കുടുംബകോടതിയിൽ എത്തുന്നവർ നിർബന്ധമായും കൗൺസിലിംങിന് ഹാജരാകണം. കൗൺസിലർ തയാറാക്കുന്ന റിപ്പോർട്ട് രഹസ്യ സ്വഭാവമുള്ളതിനാൽ കോടതിക്ക് നേരിട്ട് കൈമാറുന്നതാണ് പതിവ്.

**വൈവാഹിക തർക്കങ്ങൾ സംബന്ധിച്ച അനുരഞ്ജന നടപടി**

കോടതിയിൽ വിവാഹമോചനവുമായി ബന്ധപ്പെട്ട് പലപ്പോഴും മടുപ്പിക്കുന്നതും ചെലവേറിയതുമായ നടപടിക്രമങ്ങൾക്ക് മധ്യസ്ഥത ഒരു ബദൽ സംവിധാനമായിരിക്കും. ചില കോടതികൾ വിവാഹമോചന ദമ്പതികൾക്ക് മധ്യസ്ഥത നിർബന്ധമാക്കുന്നു, എന്നാൽ ചില ദമ്പതികൾ കോടതിയിൽ മധ്യസ്ഥത സ്വയം തിരഞ്ഞെടുത്തേക്കാം. കോടതിയിൽ കേസ് എടുക്കുന്നതിനേക്കാൾ ചില ദമ്പതികൾക്ക് മധ്യസ്ഥത പലപ്പോഴും മികച്ച അവസരമാണ്, കാരണം നിയമപരമായ പ്രാധാന്യമില്ലാത്ത ഘടകങ്ങൾ പരിഗണിക്കാൻ മധ്യസ്ഥന്റെ ഇടപെടൽ ഗുണകരമായിരിക്കും.

കുട്ടികളുടെ സംരക്ഷണം, സ്വത്തുക്കളുടെ വിഭജനം, ദാമ്പത്യജീവിതത്തിലെ മറ്റ് പ്രശ്നങ്ങൾ എന്നിവ മധ്യസ്ഥന്റെ മാർഗ്ഗനിർദ്ദേശത്തിൽ ചർച്ച ചെയ്യുന്നു. ദമ്പതികൾക്കിടയിലെ പ്രശ്നങ്ങൾ ഒത്തുതീർപ്പിലെത്തിക്കാൻ മധ്യസ്ഥൻ ശ്രമിക്കുന്നു. പൊതുവെ ചെലവ് കുറഞ്ഞ പ്രക്രിയയാണ് മധ്യസ്ഥത, പലപ്പോഴും വിവാഹമോചന വ്യവഹാരത്തേക്കാൾ കൂടുതൽ സമയമെടുക്കും. മധ്യസ്ഥത നടപടി സ്വീകരിക്കുന്ന ദമ്പതികൾക്ക് അതിന്റെ അവസാന ഘട്ടത്തിൽ ഒരു കരാറിലെത്താൻ കഴിഞ്ഞേക്കും, ഭാവിയിൽ പരസ്പരം കൂടുതൽ ഫലപ്രദമായി ആശയവിനിമയം നടത്താൻ ഇത് അവരെ സഹായിച്ചേക്കാം, ഇത് വിവാഹമോചനത്തിൽ കാര്യമായ നിന്നും പിന്മാറുന്നതിൽ സ്വാധീനം ചെലുത്തിയേക്കാം.

**കുടുംബ തർക്കങ്ങളുമായി ബന്ധപ്പെട്ട മധ്യസ്ഥത**

നമ്മുടെ സമൂഹത്തിൽ മുൻകാലങ്ങളിൽ കുടുംബാംഗങ്ങൾ തമ്മിലുള്ള തർക്കങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്ന പ്രവണതയായിരുന്നു കണ്ടിരുന്നത്. കുടുംബങ്ങളിൽ ഉണ്ടാകുന്ന തർക്കങ്ങൾ പലതവണ പഞ്ചായത്തുകളിലേക്ക് റഫർ ചെയ്യപ്പെടുകയും അവിടെ ചർച്ച ചെയ്യുകയും പരിഹരിക്കാൻ സാധിക്കാത്ത വിഷയങ്ങൾ ഇരുപക്ഷത്തെയും കേട്ട് തീരുമാനമെടുക്കുകയും ചെയ്തിരുന്നു. അഭിപ്രായ വ്യത്യാസമുള്ള കുടുംബാംഗങ്ങൾക്ക് കോടതിയിൽ പരാതി നൽകുന്നതിനുപകരം അവ ചർച്ച ചെയ്ത് മധ്യസ്ഥർ വഴി പരിഹരിക്കുന്ന രീതിയാണ് അവലംബിച്ചിരുന്നത്.

ലോക് അദാലത്തുകൾക്ക് പ്രത്യേക പദവി നൽകുന്ന കുടുംബകോടതി ആക്ട് 1984, സിവിൽ നടപടി നിയമ സംഹിത, ഹിന്ദു വിവാഹ ആക്ട്, 1987 ലെ നിയമ സഹായ അതോറിറ്റി ആക്ട് എന്നിവയിൽ കുടുംബ തർക്കങ്ങൾക്ക് മധ്യസ്ഥത വഹിക്കുന്നതിൻറെ ആവശ്യകത സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ട്.

**പഠനഘടകങ്ങൾ**

വിവാഹമോചന കേസ് ഫയൽ ചെയ്തിട്ടുള്ള മാതാപിതാക്കളുടെ കുട്ടികളിൽ ഉടലെടുക്കുന്ന മാനസിക ആഘാതം, വൈകാരിക പ്രത്യാഘാതം, സാമൂഹിക വെല്ലുവിളികൾ, പൊരുത്തപ്പെടലുകളിൽ കാണുന്ന വൈരുദ്ധ്യങ്ങൾ പെരുമാറ്റ വ്യതിയാനങ്ങൾ, പഠനത്തിലുള്ള ബുദ്ധിമുട്ടുകൾ എന്നിവയാണ് പ്രധാന പഠനഘടകങ്ങൾ.

**ഗവേഷണ രൂപകൽപന**

വിവാഹമോചന കേസ് ഫയൽ ചെയ്തിട്ടുള്ള മാതാപിതാക്കളുടെ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചുള്ള പഠനത്തിന് ഗുണപരമായ പഠന രീതികൾ അവലംബിച്ച് പഠനലക്ഷ്യങ്ങൾ പൂർത്തീകരിച്ചു. കുട്ടികളുടെ പ്രായം, ലിംഗഭേദം, ശാരീരിക-മാനസിക-വൈകാരിക-സാമൂഹിക-സാമ്പത്തിക പ്രയാസങ്ങൾ നിയമപരവും വിദ്യാഭ്യാസപരവുമായ ഘടകങ്ങൾ എന്നിവ പരിഗണിച്ച് വിവാഹമോചനക്കേസ് ഫയൽ ചെയ്തിട്ടുള്ള മാതാപിതാക്കളുടെ കുട്ടികളെ സിമ്പിൾ റാൻഡം സാമ്പിളിംഗ് മാതൃകാരീതി ഉപയോഗിച്ച് തെരഞ്ഞെടുത്തു. പഠനത്തിനാവശ്യമായ പ്രഥമ വിവരശേഖരണം നടത്തുന്നതിനായി കുട്ടിയിൽ നിന്നും മാതാപിതാക്കളിൽ നിന്നും രക്ഷിതാക്കളിൽ നിന്നും സമ്മതപത്രം തേടുകയും കുടുംബകോടതി കൗൺസിലർമാരിൽ നിന്നും കേസുമായി ബന്ധപ്പെട്ട മീഡിയേറ്റർമാരിൽ നിന്നും പഠനത്തിനാവശ്യമായ വിവരശേഖരണം നടത്തുന്നതിനായി ലീഗൽ സർവ്വീസസ് അതോറിറ്റിയിൽ നിന്നും അനുമതി തേടുകയും ചെയ്തു.

**പ്രാരംഭ പഠനം**

ഈ പഠനവിഷയവുമായി ബന്ധപ്പെട്ട് ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ വഞ്ചിയൂർ, ആറ്റിങ്ങൽ, നെയ്യാറ്റിൻകര, നെടുമങ്ങാട് കുടുംബകോടതികളിൽ സന്ദർശനം നടത്തിയും കമ്മീഷനിൽ ലഭിച്ച പരാതികൾ വിശകലനം ചെയ്തും ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ കേസിൽ ഉൾപ്പെട്ട കുട്ടികളെയും മാതാപിതാക്കളെയും നേരിട്ട് കണ്ട് വിവരശേഖരണം നടത്തി. ഈ വിശദാംശങ്ങൽ ക്രോഡീകരിച്ച് വിശകലനം ചെയ്ത് തയ്യാറാക്കിയ പഠന റിപ്പോർട്ട് കമ്മീഷൻ അംഗീകരിച്ചു.

**പഠനവ്യാപ്തി**

കേരളത്തിലെ 14 ജില്ലകളിൽ പ്രവർത്തിക്കുന്ന 35 കുടുംബ കോടതികളിലും ഫയൽ ചെയ്ത കേസുകളിൽ ഉൾപ്പെട്ട കുട്ടികളും അവരുടെ രക്ഷാകർത്താക്കളും. (കോടതി സാഹചര്യം, അഭിഭാഷകർ, ഉദ്യോഗസ്ഥർ, കൗൺസിലേഴ്സ്, മീഡിയേറ്റേഴ്സ്)

**പഠനത്തിന് വിധേയരായവർ**

കേരളത്തിലെ 14 ജില്ലകളിലെയും കുടുംബ കോടതികളിൽ ഫയൽ ചെയ്തിട്ടുള്ള കേസുകളിൽ ഉൾപ്പെട്ട 6 മുതൽ 18 വയസ് വരെയുള്ള 120 കുട്ടികളും അവരുടെ മാതാപിതാക്കളും.

**സാമ്പിൾ രീതി**

ലളിതമായ റാൻഡം സാമ്പിൾ ആണ് പഠനത്തിനായി അവലംബിച്ചത്.

**വിവരശേഖരണ രീതികൾ**

വിവാഹമോചനക്കേസ് ഫയൽ ചെയ്തിട്ടുള്ള മാതാപിതാക്കളുടെ കുട്ടികൾ അഭിമുഖീകരിക്കുന്ന ശാരീരിക, മാനസിക, വൈകാരിക, സാമൂഹിക, സാമ്പത്തിക, നിയമപരമായ പ്രശ്നങ്ങളെക്കുറിച്ച് വിവര ശേഖരണം നടത്തുന്നതിന് സർവ്വെ, അഭിമുഖം, നിരീക്ഷണം എന്നീ രീതികളാണ് അവലംബിക്കുന്നത്. ഇത്തരം കുട്ടികൾക്കുണ്ടായിട്ടുള്ള വൈകാരിക പ്രശ്നങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ മെച്ചപ്പെട്ട മനഃശാസ്ത്രപരമായ സ്കെയ്ലുകളും വിലയിരുത്തലുകളും ഉപയോഗിക്കുന്നതാണ്.

**അഭിമുഖം**

വിവാഹമോചനക്കേസ് ഫയൽ ചെയ്തിട്ടുള്ള മാതാപിതാക്കളുടെ കുട്ടികൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് പ്രഥമ വിവരങ്ങൾ ലഭിക്കുന്നതിന് കുട്ടികളെയും അവരുടെ മാതാപിതാക്കളെയും രക്ഷിതാക്കളെയും വിവരങ്ങൾ ശേഖരിക്കുന്നതിനായി കുടുംബകോടതിയിലെ കൗൺസിലർമാരെയും കേസുമായി ബന്ധപ്പെടുന്ന മീഡിയേറ്റർമാരെയും അഭിമുഖം ചെയ്യുന്നതായിരിക്കും. ഇവരുടെ കാഴ്ചപ്പാടുകളും ഉൾക്കാഴ്ചകളും നിർദ്ദേശങ്ങളും ലഭിക്കുന്നതിന് തുറന്ന ചോദ്യരീതിയാണ് ഉപയോഗിക്കുന്നത്.

**ചോദ്യാവലി**

വിവാഹമോചനക്കേസ് ഫയൽ ചെയ്തിട്ടുള്ള മാതാപിതാക്കളുടെ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചുള്ള പഠനത്തിൻറെ ഭാഗമായി ഓരോ കുട്ടികളിൽ നിന്നും, മാതാപിതാക്കളിൽ നിന്നും രക്ഷാകർത്താക്കളിൽ നിന്നും വിശദാംശങ്ങൾ ശേഖരിക്കുന്നതിന് ഘടനാപരമായ ചോദ്യാവലിയാണ് ഉപയോഗിക്കുന്നത്.

**നിരീക്ഷണം**

വിവാഹമോചനക്കേസ് ഫയൽ ചെയ്തിട്ടുള്ള മാതാപിതാക്കളുടെ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിന് വസ്തുനിഷ്ഠമായ നിരീക്ഷണങ്ങളും കമ്മിഷനിൽ ലഭിച്ചിരിക്കുന്ന കേസുകളുടെ പഠനവും പഠിതാക്കൾ നേരിട്ട് നിർവ്വഹിച്ചിട്ടുള്ളതാണ്.

**വിവരവിശകലനം**

വിവാഹമോചനക്കേസ് ഫയൽ ചെയ്തിട്ടുള്ള മാതാപിതാക്കളുടെ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ പരിശോധിക്കുന്നതിനും അതിലെ പ്രധാന ഘടകങ്ങൾ തിരിച്ചറിയുന്നതിനും വിശകലനം ചെയ്യുന്നതിനും സ്റ്റാറ്റിസ്റ്റിക്കൽ രീതികളിലൂടെ വിലയിരുത്തുന്നതിന് ഗ്രാഫിക്കൽ വിശകലനം പോലുള്ള സാങ്കേതിക വിദ്യകൾ ഉപയോഗിച്ചിട്ടുള്ളതാണ്.

**അനുമാനം**

വിവാഹമോചിതരായ മാതാപിതാക്കളുടെ കുട്ടികൾ ഉയർന്ന തലത്തിലുള്ള ആശയക്കുഴപ്പം, ഉത്കണ്ഠ, അരക്ഷിതാവസ്ഥ, മാനസിക ആഘാതം, പഠനത്തിലുള്ള ബുദ്ധിമുട്ടുകൾ, ആരോഗ്യപരമായ സാമൂഹിക ബന്ധങ്ങൾ രൂപീകരിക്കുന്നതിലും നിലനിർത്തുന്നതിലുമുള്ള ബുദ്ധിമുട്ടുകൾ എന്നീ വെല്ലുവിളികൾ നേരിടുന്നതായി കണ്ടെത്തി. വിവരശേഖരണം, വിശകലനം, വ്യാഖ്യാനം എന്നിവയിലൂടെ ഈ വിഷയത്തിലുള്ള അനുമാനങ്ങൾ ശരിയാണെന്ന് തെളിയുകയും, പഠന ചോദ്യാവലി കുട്ടികളിൽ വിവാഹമോചനത്തിൻറെ ആഘാതത്തെയും അവർ അഭിമുഖീകരിക്കുന്ന വെല്ലുവിളികളെയും കുറിച്ചുള്ള അന്വേഷണത്തിന് വ്യക്തമായ ഉത്തരം നൽകുകയും ചെയ്തു.

## ദേശീയവും അന്തർദേശീയവുമായ താരതമ്യ വീക്ഷണം കുടുംബ കോടതികളിലെ ശിശു സൗഹൃദ അന്തരീക്ഷം: കേരളം, ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾ, സ്കാൻഡിനേവിയൻ രാജ്യങ്ങൾ.

കേരളത്തിലെ പരമ്പരാഗത കുടുംബഘടന, വിവാഹമോചനത്തോടും കുട്ടികളുടെ സംരക്ഷണത്തോടുമുള്ള സാമൂഹിക മനോഭാവത്തിൽ പലപ്പോഴും യാഥാസ്ഥിതിക ചിന്താഗതിയാണ് വച്ച് പുലർത്തുന്നത്. മാതാപിതാക്കളുടെ വിവാഹമോചനം അവരുടെ കുട്ടികളിൽ ഗുരുതരമായ മാനസിക വൈകാരിക വെല്ലുവിളികളാണ് ഉയർത്തുന്നത് എന്നും എല്ലാ കസ്റ്റഡി തീരുമാനങ്ങളിലും കുട്ടിയുടെ ക്ഷേമം പരമപ്രധാനമായ പരിഗണന ആയിരിക്കണമെന്ന് ലോ കമ്മീഷന്റെ റിപ്പോർട്ട് നമ്പർ 257 ഊന്നിപ്പറയുന്നു (അധ്യായം I, വകുപ്പ് 1.1). എങ്കിലും, ഈ തത്ത്വത്തിന്റെ ജുഡീഷ്യൽ പ്രയോഗത്തിലെ പ്രശ്നങ്ങൾ റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നു. കുട്ടികളുടെ ക്ഷേമം എങ്ങനെ വിലയിരുത്തപ്പെടുന്നു എന്നതിലെ പൊരുത്തക്കേട് റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. രക്ഷാകർതൃ തർക്കങ്ങളുടെ ഫലങ്ങൾ കുട്ടികളെ ദുർബലരാക്കുന്നു (അധ്യായം II, വകുപ്പ് 2.3). കുട്ടിയുടെ ഉത്തമ താൽപ്പര്യങ്ങൾ നിർണ്ണയിക്കുന്നതിനുള്ള വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പലപ്പോഴും കോടതികൾക്ക് ഇല്ല, ഇത് തർക്കങ്ങളിലേക്കും പ്രവചനാതീതമായ കസ്റ്റഡി ഫലങ്ങളിലേക്കും നയിക്കുന്നു. കുടുംബ തകർച്ചയും മാതാപിതാക്കളുടെ വേർപിരിയലും നേരിടേണ്ടിവരുന്ന കുട്ടികളുടെ മാനസിക സമ്മർദ്ദങ്ങൾ, കസ്റ്റഡി സംബന്ധിച്ച തർക്കങ്ങൾ കൂടുതൽ വർദ്ധിപ്പിക്കുകയും അതുവഴി കുട്ടികൾക്ക് കൂടുതൽ മാനസിക ക്ലേശങ്ങൾ ഉണ്ടാവുകയും അത് അവരുടെ ഭാവിയെത്തന്നെ ബാധിക്കുന്ന ഒരു പ്രശ്നമായി തീരുകയും ചെയ്യുന്നു.

കുടുംബ കോടതികളിലെ ശിശുസൗഹൃദ അന്തരീക്ഷം ഈ പ്രതികൂല പ്രത്യാഘാതങ്ങളിൽ ചിലതെങ്കിലും ലഘൂകരിക്കും. ജോയിന്റ് കസ്റ്റഡി ക്രമീകരണങ്ങൾ സ്വീകരിക്കുന്നത് ഉൾപ്പെടെയുള്ള പരിഷ്കാരങ്ങൾ ലോ കമ്മീഷൻ റിപ്പോർട്ട് നിർദ്ദേശിക്കുന്നു. ഇത് സാധ്യമാകുമ്പോൾ വേർപിരിഞ്ഞതിനു ശേഷവും മാതാവിനോടും പിതാവിനോടും ശക്തമായ ബന്ധം നിലനിർത്താൻ കുട്ടികളെ അനുവദിക്കുന്നു (അധ്യായം 257). ജോയിന്റ് കസ്റ്റഡി സന്തുലിത രക്ഷാകർതൃ പങ്കാളിത്തത്തിനുള്ള ഒരു ചട്ടക്കൂട് വാഗ്ദാനം ചെയ്യുന്നു. രക്ഷാകർതൃ സംഘട്ടനങ്ങൾക്കിടയിൽ കുട്ടികൾ അകപ്പെടാനുള്ള സാധ്യത കുറയ്ക്കുന്നു. കൂടാതെ, യോഗ്യരായ, പരിശീലനം ലഭിച്ച മധ്യസ്ഥരും കൗൺസിലർമാരുമായി സമർപ്പിത കുടുംബ കോടതി ഇടങ്ങൾ (Expanded Family Court) സൃഷ്ടിക്കുന്നത് കുട്ടികളുടെ ക്ഷേമത്തെ പിന്തുണയ്ക്കുകയും, പരസ്പരം സഹകരിച്ച് തീരുമാനമെടുക്കുന്നതിൽ മാതാപിതാക്കളെ സഹായിക്കുകയും ചെയ്യും. ഘടനാപരമായ രക്ഷാകർതൃ പദ്ധതികൾ സ്വീകരിക്കുന്നതിനൊപ്പം കുട്ടിയുടെ മികച്ച താൽപ്പര്യം വിലയിരുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ശക്തിപ്പെടുത്തുന്നത്, കൂടുതൽ സുസ്ഥിരമായ അന്തരീക്ഷം പ്രദാനം ചെയ്യാനും ലോ കമ്മീഷൻ വാദിക്കുന്ന ക്ഷേമ തത്വവുമായി (Welfare Principle) കസ്റ്റഡി ക്രമീകരണങ്ങൾ സജ്ജമാക്കാനും കഴിയും.

ഒരു താരതമ്യ വിശകലനത്തിൽ ഇന്ത്യയിലെ ചില സംസ്ഥാനങ്ങളിലെങ്കിലും കേരളത്തെ അപേക്ഷിച്ച് കുടുംബകോടതികൾ കൂടുതൽ ശിശുസൗഹൃദമാണ്. കേരളം അതിന്റെ സമഗ്രവും ശിശുകേന്ദ്രീകൃതവുമായ (Childcenrtic) സമീപനത്തിൽ കൂടുതൽ മെച്ചപ്പെടുവാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. നീതിന്യായ പ്രക്രിയയിൽ കുട്ടികൾക്കും കുടുംബങ്ങൾക്കും അർത്ഥവത്തായ അനുഭവങ്ങൾ നൽകുന്നതിന് നിരീക്ഷണ സംവിധാനങ്ങൾ, മധ്യസ്ഥതക്കുള്ള അവസരങ്ങൾ, പരിശീലനം ലഭ്യമായിട്ടുള്ള ഉദ്യോഗസ്ഥർ, പിന്തുണാ

പരിതസ്ഥിതികൾ എന്നിവ ഉണ്ടെങ്കിലും അത് പലപ്പോഴും പ്രതീക്ഷിക്കുന്ന നിലവാരത്തിലേക്ക് എത്തുകയോ അനുഭവവേദ്യമാകുകയോ ചെയ്യുന്നില്ല. സ്ഥലപരിമിതി, സാമ്പത്തികപരാധീനത, ഘടനാപരമായ പ്രശ്നങ്ങൾ എന്നിവ കുടുംബ കോടതി നടപടികളുടെ പുരോഗമനപരമായ വികാസത്തെയും അതുവഴി ശിശുസൗഹൃദ അന്തരീക്ഷത്തെയും തടസ്സപ്പെടുത്തുന്നു. കുടുംബാംഗങ്ങൾ, സംവിധാനങ്ങൾ, കമ്മ്യൂണിറ്റി അംഗങ്ങൾ എന്നിവയുടെ അവസരോചിതമല്ലാത്ത ഇടപെടലുകളും കുടുംബ ജീവിതങ്ങളിൽ വെല്ലുവിളികൾ ഉയർത്തുന്നുണ്ട്. കൂടാതെ, ചില പുരുഷാധിപത്യ ആചാരങ്ങൾ, മതപരമായ വ്യക്തിനിയമങ്ങൾ, സാമൂഹിക സാംസ്കാരിക മാനദണ്ഡങ്ങൾ എന്നിവയുടെ സ്വാധീനം വിവാഹ ബന്ധങ്ങളെയും, വിവാഹ മോചനങ്ങളെയും ബാധിക്കുന്നുണ്ട്.

കുട്ടികളോടുള്ള സമീപനത്തിൽ കൂടുതൽ മനഃശാസ്ത്രപരമായ പരിഷ്കാരങ്ങൾ വരുത്തുന്നതും മാതാപിതാക്കൾക്കുള്ള മധ്യസ്ഥത കൂടുതൽ ഫലപ്രദമാക്കുന്നതും കുടുംബകോടതികളുടെ ലക്ഷ്യപ്രാപ്തിക്ക് നിർണായകമാണ്. ശിശുസൗഹൃദ കാത്തിരിപ്പ് കേന്ദ്രങ്ങളും, ഭയരഹിത നിയമ നടപടിക്രമങ്ങളിൽ അധിഷ്ഠിതമായി രൂപകൽപ്പന ചെയ്ത കോടതി നടപടികളും അനിവാര്യമാണ്. കേസുകൾ തീർപ്പാക്കുന്നതിൽ കാലതാമസമുണ്ടാകുന്നത് കുട്ടികളുടെ പ്രശ്നങ്ങൾ അനന്തമായി തുടരുന്നതിന് കാരണമാകുകയും ചെയ്യും.

കേരളത്തിൽ വളരെ അപൂർവ്വമായി മാത്രമേ ശിശുസൗഹൃദ കുടുംബകോടതികൾ ഉള്ളൂ. കോഴിക്കോട് കുടുംബകോടതിയാണ് അതിൽ അല്പമെങ്കിലും മെച്ചപ്പെട്ടത് എന്ന് കാണാൻ കഴിയും. രാജ്യത്ത് ഡൽഹി സംസ്ഥാനത്തിലും മഹാരാഷ്ട്ര, കർണാടക, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിലും കുറച്ച് കോടതികൾ ശിശുസൗഹൃദമാണെന്ന് കാണാൻ കഴിയും. എന്നാൽ സ്കാൻഡിനേവ്യൻ രാജ്യങ്ങൾ ഈ കാര്യത്തിൽ വ്യത്യസ്തമായ കാഴ്ചപ്പാടും ശൈലിയുമാണ് പിന്തുടരുന്നത്. സ്വീഡൻ, നോർവേ, ഡെൻമാർക്ക് പോലുള്ള രാജ്യങ്ങൾ സഹകരണ രക്ഷാകർതൃത്വത്തിനും, ലിംഗസമത്വത്തിനും മുൻഗണന നൽകുന്നു. മതനിരപേക്ഷ നിയമ ചട്ടക്കൂടുകൾ മതപരമായ ആചാരങ്ങളാൽ സ്വാധീനിക്കപ്പെടുന്നില്ല. മതപരമോ സാംസ്കാരികമോ ആയ പക്ഷപാതങ്ങളുടെ സ്വാധീനം കൂടാതെ, നീതിക്കും സ്ഥിരതയ്ക്കും ഊന്നൽ നൽകിക്കൊണ്ട് കുട്ടിയുടെ മികച്ച താൽപ്പര്യത്തിനനുസരിച്ച് തീരുമാനങ്ങൾ എടുക്കുന്നുവെന്ന് ഈ സ്ഥിരത ഉറപ്പാക്കുന്നു.

കുടുംബ നിയമവുമായി ബന്ധപ്പെട്ട് കൂടുതൽ ഏകീകൃത നിയമ ഘടന ഉള്ളതിനാൽ സമത്വത്തിനും കുട്ടിയുടെ ഉത്തമ താൽപ്പര്യങ്ങൾക്കും (Best interstse of the child) ഊന്നൽ നൽകുന്നു. വിവാഹമോചനം താരതമ്യേന സാധാരണവും സാമൂഹികമായി അംഗീകരിക്കപ്പെട്ടതുമാണ്. എന്നാൽ മാതാപിതാക്കളുടെ ഉത്തരവാദിത്തങ്ങൾ ഊന്നിപ്പറയുന്നു. പ്രത്യേകിച്ച് വിവാഹമോചനത്തിനു ശേഷമുള്ള സഹ-രക്ഷാകർതൃത്വ (Co-guardianship) ക്രമീകരണങ്ങളിൽ ഈ രാജ്യങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. വിവാഹമോചനത്തിനു ശേഷവും മാതാപിതാക്കൾ രണ്ടുപേരും കുട്ടികളുടെ ജീവിതത്തിൽ സജീവമായി ഇടപെടണമെന്ന് നിയമം നിഷ്കർഷിക്കുന്നു. കോടതികൾ തുല്യ ഉത്തരവാദിത്തത്തെ പ്രോത്സാഹിപ്പിക്കുകയും സുഗമമാക്കുകയും ചെയ്യുന്നു. കുട്ടിയുടെ ജീവിതത്തിലെ തടസ്സങ്ങൾ കുറയ്ക്കുകയും കുട്ടിയുടെ ക്ഷേമത്തിന് മാതാപിതാക്കൾ ഇരുവരും ഉത്തരവാദിത്തമുള്ളവരാണെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു

സ്കാൻഡിനേവ്യൻ രാജ്യങ്ങളിലെ കുടുംബ കോടതികൾ പരസ്പരം സഹകരിച്ചുള്ള പരിഹാരങ്ങളെയും മധ്യസ്ഥതയെയും പ്രോത്സാഹിപ്പിക്കുന്നു. ഈ പ്രക്രിയ പൊതുവെ കൂടുതൽ കാര്യക്ഷമവും പരസ്പരമുള്ള എതിർ നടപടികൾ കുറയ്ക്കുന്നതിൽ വലിയ പങ്കുവഹിക്കുകയും ചെയ്യുന്നു. കുട്ടികളുടെ കസ്റ്റഡി പരസ്പരം പങ്കിടുക (Shared cuodsty) എന്ന ആശയം ഇവിടങ്ങളിൽ പ്രബലമാണ്. വേർപിരിയലിനുശേഷം കോടതികൾ പലപ്പോഴും തുല്യ രക്ഷാകർതൃ റോളുകൾ (Equal parental rolse) പ്രോത്സാഹിപ്പിക്കുന്നു. തീരുമാനങ്ങളിൽ കുട്ടിയുടെ ആവശ്യങ്ങൾക്ക് മുൻഗണന നല്കുകയും അങ്ങനെ സഹകരണ രക്ഷാകർതൃത്വത്തിന് (Cooperat guardianship) രക്ഷിതാക്കളുടെ സുരക്ഷിതമായ പങ്കാളിത്തം ഉറപ്പുവരുത്തുന്നു. ലിംഗ-നിഷ്പക്ഷ നിയമങ്ങൾ തുല്യമായതും ന്യായമായതുമായ കസ്റ്റഡി തീരുമാനങ്ങൾ സുഗമമാക്കുന്നു.

കോടതി ജീവനക്കാർക്കും ജഡ്ജിമാർക്കും കുട്ടികളുടെ മനഃശാസ്ത്രത്തിലും ആശയവിനിമയത്തിലും പരിശീലനം ലഭിക്കുന്നു, നടപടിക്രമങ്ങളിൽ കുട്ടികളുടെ ആവശ്യങ്ങൾ മനസ്സിലാക്കാനും മുൻഗണന നൽകാനും ഇത് അവരെ സഹായിക്കുന്നു. കുട്ടികളുമായുള്ള ഇടപെടലുകൾ സൂക്ഷ്മമായി കൈകാര്യം ചെയ്യപ്പെടുന്നുവെന്നും

ഈ പരിശീലനം ഉറപ്പാക്കുന്നു. കോടതികളിൽ കുട്ടികൾക്കായി പ്രത്യേകം രൂപകൽപ്പന ചെയ്ത കാത്തിരിപ്പ് കേന്ദ്രങ്ങൾ, ശിശുസൗഹൃദ ഇടങ്ങൾ എന്നിവ ഉൾപ്പെടുന്നു.

സ്കാൻഡിനേവിയൻ രാജ്യങ്ങളിൽ കസ്റ്റഡി ട്രയലുകളിൽ പോലും കുട്ടിയുടെ അഭിപ്രായം കേൾക്കുകയും, ചില സന്ദർഭങ്ങളിൽ, വേഗത്തിലുള്ള പരിഹാരം ഉറപ്പാക്കാൻ കുട്ടികൾ ഉൾപ്പെടുന്ന കേസുകൾക്ക് മുൻഗണന നൽകുകയും ചെയ്യുന്നു. കൂടാതെ കസ്റ്റഡി കേസുകളിൽ കുട്ടികളുടെ അഭിപ്രായങ്ങൾ കേൾക്കുന്നതിന് ജഡ്ജിമാർ പലപ്പോഴും പ്രാധാന്യം നൽകുന്നു. 'കുട്ടികൾക്ക് കേൾക്കാനുള്ള അവകാശമുണ്ടെന്നും അവരുടെ കാഴ്ചപ്പാടുകൾക്ക് അവരുടെ മികച്ച താൽപ്പര്യങ്ങളെക്കുറിച്ച് വിലയേറിയ ഉൾക്കാഴ്ചകൾ നൽകാൻ കഴിയുമെന്നുമുള്ള' (Children h¾ a rigth to be heard and thta their viesw can provide valuable insigtsh into their bste interstse) അന്താരാഷ്ട്ര നിയമത്തിലും അവരുടെ ദേശീയ നിയമത്തിലും വേരൂന്നിയ തത്വത്തെ (Principlse) കുടുംബകോടതികളിൽ പ്രതിഫലിപ്പിക്കുന്നു.

കുട്ടികളുടെ വൈകാരിക ക്ഷേമത്തെ പിന്തുണയ്ക്കുന്നതിനായി, സ്കാൻഡിനേവിയൻ കുടുംബ കോടതികൾ ചൈൽഡ് സൈക്കോളജിസ്റ്റുകളെയും സാമൂഹിക പ്രവർത്തകരെയും ഉൾപ്പെടുത്തി ‹ചൈൽഡ് ഇംപാക്ട് അസ്സസ്മെൻറ് നടത്തുന്നു. ഈ വിലയിരുത്തലുകൾ കുട്ടികളുടെ വൈകാരികവും വികാസപരവുമായ ആവശ്യങ്ങളെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ നൽകുകയും, ജഡ്ജിമാരെ കുട്ടികളുടെ മികച്ച താൽപ്പര്യങ്ങളുമായി പൊരുത്തപ്പെടുന്ന തീരുമാനങ്ങൾ എടുക്കാൻ സഹായിക്കുകയും ചെയ്യുന്നു. സാമ്പത്തിക സഹായത്തിനായി, സർക്കാരുകൾ പലപ്പോഴും വിവാഹമോചനം നേടിയ മാതാപിതാക്കളുടെ കുട്ടികൾക്ക് സബ്സിഡിയും ധനസഹായവും നൽകുന്നു. വിഭവങ്ങളിലേക്കും (Reourscse) വിദ്യാഭ്യാസത്തിലേക്കുമുള്ള പ്രവേശനവും സുഗമമാക്കുന്നു.

സാരാംശത്തിൽ, സ്കാൻഡിനേവിയൻ കുടുംബ നിയമങ്ങളും കോടതി ഘടനകളും വിവാഹബന്ധം വേർപെടുത്തിയ മാതാപിതാക്കളുടെ കുട്ടികളുടെ സമഗ്രമായ ആവശ്യങ്ങൾ പരിഹരിക്കുന്നതിനും, അവരുടെ ശബ്ദം കേൾക്കുന്നതിനും, അവരുടെ ക്ഷേമത്തിന് മുൻഗണന നൽകുന്നതിനും, അവർക്ക് വൈകാരികമായും, സാമ്പത്തികമായും സ്ഥിരമായ പിന്തുണ ലഭിക്കുന്നതിനും ശക്തമായ മാനദണ്ഡങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## കുടുംബകോടതികളിലെ ഭൗതിക സാഹചര്യങ്ങൾ

**കേരള സംസ്ഥാന ബാലവകാശ സംരക്ഷണ കമ്മിഷന്റെ നേതൃത്വത്തിൽ കേരളത്തിൽ വിവാഹമോചന കേസ് ഫയൽ ചെയ്തിട്ടുള്ള മാതാപിതാക്കളുടെ കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും എന്ന വിഷയത്തിൽ കേരളത്തിലെ എല്ലാ കുടുംബകോടതികളിലും നേരിട്ട് പോയി പഠനം നടത്തിയതിന്റെയും കമ്മിഷനിൽ നേരിട്ട് ലഭിച്ച ഇരുപത് പരാതികളുടെയും അടിസ്ഥാനത്തിൽ കണ്ടെത്തിയ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.**

### കുടുംബകോടതി സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളുടെ വിവരങ്ങൾ

| നം. | ജില്ലയുടെ പേര് | കുടുംബകോടതി സ്ഥിതി ചെയ്യുന്ന സ്ഥലം |
|---|---|---|
| 1 | തിരുവനന്തപുരം | വഞ്ചിയൂർ, നെയ്യാറ്റിൻകര, നെടുമങ്ങാട്, ആറ്റിങ്ങൽ |
| 2 | കൊല്ലം | കൊല്ലം ടൌൺ, കൊട്ടാരക്കര, പരവൂർ, പുനലൂർ, ചവറ |
| 3 | പത്തനംതിട്ട | അടൂർ, പത്തനംതിട്ട, തിരുവല്ല |
| 4 | കോട്ടയം | പാലാ, ഏറ്റുമാനൂർ |
| 5 | ഇടുക്കി | തൊടുപുഴ, കട്ടപ്പന |
| 6 | ആലപ്പുഴ | മാവേലിക്കര, ആലപ്പുഴ |
| 7 | എറണാകുളം | മുവാറ്റുപുഴ, നോർത്ത് പറവൂർ, ആലുവ, എറണാകുളം |
| 8 | തൃശ്ശൂർ | ഇരിങ്ങാലക്കുട, കുന്നംകുളം, തൃശ്ശൂർ |
| 9 | പാലക്കാട് | ഒറ്റപാലം, ഒലവക്കോട് |
| 10 | കോഴിക്കോട് | മാനാഞ്ചിറ, വടകര |
| 11 | മലപ്പുറം | മലപ്പുറം, തിരൂർ |
| 12 | വയനാട് | കൽപറ്റ |
| 13 | കണ്ണൂർ | കണ്ണൂർ, തലശ്ശേരി |
| 14 | കാസറകോട് | കാഞ്ഞങ്ങാട് |

### തിരുവനന്തപുരം

ബാലാവകാശ സംരക്ഷണ കമ്മിഷന്റെ നേതൃത്വത്തിൽ കേരളത്തിൽ വിവാഹമോചന കേസ് ഫയൽ ചെയ്തിട്ടുള്ള മാതാപിതാക്കളുടെ പ്രശ്നങ്ങളും കുടുംബകോടതി സാഹചര്യങ്ങളും എന്ന വിഷയത്തിന്മേൽ പഠനം നടത്തുവാൻ കമ്മിഷൻ തീരുമാനിച്ചു. ആയതിൻപ്രകാരം കമ്മിഷന്റെ പരാതി വിഭാഗത്തിൽ നിന്നും ഈ വിഷയവുമായി ബന്ധപ്പെട്ട് 20 പരാതികളുടെ വിശദാംശങ്ങൾ ശേഖരിക്കുകയുണ്ടായി. തിരുവനന്തപുരം ജില്ലയിൽ 4 കുടുംബകോടതിളാണുള്ളത്. കുടുംബകോടതികളിൽ നേരിട്ട് ചെന്ന് പഠനം നടത്തുകയും ചെയ്തു. കുടുംബകോടതി ശിരസ്തദാർ, പ്രിൻസിപ്പൽ കൗൺസിലർമാർ, അഡീഷണൽ കൗൺസിലർമാർ, കുട്ടികൾ, പരാതിക്കാർ, എതിർകക്ഷികൾ എന്നിവരുമായി നേരിട്ട് ആശയവിനിമയം നടത്തി. സജീകരിച്ച കൗൺസിലിംഗ് മുറികൾ ഇല്ല. കൈ കുഞ്ഞുങ്ങൾ ഉൾപ്പടെ മാതാപിതാക്കൾ കോടതിയിൽ വരുന്നു. ഇത്തരം കുട്ടികളുമായി വരുന്നവർക്ക് ശിശു സൗഹാർദ്ദപരമായരീതിയിലുള്ള അടിസ്ഥാന സൗകര്യങ്ങൾ കോടതികളിൽ നിലവിലില്ലാത്ത സാഹചര്യമാണുള്ളത്.

## കൊല്ലം

കൊല്ലം ജില്ലയിൽ 5 കുടുംബകോടതിളാണുള്ളത്. കൊല്ലം ടൗൺ, കൊട്ടാരക്കര, പരവൂർ, പുനലൂർ, ചവറ എന്നീ സ്ഥലങ്ങളിലാണ് കുടുംബകോടതികൾ പ്രവർത്തിക്കുന്നത്. കുടുംബകോടതി ശിരസ്തദാർ, പ്രിൻസിപ്പൽ കൗൺസിലർമാർ, അഡീഷണൽ കൗൺസിലർമാർ, കുട്ടികൾ, പരാതിക്കാർ, എതിർകക്ഷികൾ എന്നിവരുമായി നേരിട്ട് ആശയവിനിമയം നടത്തി. കുടുംബത്തിലെ മറ്റ് അംഗങ്ങളുടെ ഇടപെടൽ, സാമ്പത്തിക പ്രശ്നം, അവിഹിതബന്ധങ്ങൾ, മദ്യം-മയക്കമരുന്ന് വിവാഹമോചനത്തിന്റെ പ്രധാനകാരണങ്ങളായി പ്രിൻസിപ്പൽ കൗൺസിലർ പറഞ്ഞു. വളരെയധികം സ്ഥല പരിമിതിയിൽ ആണ് കൊല്ലം ടൗൺ ഫാമിലി കോടതി പ്രവർത്തിക്കുന്നത്. സ്വകാര്യത പാലിച്ചുകൊണ്ട് കൗൺസിലിംഗ് നടത്താനുള്ള സൗകര്യങ്ങൾ പരിമിതമാണ്. കൊട്ടാരക്കര കുടുംബകോടതിയിൽ മുലയൂട്ടൽ മുറി ഉണ്ടെങ്കിലും സ്ഥലപരിമിതിയും അസൗകര്യങ്ങളുമുണ്ട്. പരവൂർ കുടുംബകോടതിയിൽ വൈദ്യുതി തടസ്സപ്പെടുന്ന സമയത്ത് കൗൺസിലിംഗ് നടത്തുന്ന മുറികളിൽ ആവശ്യത്തിന് വെളിച്ചം ഉണ്ടാകാറില്ല. പരവൂർ കുടുംബകോടതിയിൽ കൈ കുഞ്ഞുങ്ങളുമായി വരുന്ന അമ്മമാർക്ക് മുലയൂട്ടുന്നതിനുള്ള മുറിയും കുട്ടികൾക്കായുള്ള ശിശുസൗഹാർദ്ദ മുറിയും സജ്ജീകരിച്ചിട്ടുണ്ട് എന്നാൽ സ്ഥലപരിമിതിയുണ്ട്.

## പത്തനംതിട്ട

പത്തനംതിട്ട ജില്ലയിൽ അടൂർ, പത്തനംതിട്ട, തിരുവല്ല എന്നിവിടങ്ങളിലായി 3 കുടുംബകോടതികളാണ് പ്രവർത്തിക്കുന്നത്. നിലവിൽ പത്തനംതിട്ട കുടുംബകോടതിയിൽ ചില സാങ്കേതിക കാരണങ്ങളാൽ സിറ്റിംങ് നടക്കുന്നില്ല. എന്നാൽ തിരുവല്ല, അടൂർ കുടുംബകോടതികളിൽ ഒരു ജഡ്ജ് ആണ് സിറ്റിംങ് നടത്തുന്നത്. ആയതിനാൽ എല്ലാ ദിവസവും സിറ്റിംങുകൾ നടക്കുന്നില്ല. സ്വകാര്യത നിലനിർത്തികൊണ്ട് കൗൺസിലിംഗ്നടത്തുന്നതിന് വേണ്ട സംവിധാനങ്ങൾ ഇല്ല. സിറ്റിംങ് നടത്തുമ്പോൾ ആൾക്കൂട്ടം അധികമായതിനാൽ കുട്ടികൾക്ക് ഒരു സുരക്ഷിത അന്തരീക്ഷം ലഭ്യമല്ല. ബ്രസ്റ്റ് ഫീഡിങിനു വേണ്ട സ്ഥലമോ/ മുറികളോ ഇല്ല. കോടതിയിൽ കേസ് നടക്കുമ്പോൾ കുട്ടിയെ സുരക്ഷിതമായി ഇരുത്തുവാൻ വേണ്ട സൗകര്യമില്ല.

## കോട്ടയം

കോട്ടയം ജില്ലയിൽ 2 കുടുംബകോടതികളാണ് പ്രവർത്തിക്കുന്നത്. (പാലാ, ഏറ്റുമാനൂർ) ഏറ്റുമാനൂർ കുടുംബകോടതി പ്രവർത്തിക്കുന്നതിൽ ഒട്ടനവധി പ്രശ്നങ്ങൾ നേരിടുന്നു. മൂന്ന് നിലകെട്ടിടത്തിലായി പ്രവർത്തിച്ചുകൊണ്ടിരുന്ന കുടുംബകോടതിയിൽ ഇപ്പോൾ രണ്ടുനിലകളിലും മറ്റുകോടതികൾ പ്രവർത്തിക്കുന്നുണ്ട്. ആയതിനാൽ നിലവിൽ കുടുംബകോടതി പ്രവർത്തിക്കുന്ന കെട്ടിടത്തിൽ മതിയായ സൗകര്യങ്ങൾ ഇല്ല. പ്രിൻസിപ്പൽ കൗൺസിലർ കൗൺസിലിംങ് നടത്തുന്ന മുറിയിൽ യാതൊരു വിധ സൗകര്യങ്ങളുമില്ല. രണ്ട് പേർക്ക് കഷ്ടിച്ച് ഇരിക്കാൻ പറ്റുന്ന സൗകര്യമാണ് ഉള്ളത്. സ്വകാര്യത മാനിച്ച് കൊണ്ടുള്ള കൗൺസിലിംങ് നടത്താൻ സ്ഥലപരിമിയുണ്ട്.കുടുംബകോടതി പരിസരത്ത് മതിയായ രീതിയിലുള്ള ബഞ്ച്, കസേര, ഇരിപ്പിടം ഇല്ല. കുട്ടികൾക്കും, മാതാപിതാക്കൾക്കും ഒന്നിച്ച് ഇരിക്കാൻ ബുദ്ധിമുട്ട് ഉണ്ട്.കുട്ടികൾക്കായി ശിശു സൗഹാർദ്ദപരമായ സജ്ജീകരണങ്ങൾ, (മുലയൂട്ടൽ മുറികൾ, ശുചിമുറികൾ) ഒന്നും തന്നെയില്ല.

## ഇടുക്കി ജില്ല

ഇടുക്കി ജില്ലയിൽ രണ്ട് കുടുംബ കോടതികളാണുള്ളത്. തൊടുപുഴ സിവിൽ സ്റ്റേഷനിലും കട്ടപ്പനയിലുമാണ് ഈ കോടതികൾ പ്രവർത്തിക്കുന്നത്.കട്ടപ്പന കുടുംബ കോടതി അന്തരീക്ഷം ശിശു സൗഹാർദ്ദപരമല്ല. ബ്രസ്റ്റ് ഫീഡിംഗ് മുറി, കുട്ടികൾക്ക് വേണ്ടി വൃത്തിയുള്ള ശുചിമുറി, ഭക്ഷണം കഴിക്കുന്നതിന് പ്രത്യേക മുറി എന്നിവ സജ്ജീകരിച്ചിട്ടില്ല. തൊടുപുഴ കുടുംബ കോടതി തൊടുപുഴ സിവിൽ സ്റ്റേഷനിൽ ആണ് പ്രവർത്തിക്കുന്നത്. കുട്ടികൾക്കായി പ്രത്യേക ഇരിപ്പിടമോ, ശുചിമുറികളോ കുട്ടികളുടെ വിനോദ പ്രവർത്തനങ്ങൾക്കായുള്ള സജ്ജീകരണങ്ങളോ ഇവിടെയില്ല.

## ആലപ്പുഴ

ആലപ്പുഴ ജില്ലയിൽ മാവേലിക്കര, ആലപ്പുഴ എന്നിങ്ങനെ 2 കുടുംബക്കോടതി കളാണുള്ളത്. വളരെ

പരിമിതമായ ചുറ്റുപാടുകളിലാണ് കോടതി പ്രവർത്തിക്കുന്നത്. പ്രിൻസിപ്പൽ കൗൺസിലർ, കുട്ടികൾ, മാതാപിതാക്കൾ എന്നിവരുമായി നേരിട്ട് ആശയവിനിമയം നടത്തി. ആലപ്പുഴയിലെ സ്ഥലപരിമിതി കാരണം കൂട്ടമായി നിൽക്കുന്ന അവസ്ഥയാണുള്ളത്. കൗൺസിലിംഗ് മുറി വിസ്താരമുള്ളതും കുട്ടികൾക്കും മാതാപിതാക്കൾക്കും ഇരിക്കുന്നതുള്ള സൗകര്യമുള്ളതുമാണ്. കുടുംബകോടതി പരിസരത്ത് മതിയായ രീതിയിലുള്ള ബഞ്ച്, കസേര, ഇരിപ്പിടം ഇല്ല. കുട്ടികൾക്കും, മാതാപിതാക്കൾക്കും ഒന്നിച്ച് ഇരിക്കാൻ ബുദ്ധിമുട്ട് ഉണ്ട്.കുട്ടികൾക്കായി ശിശു സൗഹാർദ്ദപരമായ സജ്ജീകരണങ്ങൾ, (മുലയൂട്ടൽ മുറികൾ, ശുചിമുറികൾ) ഒന്നും തന്നെയില്ല.

## എറണാകുളം

എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ, നോർത്ത് പറവൂർ, ആലുവ, എറണാകുളം എന്നീ 4 കുടുംബകോടതികളാണ് ഉള്ളത്. വളരെ പരിമിതമായ ചുറ്റുപാടുകളിലാണ് ഇതിൽ പല കുടുംബകോടതികളും പ്രവർത്തിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, സാമ്പത്തിക പരിമിതികൾ, വാടക കെട്ടിടത്തിൻറെ പോരായ്മകൾ എന്നിവ കുടുംബകോടതി സാഹചര്യങ്ങളെ ദുഷ്കരമാക്കുന്നു. എറണാകുളം ജില്ലാ കോടതിക്കുള്ളിൽ പ്രവർത്തിക്കുന്ന കുടുംബകോടതിയിൽ കുട്ടികൾക്കായി പ്രത്യേകം തയ്യാറാക്കിക മുറി സജ്ജീകരിച്ചിട്ടുണ്ട്. മുറിയിൽ കളിക്കുന്നതിക്കിനും സമയം ചിലവഴിക്കുന്നതിനുമുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. കോടതി പരിസരത്തും കുട്ടികൾക്കും മാതാപിതാക്കൾക്കും ഇരിക്കുന്നതിനുള്ള ഇരിപ്പിടങ്ങൾ ഉണ്ട്. കുട്ടികൾക്ക് മാതാപിതാക്കൾ ഭക്ഷണം നൽകുന്നത് ഉൾപ്പടെ ഈ കോടതിയിൽ കാണുവാൻ സാധിച്ചു. ഒരുപാട് കുട്ടികൾ വരുന്നതിനാൽ എല്ലാവരും ഒരുമിച്ച് കളിക്കുന്നതും കാണാൻ സാധിച്ചു. കുട്ടികളെ മുലയൂട്ടുന്നതിന് പ്രത്യേക മുറിയും ഉണ്ട്. കസ്റ്റഡി കൊടുത്തിരിക്കുന്ന കുട്ടികളെ കോടതി വളപ്പിൽ മാതാപിതാക്കൾക്കും ബന്ധുക്കൾക്കും കാണാൻ ശനിയാഴ്ചകളിൽ സൗകര്യം ഉണ്ട്. ഇതിനായി രജിസ്റ്റർ സൂക്ഷിക്കുന്നു. കുട്ടികളെ കൊണ്ട് വരുന്ന സമയവും കൈമാറുന്ന സമയവും രേഖപ്പെടുത്തുന്നു. ശിശു സൗഹൃദ അന്തരീക്ഷം ഈ കോടതിയിൽ പ്രതിഫലിക്കുന്നു.

## തൃശ്ശൂർ

ജില്ലയിൽ 3 കുടുംബക്കോടതികളാണുള്ളത് (ഇരിങ്ങാലക്കുട, കുന്നംകുളം, തൃശ്ശൂർ). കുടുംബകോടതി ശിരസ്തദാർ, പ്രിൻസിപ്പൽ കൗൺസിലർമാർ, അഡീഷണൽ കൗൺസിലർമാർ, കുട്ടികൾ, എന്നിവരുമായി നേരിട്ട് ആശയവിനിമയം നടത്തി. കൗൺസിലിംങ് നടത്തുന്ന മുറിയിൽ യാതൊരുവിധ സൗകര്യങ്ങളുമില്ല. മാതാപിതാക്കൾ ബന്ധുക്കൾ എന്നിവരുമായി സംസാരിച്ചു. ശിശു സൗഹൃദ പരമായ സൗകര്യങ്ങൾ കോടതികളിൽ ഇല്ല. കുട്ടികളും മാതാപിതാക്കൾക്കും തനിച്ചിരുന്ന് സംസാരിക്കുന്നതിനുള്ള സൗകര്യം ഇല്ല. കുന്നംകുളം കോടതിയിൽ ഇരിപ്പിടങ്ങൾ വളരെ കുറവാണ്. കുട്ടികളുമായി വരുന്നവരും അല്ലാത്തവരും പടികളിലാണ് ഇരിക്കുന്നത്.

## പാലക്കാട്

ജില്ലയിൽ ഒറ്റപ്പാലം ഒലവക്കോട് എന്നീ രണ്ടും വീതം കുടുംബ കോടതികളാണുള്ളത്. പഴയ ഒരു വാടക വീട്ടിൽ പ്രവർത്തിക്കുന്ന ഒറ്റപ്പാലം കുടുംബകോടതിയിൽ കൗൺസിലിംങ് റൂം വളരെ ഇടുങ്ങിയ മുറിയിലാണ് പ്രവർത്തിക്കുന്നത്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഒലവകോടും അടിസ്ഥാന സൗകര്യങ്ങൾ വളരെ കുറവാണ്. രണ്ടു കോടതികളിലും കുട്ടികൾക്ക് സഹൃദപരമായ അന്തരീക്ഷമല്ല നിലവിലുള്ളത് . മീഡിയേഷൻ നടത്തുന്നതിനും കൗൺസിലിംഗ് നടത്തുന്നതിനും പരിമിതമായ സൗകര്യമേ ഉള്ളൂ. വിഷമങ്ങളും, വികാരവിക്ഷുബ്ധതകളും നിറഞ്ഞുനില്ക്കുന്ന ഇത്തരം കോടതി പരിസരങ്ങൾ കൂടുതൽ ശിശുസൗഹൃദമാകുന്നത് കുട്ടികളുടെ വൈകാര്യതലങ്ങൾക്ക് കൂടുതൽ കുളിർമ നല്കുവാൻ സഹായിക്കും.

## കോഴിക്കോട്

മാനാഞ്ചിറയിലും വടകരയിലുമായി കോഴിക്കോട് ജില്ലയിൽ രണ്ട് കുടുംബ കോടതികൾ നിലവിലുണ്ട്. മാനാഞ്ചിറ കുടുംബകോടതിയിൽ ബാലസൗഹൃദ അന്തരീക്ഷമാണുള്ളത്. കേസ് നടത്തുന്നതിന് കുട്ടികളുമായി എത്തുന്ന മാതാപിതാക്കൾക്കും കുട്ടികൾക്കും വിശ്രമിക്കുന്നതിനുള്ള സൗകര്യങ്ങൾ നിലവിലുണ്ട്. എന്നാൽ, വടകരയിൽ ബാലസൗഹൃദപരമായ കോടതിയല്ലെന്നും പഴയ കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നതെന്നും

കണ്ടെത്തിയിട്ടുണ്ട്. വടകരയിൽ പുതിയ കുടുംബ കോടതി സമുച്ചയം പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മലപ്പുറം

മലപ്പുറത്തും തിരൂരിലുമാണ് മലപ്പുറം ജില്ലയിലെ കുടുംബ കോടതികളുള്ളത്. മലപ്പുറം കോടതിയിൽ ധാരാളം കേസുകൾ നിലവിലുള്ളതിനാൽ കേസുകൾ തീർപ്പാക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. മുൻവർഷങ്ങളെ അപേക്ഷിച്ച് കേസുകളുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുവരുന്ന സാഹചര്യമാണ്. കേസുകളിൽ കൂടുതലും കൈക്കുഞ്ഞുങ്ങളുമായി എത്തുന്ന മാതാപിതാക്കളെയാണ് കണ്ടുവരുന്നത്. മലപ്പുറം കുടുംബ കോടതിയിൽ കേസ് നടത്തിപ്പുമായി ബന്ധപ്പെട്ട് വരുന്ന മാതാപിതാക്കൾക്കും കുട്ടികൾക്കും ഇരിക്കുന്നതിന് കോടതി പരിസരത്ത് അടിസ്ഥാന സൗകര്യങ്ങൾ ഇല്ല. കോടതി പരിസരത്ത് എപ്പോഴും വളരെ തിരക്കേറിയ സാഹചര്യമാണ് നിലവിലുള്ളത്. തിരൂർ കുടുംബ കോടതിയിൽ വൃത്തിയുള്ള ശുചിമുറികൾ, കൗൺസിലിംങ് സെന്ററുകൾ എന്നിവ ഉണ്ടെങ്കിലും ആയത് ബാലസൗഹൃദമല്ല. മലപ്പുറത്ത് പുതിയ കുടുംബ കോടതി സമുച്ചയം പണി നടന്നുകൊണ്ടിരിക്കുന്നു.

## വയനാട്

കൽപ്പറ്റ ആസ്ഥാനമാക്കിയാണ് ജില്ലാ കുടുംബകോടതി സ്ഥിതി ചെയ്യുന്നത്. പുതിയ കോടതി സമുച്ചയത്തിന്റെ സമീപത്ത് പഴയ കെട്ടിടത്തിലാണ് കുടുംബകോടതിയുള്ളത്. വിവാഹമോചന കേസ് ഫയൽ ചെയ്തിട്ടുള്ള മാതാപിതാക്കളുടെ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചുള്ള പഠനവുമായി ബന്ധപ്പെട്ട് സന്ദർശനം നടത്തിയ കാലയളവിൽ കുടുംബകോടതി ജഡ്ജ് ഇല്ലാതിരുന്നതിനാൽ കുടുംബകോടതിയിൽ സിറ്റിംഗുകളോ മീഡിയേഷനുകളോ കൗൺസിലിംഗോ നടത്തിയിരുന്നില്ല. പഴയ കെട്ടിടത്തിലുള്ള കോടതിയിൽ മാതാപിതാക്കളോടൊപ്പം ഹാജരാകുമ്പോൾ കുട്ടികൾക്ക് സമാധാനപരമായോ സുരക്ഷിതമായോ ഇരിക്കുന്നതിനോ കഴിക്കുന്നതിനോ സൗകര്യങ്ങൾ കോടതി പരിസരത്ത് നിലവിലില്ല.

## കണ്ണൂർ

കണ്ണൂർ ജില്ലയിലെ കുടുംബകോടതികൾ തലശ്ശേരിയിലും കണ്ണൂരിലുമാണുള്ളത്. തലശ്ശേരി കുടുംബകോടതി പരിസരത്ത് മാതാപിതാക്കളോടൊപ്പം കോടതിൽയിൽ എത്തുന്ന കുട്ടികൾക്ക് സമാധാനമായി ഇരുക്കുന്നതിനുള്ള സൗകര്യങ്ങളില്ല. കോടതി സമുച്ചയുത്തിന്റെ ഒന്നാം നിലയിൽ സ്ഥിതി ചെയ്യുന്ന കുടുംബകോടതിയിൽ ഹർജിക്കാർക്കും കക്ഷികൾക്കും ഇരിക്കുന്നതിനുള്ള ബഞ്ചുകൾ മാത്രമേയുള്ളൂ. കുട്ടികൾക്ക് ഭക്ഷണം കഴിക്കുന്നതിനോ കളിക്കുന്നതിനോ ശുചിമുറി ഉപയോഗിക്കുന്നതിനോ സൗകര്യമില്ല. വിവിധ കോടതികളുള്ള പഴയ കെട്ടിടത്തിൽ കുട്ടികൾക്ക് ഏറെ നേരം കാത്തിരിക്കേണ്ടിവരുന്ന സാഹചര്യംമാണുള്ളത്. കണ്ണൂർ കുടുംബകോടതിയിൽ താരതമ്യേന മെച്ചപ്പെട്ട അന്തരീക്ഷം ഉണ്ടെങ്കിലും കേസുമായി ബന്ധപ്പെട്ട് എത്തപ്പെടുന്ന കുട്ടികൾക്ക് കളിക്കുന്നതിനോ ഭക്ഷണം കഴിക്കുന്നതിനോ ഇരിക്കുന്നതിനോ സൗകര്യങ്ങളില്ല. കോടതി പരിസരത്ത് നിലവിലുള്ള മീഡിയേഷൻ സെന്ററിലും പരിമിതമായ സൗകര്യങ്ങൾ മാത്രമേ ഉള്ളൂ.

## കാസർഗോഡ്

കാസർഗോഡ് ജില്ലയിൽ വിദ്യാനഗറിൽ റോഡ് സൈഡിൽ ഉള്ള ഒരു വാടക കെട്ടിടത്തിലാണ് കുടുംബകോടതി പ്രവർത്തിക്കുന്നത്. കുടുംബകോടതിയിൽ വളരെ പരിമിതമായ സ്ഥലം മാത്രമേ ഉള്ളൂവെന്നും കോടതിയും പരിസരവും വളരെ വൃത്തിഹീനമായ സാഹചര്യത്തിലാണെന്നും കേസുകളുടെ ആവശ്യാർത്ഥം കോടതിയിലേക്ക് എത്തുന്ന കുട്ടികൾക്കും, സ്ത്രീകൾക്കും, മുതിർന്നവർക്കും  ഇരിക്കുന്നതിനുപോലും യാതൊരു അടിസ്ഥാന സൗകര്യങ്ങളുമില്ല എന്നുള്ളത് വസ്തുതയാണ്. കാസർഗോഡ് ജില്ലയിൽ കേസ് നടത്തിപ്പിനായി ഒരു കോടതി മാത്രമേയുള്ളു. കാഞ്ഞങ്ങാട് മാസത്തിൽ ഒരിക്കൽ സിറ്റിംഗ് നടത്തുന്നുവെന്നും അറിയാൻ സാധിച്ചു. കൗൺസിലിംഗിന്റെ സ്വകാര്യത മാനിക്കുന്നതിനായി യാതൊരു അന്തരീക്ഷവും  കാസർഗോഡ് കുടുംബ കോടതിയിൽ ഇല്ല. മാത്രമല്ല, കുട്ടികൾക്ക് ഭക്ഷണം കഴിക്കുന്നതിനോ മറ്റ് പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനോ ഉള്ള അടിസ്ഥാന സൗകര്യങ്ങളും ഇല്ല. കാസർഗോഡ് പുതിയ കുടുംബകോടതി സമുച്ചയം പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്.

## സ്വതന്ത്ര ചിൽഡ്രൻസ് ലോയർ (ICL) സ്കീം 2023

1987 ലെ ലീഗൽ സർവീസസ് അതോറിറ്റി ആക്റ്റിന്റെ സെഷൻ 12 (സി) ഒരു കുട്ടിക്ക് നിയമസേവനത്തിന് അർഹതയുണ്ടെന്ന് വ്യക്തമായി പറയുന്നു. 18 വയസ്സിന് താഴെയുള്ള എല്ലാവരും കുട്ടികളായതിനാൽ സൗജന്യ നിയമ സഹായത്തിനും നിയമ സേവനങ്ങൾക്കും അവർക്ക് അർഹതയുണ്ട്. അതിനാൽ തന്നെ കോടതി നടപടികളിൽ അവകാശങ്ങൾ സംരക്ഷിക്കപ്പെടുവാനുള്ള അർഹത അവർക്കുണ്ട്. രാജ്യത്തെ നിയമ സേവന അതോറിറ്റികൾ, നിയമസഹായം നൽകിക്കൊണ്ട്, കുട്ടികളുടെ കേസ് നടപടികളിൽ അനുകൂല നിലപാട് സ്വീകരിക്കുന്നതിന് നിയമപരമായി ബാധ്യസ്ഥരാണ്.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ ഒപി (എഫ്. സി) 360/2023ൽ നിയമിച്ച അമിക്കസ് ക്യൂറി ഒരു സ്വതന്ത്ര ‹ചിൽഡ്രൻസ് ലോയർ സ്കീം› രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം ബഹുമാനപ്പെട്ട കോടതി അംഗീകരിക്കുകയും ഒപി (എഫ്സി) 445/2023 നിർദ്ദേശിച്ച് ജുഡീഷ്യൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. കോഴിക്കോട് ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി, കോടതി നടപടികളിൽ അവരെ പ്രതിനിധീകരിക്കുന്നതിന് ബന്ധപ്പെട്ട കേസിലെ കുട്ടികൾക്ക് സൗജന്യ pro bono) സേവനം ലഭ്യമാക്കാൻ തയ്യാറുള്ള അനുയോജ്യരായ അഭിഭാഷകരെ ആദ്യമായി കണ്ടെത്തി. അപ്രകാരം കസ്റ്റഡി വിഷയങ്ങളിൽ സ്വതന്ത്ര അഭിഭാഷകരെ നിയമിക്കുന്നതിനുള്ള ഒരു പദ്ധതി കേരളത്തിൽ ആവിഷ്കരിച്ചു.

കേരളത്തിലെ കുടുംബ കോടതികളിലും ബഹു. ഹൈക്കോടതിയിലും കസ്റ്റഡി വിഷയങ്ങളിൽ ഉൾപ്പെട്ട കുട്ടികൾക്കായി ആവശ്യാനുസരണം അവർക്കുവേണ്ടി നിയമിക്കപ്പെട്ട ‹കുട്ടികളുടെ സ്വതന്ത്ര അഭിഭാഷകൻ (Independent Child Lawyer (ICL) ഇടപെടുന്നു. ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ, കുടുംബ കോടതികൾ, ബഹു. കേരള ഹൈക്കോടതി എന്നിവയ്ക്ക് മുമ്പാകെയുള്ള വ്യവഹാരങ്ങളുടെ പ്രാരംഭ ഘട്ടം മുതൽ, ബന്ധപ്പെട്ട കക്ഷികൾ അഭ്യർത്ഥിക്കുന്നതനുസരിച്ച് ഐസിഎൽ (ICL) കുട്ടികൾക്കായി സേവനങ്ങൾ നല്കും. ഏതെങ്കിലും തരത്തിലുള്ള അനുബന്ധ വ്യവഹാരങ്ങൾ അല്ലെങ്കിൽ പ്രത്യേക നിയമപരമായ വ്യവസ്ഥകൾ ആവശ്യപ്പെടുന്ന വ്യവഹാരങ്ങളിലും, അപ്പീലുകളിലും, ബഹു. കേരള ഹൈക്കോടതിയുടെ മേൽനോട്ട അധികാരങ്ങൾ ആവശ്യപ്പെടുന്ന ഹർജികളിലും കഴിവുറ്റ നിയമ സേവനങ്ങൾ നല്കും.

രക്ഷിതാക്കൾ തമ്മിലുള്ള തർക്കത്തിൽ ഏറ്റവുമധികം പ്രതിസന്ധികൾ നേരിടുന്ന കുട്ടികൾക്ക് പ്രൊഫഷണലുകളിൽ നിന്ന് പൂർണ്ണമായ വൈകാരിക പിന്തുണ ആവശ്യമാണ്. അത് അവരുടെ ആഗ്രഹങ്ങൾ തുറന്ന് പ്രകടിപ്പിക്കാനും അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന ഉചിതമായ തീരുമാനങ്ങൾ എടുക്കുവാനും സഹായിക്കും. കേരള സർക്കാരിൻറെ വനിതാ-ശിശുവികസന വകുപ്പിന് കീഴിലുള്ള ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന് കീഴിൽ പ്രവർത്തിക്കുന്ന ജില്ലാ റിസോഴ്സ് സെൻറർ കുട്ടികളുടെ മാനസികാരോഗ്യം വിലയിരുത്തുന്നതിന്, പാനൽ അഭിഭാഷകരെ സഹായിക്കുന്നതിന് സൈക്കോളജിസ്റ്റുകൾ / കൗൺസിലർമാർ / സാമൂഹിക പ്രവർത്തകർ എന്നിവരുടെ സേവനം നൽകും.

## കസ്റ്റഡി, ഗാർഡിയൻഷിപ്പ് കേസുകളിൽ കുട്ടികൾക്കുള്ള ശിശുസൗഹൃദ നിയമ സേവനങ്ങൾ

കുടുംബ തർക്കങ്ങളിൽ ഉൾപ്പെട്ട കുട്ടികൾക്കായുള്ള സംരക്ഷണവും പിന്തുണയും ഉറപ്പാക്കുന്നതിനായി, ദേശീയ നിയമ സേവന അതോറിറ്റി (NALSA), കുട്ടികൾക്കുവേണ്ടി ‹ശിശുസൗഹൃദ നിയമ സേവനങ്ങൾ പദ്ധതി, 2024, മുഖേന മുഖ്യപങ്ക് വഹിക്കുന്നു. ഇത്തരം കേസുകളിൽ കുട്ടികളുടെ ഉത്തമ താൽപര്യം മുൻഗണനയായി കണക്കാക്കുന്നു. അവർക്ക് നിയമപരമായും മാനസികമായും ആവശ്യമായ സംരക്ഷണം നൽകുകയും ബാലസൗഹൃദ നിലപാടുകൾ വഴി നീതി ഉറപ്പാക്കുകയും ചെയ്യുന്നു.

## NALSA യുടെ പ്രധാന സ്കീമുകളും വ്യവസ്ഥകളും

1. കുട്ടികൾക്കായുള്ള ശിശുസൗഹൃദ നിയമ സേവനങ്ങൾ പദ്ധതി, 2024

   a. സൗജന്യ നിയമസഹായം: കസ്റ്റഡി, രക്ഷാകർതൃത്വ തർക്കങ്ങൾ, വിവാഹമോചനം തുടങ്ങിയ കേസുകളിൽ കുട്ടികൾക്ക് സൗജന്യ നിയമസഹായം നൽകുന്നു.

   b. വിശേഷ സേവനങ്ങൾ: കുട്ടികളെ കേൾക്കുകയും (Listening Children) അവർക്ക് ഭയമില്ലാത്ത അന്തരീക്ഷം പ്രദാനം ചെയ്യുകയും ചെയ്യുന്നു.

   c. ട്രോമ-ബോധിത സമീപനം (Trauma informed approach): അഭിഭാഷകർ തീവ്ര മാനസിക വ്യഥയും (Trauma) മാനസിക സ്ഥിതികളെയും മനസിലാക്കി കുട്ടികൾക്ക് അനുയോജ്യമായ പിന്തുണ നൽകുന്നു.

   d. (ഔട്ട്റീച്ച്) പ്രോഗ്രാമുകൾ: കളങ്കത്തിനെതിരെ (Stigma) ബോധവൽക്കരണവും പുനരധിവാസത്തിനുള്ള നടപടികളും നടപ്പിലാക്കുന്നു.

2. ലീഗൽ സർവീസസ് അതോറിറ്റി ആക്റ്റ്, 1987

   a. സെക്ഷൻ 12(സി) പ്രകാരം എല്ലാ കുട്ടികൾക്കും സൗജന്യ നിയമസഹായത്തിന് അർഹതയുണ്ട്.

   b. കസ്റ്റഡി, ഗാർഡിയൻഷിപ്പ് തർക്കങ്ങൾ എന്നിവയിൽ കുട്ടികളെ സംരക്ഷിക്കുന്നതിൽ നിയമ സേവനങ്ങൾ ലഭ്യമാക്കുന്നു.

   c. ജെജെ ആക്റ്റ്, അവഗണിക്കപ്പെടുന്ന കുട്ടികളെ ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾ (CNCP) എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തുന്നു.

   d. കുട്ടികൾക്ക് കൗൺസിലിംഗ്, ബദൽ പരിചരണം, നിയമ സഹായം എന്നിവ ലഭ്യമാക്കുന്നു.

3. NALSA (ലീഗൽ സർവീസസ് ക്ലിനിക്കുകൾ) റെഗുലേഷൻസ്, 2011

കുടുംബ കോടതികൾ, ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ക്ലിനിക്കുകൾ കുട്ടികൾക്കും രക്ഷിതാക്കൾക്കും സൗകര്യപ്രദമാക്കുന്നു.

## NALSA നടപ്പാക്കൽ രീതികൾ

a. ശിശുസൗഹൃദ സമീപനം: അഭിഭാഷകർ കുട്ടികളുടെ മാനസിക അവസ്ഥ മനസ്സിലാക്കുകയും ശിശുസൗഹൃദമായ പ്രവർത്തന രീതികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

b. പരിശീലനം: അഭിഭാഷകർ, പാരാ-ലീഗൽ വോളൻറിയർമാർ എന്നിവർക്കും കുട്ടികളുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക പരിശീലനം നൽകുന്നു.

c. കമ്മ്യൂണിറ്റി ഔട്ട്റീച്ച്: കുട്ടികളും രക്ഷിതാക്കളും അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധവാന്മാരാകുന്നതിനായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു.

**d.** **NALSA** യുടെ വിവിധ പദ്ധതികൾ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും കുടുംബ തർക്കങ്ങളിലെ മാനസിക സമ്മർദങ്ങളിൽ നിന്നും അവരെ രക്ഷപ്പെടാൻ സഹായിക്കുന്നതിനുമുള്ള ഒരു സമഗ്രമായ നടപടിക്രമമാണ്. ഇതിലൂടെ, കുട്ടികളെ കേൾക്കുകയും അവരുടെ ഉത്തമ താൽപര്യം ഉറപ്പാക്കുകയും ചെയ്യുന്നു. ഈ ശ്രമങ്ങൾ കുട്ടികൾക്ക് സുരക്ഷിതത്വവും ശിശുസൗഹൃദവുമായ ഒരു സമൂഹം സൃഷ്ടിക്കുന്നതിനുള്ള വഴിയൊരുക്കുന്നു.


## വിവരങ്ങളുടെ ക്രോഡീകരണവും വിശകലനവും

ഗവേഷണ പഠനത്തിന്റെ ഭാഗമായി ശേഖരിച്ച വിവരങ്ങൾ ഗവേഷകർ വിശകലനം ചെയ്യുകയുണ്ടായി. പ്രത്യേക ലക്ഷ്യങ്ങൾക്കനുസൃതമായി ശേഖരിച്ച വിവരങ്ങളുടെ ഭാഗമായി വിശകലനവും വ്യാഖ്യാനവും പട്ടികകളുടെയും ഗ്രാഫുകളുടെയും രൂപത്തിൽ അവതരിപ്പിക്കുന്നു. ഈ പഠനവിശകലനത്തിന്റെ ഭാഗമായി ലഭിച്ച വിശദാംശങ്ങൾ പുതിയ കണ്ടെത്തലുകൾക്കും നിർദ്ദേശങ്ങൾക്കും സഹായകമായിട്ടുണ്ട്.

**പട്ടിക – 1**

**ലിംഗാടിസ്ഥാനത്തിലുള്ള കുട്ടികളുടെ എണ്ണം**

| ലിംഗം | എണ്ണം |
|---|---|
| ആൺ | 52 |
| പെൺ | 68 |
| ആകെ | 120 |





പഠനവുമായി ബന്ധപ്പെട്ട് സർവ്വെയിൽ പങ്കെടുത്ത കുട്ടികളിൽ 57% പെൺകുട്ടികളും 43% ആൺകുട്ടികളുമാണ്.

**പട്ടിക – 2**

**വയസ്സടിസ്ഥാനത്തിലുള്ള കുട്ടികളുടെ എണ്ണം**

| കുട്ടിയുടെ വയസ്സ് | എണ്ണം |
|---|---|
| 6-12 | 88 |
| 13-18 | 32 |
| ആകെ | 120 |





പഠനവുമായി ബന്ധപ്പെട്ട് സർവ്വെയിൽ പങ്കെടുത്ത കുട്ടികളിൽ 6 മുതൽ 12 വയസ്സുവരെയുള്ള 88% കുട്ടികളും, 13 മുതൽ 18 വയസ്സുവരെയുള്ള 32% കുട്ടികളും ഉൾപ്പെടുന്നു.

**പട്ടിക – 3**

**ക്ലാസ്സടിസ്ഥാനത്തിലുള്ള കുട്ടികളുടെ എണ്ണം**

| ക്ലാസ്സ് | എണ്ണം |
|---|---|
| 1-4 | 36 |
| 5-7 | 52 |
| 8-10 | 17 |
| 11-12 | 15 |
| ആകെ | 120 |





സർവ്വെയിൽ പങ്കെടുത്ത ആകെ കുട്ടികളിൽ 30% കുട്ടികൾ 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്നവരും 43% കുട്ടികൾ 5 മുതൽ 7-ാം ക്ലാസ് വരെ പഠിക്കുന്നവരും, 14% കുട്ടികൾ 8 മുതൽ 10-ാം ക്ലാസ് വരെ പഠിക്കുന്നവരും ഹയർസെക്കൻററി തലത്തിൽ പഠിക്കുന്ന 13% കുട്ടികളുമാണ്.

**പട്ടിക – 4**

**കോടതിയിൽ പോകുന്നതിൽ കുട്ടിയുടെ താൽപര്യം**

| | |
|---|---|
| **ഉണ്ട്** | **15** |
| **ഇല്ല** | **93** |
| **പ്രതികരിക്കാത്തവർ** | **12** |
| **ആകെ** | **120** |





സർവ്വെയിൽ പങ്കെടുത്തവരിൽ 78 %പേർക്കും കോടതിയിൽ പോകുവാൻ താല്പര്യമില്ലാത്തവരാണ്.

പട്ടിക – 5

**കോടതിയിൽവച്ച് പിരിഞ്ഞുപോയ അച്ഛനെ/അമ്മയെ കാണുമ്പോൾ കുട്ടിക്കുണ്ടാകുന്ന വികാരങ്ങൾ**

| | |
|---|---|
| ഇഷ്ടം | 29 |
| ദേഷ്യം | 32 |
| സങ്കടം | 22 |
| ഭയം | 12 |
| പ്രതികരിക്കാത്തവർ | 25 |
| ആകെ | 120 |





സർവ്വെയിൽ പങ്കെടുത്തവരിൽ 24% കുട്ടികൾക്ക് പിരിഞ്ഞുപോയ അച്ഛനെയോ അമ്മയെയോ കോടതിയിൽവച്ച് കാണുമ്പോൾ ഇഷ്ടം തോന്നാറുണ്ടെന്നും എന്നാൽ 27% കുട്ടികൾക്ക് ദേഷ്യവും 18% കുട്ടികൾക്ക് സങ്കടവും 10% കുട്ടികൾക്ക് ഭയവും ഉണ്ടാകുന്നുണ്ടെന്ന് പ്രതികരിക്കുകയുണ്ടായി. ഇക്കാര്യത്തോട് 21% കുട്ടികൾ പ്രതികരിച്ചിട്ടില്ല.

പട്ടിക – 6

**കോടതിയിൽ ജഡ്ജ് കുട്ടിയുടെ താൽപര്യം ചോദിക്കാറുണ്ടോ**

| കുട്ടിയുടെ താൽപര്യം ചോദിക്കാറുണ്ടോ | |
|---|---|
| ഉണ്ട് | 35 |
| ഇല്ല | 65 |
| പ്രതികരിക്കാത്തവർ | 20 |
| ആകെ | 120 |





സർവ്വെയിൽ പങ്കെടുത്ത കുട്ടികളിൽ ജഡ്ജ് കുട്ടിയുടെ താൽപര്യം ചോദിക്കാറില്ലെന്ന് 54% കുട്ടികളും ഉണ്ടെന്ന് 29% കുട്ടികളും പ്രതികരിച്ചു. 17% കുട്ടികൾ ഇത് സംബന്ധിച്ച് പ്രതികരിച്ചില്ല.

പട്ടിക – 7

**വിചാരണ സമയത്ത് പ്രയാസങ്ങൾ**
**തുറന്നുപറയണമെന്ന് കുട്ടിക്ക് തോന്നാറുണ്ടോ**

| കുട്ടിയുടെ പ്രയാസങ്ങൾ തുറന്നുപറയണമെന്ന് കുട്ടിക്ക് തോന്നാറുണ്ടോ | |
|---|---|
| ഉണ്ട് | 72 |
| ഇല്ല | 25 |
| പ്രതികരിക്കാത്തവർ | 23 |





സർവ്വെയിൽ പങ്കെടുത്തവരിൽ 60% കുട്ടികൾക്ക് കേസിന്റെ വിചാരണ സമയത്ത് അവരുടെ പ്രയാസങ്ങൾ മറ്റാരോടെങ്കിലും തുറന്നുപറയണമെന്ന് ആഗ്രഹമുണ്ടെന്നും 21% കുട്ടികൾക്ക് ഇപ്രകാരം തോന്നാറില്ലെന്നും പ്രതികരിച്ചു. 19% കുട്ടികൾ ഇക്കാര്യത്തോട് പ്രതികരിച്ചില്ല.

പട്ടിക – 8

**വിചാരണ സമയത്ത് പ്രയാസങ്ങൾ ആരോട് തുറന്നുപറയണമെന്നാണ് കുട്ടി ആഗ്രഹിക്കുന്നത്**

| തുറന്നുപറയാൻ ആഗ്രഹിക്കുന്നത് | |
|---|---|
| ആരോടെങ്കിലും | 10 |
| കൗൺസിലർ | 9 |
| ടീച്ചർ | 15 |
| അമ്മ | 9 |
| കൂട്ടുകാർ | 29 |
| പ്രതികരിക്കാത്തവർ | 48 |
| ആകെ | 120 |





കേസ് നടന്നുകൊണ്ടിരിക്കുന്ന സമയത്ത് 24% കുട്ടികൾ അവരുടെ കൂട്ടുകാരോടും 13% കുട്ടികൾ ടീച്ചറോടും 7% കുട്ടികൾ അമ്മ/കൗൺസിലർ എന്നിവരോടും 8% കുട്ടികൾ ആരോടെങ്കിലും അവരുടെ പ്രയാസങ്ങൾ തുറന്നുപറയാൻ ആഗ്രഹിക്കുന്നു. 40% കുട്ടികൾ ഇക്കാര്യത്തോട് പ്രതികരിച്ചില്ല. ഇതിൽ നിന്നും വിവാഹമോചന കേസുകളുമായി ബന്ധപ്പെട്ട് കോടതികളിൽ എത്തപ്പെടുന്ന കുട്ടികളെ കേൾക്കുന്നതിനും അവർക്ക് മാനസിക പിന്തുണ നൽകി വിഷമങ്ങൾ കുറയ്ക്കുന്നതിനും നിർബന്ധമായും പരിശീലനവും പരിജ്ഞാനവുമുള്ള ചൈൽഡ് സൈക്കോളജിസ്റ്റുകൾ കുടുംബകോടതികളിൽ ഉണ്ടാകേണ്ടത് അത്യാന്താപേക്ഷിതമാണെന്ന് മനസ്സിലാക്കുന്നു.

പട്ടിക – 9

**മാതാപിതാക്കൾ വേർപിരിഞ്ഞതുകൊണ്ട് സ്കൂൾ മാറേണ്ടിവന്ന സാഹചര്യത്തിൽ കൂട്ടുകാർ നഷ്ടപ്പെട്ടതിൽ ദുഃഖം ഉണ്ടോ**

| കൂട്ടുകാർ നഷ്ടപ്പെട്ടതിൽ ദുഃഖം ഉണ്ടോ | |
|---|---|
| ഉണ്ട് | 51 |
| ഇല്ല | 58 |
| പ്രതികരിക്കാത്തവർ | 11 |
| ആകെ | 120 |
| | |





പഠനം നടത്തിയവരിൽ സ്കൂൾ മാറിയ സാഹചര്യത്തിൽ കൂട്ടുകാർ നഷ്ടപ്പെട്ടതിൽ 51 കുട്ടികൾക്ക് ദുഃഖമുണ്ടായതായും 58 കുട്ടികൾക്ക് അപ്രകാരം ഉണ്ടായിട്ടില്ലെന്നും അറിയിച്ചു. 11 കുട്ടികൾ പ്രതികരിച്ചില്ല. കോടതി നടപടിക്രമങ്ങളുടെ (കസ്റ്റഡി) ഭാഗമായി അപ്രതീക്ഷിതമായി ഒരു സ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്തേക്ക് മാറുന്ന സാഹചര്യത്തിൽ കുട്ടികൾക്ക് സ്കൂളുകളും മാറേണ്ടി വരുന്നു. ഈ സാഹചര്യത്തിൽ കൂട്ടുകാരെ പിരിയേണ്ടിവരുന്നതിന്റെ വിഷമം കാരണം പഠനത്തിൽ താൽപ്പര്യം കുറയുകയും ചെയ്യുന്നു.

പട്ടിക – 10

**മാതാപിതാക്കൾ വഴക്ക് കൂടുമ്പോൾ കുട്ടിയെ കുറ്റം പറയാറുണ്ടോ**

| കുട്ടിയെ കുറ്റം പറയാറുണ്ടോ | |
|---|---|
| ഉണ്ട് | 28 |
| ഇല്ല | 74 |
| പ്രതികരിക്കാത്തവർ | 18 |
| ആകെ | 120 |





പഠനം നടത്തിയ കുട്ടികളിൽ മാതാപിതാക്കൾ തമ്മിൽ വഴക്കുകൂടുമ്പോൾ തങ്ങളെ കുറ്റം പറയാറില്ലെന്ന് 62% കുട്ടികളും അപ്രകാരം ചെയ്യാറുണ്ടെന്ന് 23% കുട്ടികളും അറിയിച്ചു. 15% കുട്ടികൾ ഇതിനോട് പ്രതികരിച്ചില്ല.

പട്ടിക – 11

**മാതാപിതാക്കൾ വഴക്ക് കൂടുമ്പോൾ കുട്ടിയെ കുറ്റം പറയുന്നതിൽ കുട്ടിക്ക് വിഷമം ഉണ്ടാകാറുണ്ടോ**

| കുട്ടിക്ക് വിഷമം ഉണ്ടാകാറുണ്ടോ | |
|---|---|
| ഉണ്ട് | 28 |
| ഇല്ല | 42 |
| പ്രതികരിക്കാത്തവർ | 50 |
| ആകെ | 120 |





പഠനം നടത്തിയതിൽ മാതാപിതാക്കൾ വഴക്ക് കൂടുമ്പോൾ കുട്ടികളെ കുറ്റം പറയുന്നതിൽ 28 കുട്ടികൾക്ക് വിഷമമുണ്ടെന്നും അപ്രകാരം ഇല്ലായെന്ന് 42 കുട്ടികളും അറിയിച്ചു. 50 കുട്ടികൾ ഇതിനോട് പ്രതികരിച്ചില്ല.

പട്ടിക – 12

**മാതാപിതാക്കൾ വേർപിരിഞ്ഞിരിക്കുന്ന സമയത്ത് മറ്റുള്ളവരുമായി ഇടപഴകുന്നതിൽ കുട്ടികൾ ബുദ്ധിമുട്ടുകൾ നേരിട്ടിട്ടുണ്ടോ**

| കുട്ടികൾ ബുദ്ധിമുട്ടുകൾ നേരിട്ടിട്ടുണ്ടോ | |
|---|---|
| ഉണ്ട് | 28 |
| ഇല്ല | 92 |
| ആകെ | 120 |





പഠനം നടത്തിയവരിൽ മാതാപിതാക്കൾ വേർപിരിഞ്ഞിരിക്കുന്ന സമയത്ത് മറ്റുള്ളവരുമായി ഇടപഴകുന്നതിൽ ബുദ്ധിമുട്ടുകൾ നേരിടുന്നതായി 28 കുട്ടികളും അപ്രകാരം ഇല്ലായെന്ന് 92 കുട്ടികളും അറിയിച്ചു.

**പട്ടിക – 13**

**മാതാപിതാക്കൾ വേർപിരിഞ്ഞു താമസിക്കുന്നതുകൊണ്ട് കുട്ടികൾക്കുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് കുട്ടികൾ പ്രകടിപ്പിച്ച ആഗ്രഹം**

| കുട്ടിയുടെ ആഗ്രഹം | |
|---|---|
| മാതാപിതാക്കളോടൊപ്പം ജീവിക്കണം | 43 |
| കൗൺസിലിംഗ് വേണം | 18 |
| തുടർന്നും പഠിക്കണം | 20 |
| മറ്റാരോടെങ്കിലും സംസാരിക്കണം | 12 |
| സഹോദരങ്ങളോടൊപ്പം ജീവിക്കണം | 7 |
| പ്രതികരിക്കാത്തവർ | 20 |
| ആകെ | 120 |





പഠനം നടത്തിയവരിൽ മാതാപിതാക്കൾ വേർപിരിഞ്ഞതുകൊണ്ട് കുട്ടികൾക്കുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് 43 കുട്ടികൾ മാതാപിതാക്കളോടൊപ്പം ജീവിക്കണമെന്നും 18 കുട്ടികൾ കൗൺസിലിംഗ് വേണമെന്നും 20 കുട്ടികൾ തുടർന്നും പഠിക്കണമെന്നും 12 കുട്ടികൾ മറ്റാരോടെങ്കിലും സംസാരിക്കണമെന്നും 7 കുട്ടികൾ സഹോദരങ്ങളോടൊപ്പം ജീവിക്കണമെന്നും അഭിപ്രായപ്പെടുകയുണ്ടായി. 20 കുട്ടികൾ ഇക്കാര്യത്തോട് പ്രതികരിച്ചില്ല.

**പട്ടിക – 14**

**മാതാപിതാക്കൾ വേർപിരിഞ്ഞതുകൊണ്ട് കുട്ടിക്കുണ്ടായ പ്രയാസങ്ങൾ പങ്കുവെയ്ക്കാറുണ്ടോ**

| കുട്ടിക്കുണ്ടായ പ്രയാസങ്ങൾ ആരെങ്കിലുമായി കുട്ടി പങ്കുവെയ്ക്കാറുണ്ടോ | |
|---|---|
| ഉണ്ട് | 67 |
| ഇല്ല | 41 |
| പ്രതികരിക്കാത്തവർ | 12 |
| ആകെ | 120 |





മാതാപിതാക്കൾ വേർപിരിഞ്ഞതുകൊണ്ട് കുട്ടിക്ക് ഉണ്ടായ പ്രയാസങ്ങൾ ആരെങ്കിലുമായി പങ്കുവയ്ക്കാറുണ്ടോ എന്ന ചോദ്യത്തിന് 56% കുട്ടികൾ പ്രയാസങ്ങൾ പങ്കുവയ്ക്കാറുണ്ട് എന്നും 41% കുട്ടികൾ ഇല്ല എന്നും പറഞ്ഞു. 10% കുട്ടികൾ ഈ ചോദ്യത്തിനോട് പ്രതികരിച്ചില്ല.

## പട്ടിക – 15

**മാതാപിതാക്കൾ വേർപിരിഞ്ഞതുകൊണ്ട് കുട്ടിക്കുണ്ടായ പ്രയാസങ്ങൾ ആരോടാണ് പങ്കുവെക്കുന്നത്**

| കുട്ടികൾക്കുണ്ടാകുന്ന പ്രയാസങ്ങൾ ആരോടാണ് പങ്കുവെക്കുന്നത് | |
|---|---|
| അമ്മ | 24 |
| അമ്മയുടെ അച്ഛൻ | 6 |
| ടീച്ചർ | 14 |
| കൂട്ടുകാർ | 4 |
| അച്ഛൻ | 3 |
| അച്ഛൻറെ അമ്മ | 2 |
| അമ്മയുടെ അമ്മ | 4 |
| കൗൺസിലർ | 10 |
| പ്രതികരിക്കാത്തവർ | 53 |
| ആകെ | 120 |





പഠനം നടത്തിയവരിൽ മാതാപിതാക്കൾ വേർപിരിഞ്ഞതുകൊണ്ട് ഉണ്ടായ പ്രയാസങ്ങൾ 20% കുട്ടികൾ അവരുടെ അമ്മയുമായും 5% കുട്ടികൾ അമ്മയുടെ അച്ഛനുമായും 12% കുട്ടികൾ ടീച്ചറുമായും 3% കുട്ടികൾ കൂട്ടുകാരുമായും 3% കുട്ടികൾ അച്ഛനുമായും 2% കുട്ടികൾ അച്ഛന്റെ അമ്മയുമായും 3% കുട്ടികൾ അമ്മയുടെ അമ്മയുമായും 8% കുട്ടികൾ കൗൺസിലറുമായും പങ്കുവെക്കാറുണ്ടെന്ന് അറിയിച്ചു. 44% കുട്ടികൾ ഇതുമായി ബന്ധപ്പെട്ട് പ്രതികരിച്ചില്ല.

## പട്ടിക – 16

**വിവാഹമോചനത്തിന് മുമ്പോ ശേഷമോ അച്ഛന്റെയോ അമ്മയുടെയോ പക്ഷം ചേരാൻ കുട്ടിക്കുണ്ടായ സമ്മർദ്ദം**

| അച്ഛന്റെയോ അമ്മയുടെയോ പക്ഷം ചേരാൻ കുട്ടിക്ക് സമ്മർദ്ദമുണ്ടായിട്ടുണ്ടോ | |
|---|---|
| ഉണ്ട് | 27 |
| ഇല്ല | 73 |
| പ്രതികരിക്കാത്തവർ | 20 |
| ആകെ | 120 |





പഠനം നടത്തിയവരിൽ അച്ഛന്റെ അമ്മയുടെയോ പക്ഷം ചേരാൻ കുട്ടിക്ക് സമ്മർദ്ദം ഉണ്ടായിട്ടുണ്ടോ എന്ന ചോദ്യത്തിന് 61% കുട്ടികൾ ഇല്ല എന്നും 22% കുട്ടികൾ സമ്മർദ്ദം ഉണ്ടായിട്ടുണ്ട് എന്നും ഉത്തരം നൽകുകയും ചെയ്തു. 17% കുട്ടികൾ ഈ ചോദ്യത്തിനോട് പ്രതികരിച്ചില്ല.

**പട്ടിക – 17**

**വിവാഹമോചനത്തിന് മുമ്പോ ശേഷമോ അച്ഛന്റെയോ അമ്മയുടെയോ പക്ഷം ചേരാൻ കുട്ടിക്ക് ആരിൽ നിന്നാണ് സമ്മർദ്ദം ഉണ്ടായത്**

| സമ്മർദ്ദം ചെലുത്തിയത് | |
|---|---|
| അമ്മ | 22 |
| അച്ഛൻ | 2 |
| അച്ഛന്റെ അമ്മ | 1 |
| അച്ഛന്റെ അച്ഛൻ | 1 |
| അമ്മയുടെ അച്ഛൻ | 2 |
| അമ്മയുടെ അമ്മ | 1 |
| ബാധകമല്ല | 61 |
| പ്രതികരിക്കാത്തവർ | 30 |
| ആകെ | 120 |





വിവാഹമോചനത്തിന് മുമ്പോ/ശേഷമോ അച്ഛന്റെയോ അമ്മയുടെയോ പക്ഷം ചേരാൻ സമ്മർദ്ദമുണ്ടായിട്ടുണ്ടെന്ന് അറിയിച്ച കുട്ടികളിൽ 20% കുട്ടികൾക്ക് അവരുടെ അമ്മയിൽ നിന്നും 3% കുട്ടികൾക്ക് അമ്മയുടെ ബന്ധുമിത്രാദികളിൽ നിന്നും 2% കുട്ടികൾക്ക് അച്ഛനിൽ നിന്നും 2% കുട്ടികൾക്ക് അച്ഛൻറെ ബന്ധുമിത്രാദികളിൽ നിന്നും സമ്മർദ്ദം ഉണ്ടായിട്ടുള്ളതായി മനസ്സിലാക്കാം.

**പട്ടിക – 18**

**കോടതിയുടെ നിർദ്ദേശപ്രകാരമല്ലാതെ കുട്ടിയെ കോടതിയിൽ കൊണ്ടുപോകാറുണ്ടോ**

| കുട്ടിയെ കോടതിയിൽ കൊണ്ടുപോകാറുണ്ടോ | |
|---|---|
| ഉണ്ട് | 62 |
| ഇല്ല | 58 |
| ആകെ | 120 |





പഠനവുമായി ബന്ധപ്പെട്ട് സമീപിച്ച കുട്ടികളുടെ മാതാപിതാക്കളിൽ 52% കുട്ടികളുടെ മാതാപിതാക്കൾ കുട്ടികളെ കോടതി നിർദ്ദേശപ്രകാരമല്ലാതെ കോടതിയിൽ കൊണ്ടുപോകാറുണ്ടെന്നും 48% കുട്ടികളുടെ മാതാപിതാക്കൾ കൊണ്ടുപോകാറില്ലായെന്നും അഭിപ്രായപ്പെട്ടു.

പട്ടിക – 19

**കോടതി നിർദ്ദേശപ്രകാരമല്ലാതെ കുട്ടിയെ കോടതിയിൽ കൊണ്ടുപോകുന്നതിനുള്ള കാരണം**

| | |
|---|---|
| **കുട്ടികളെ സംരക്ഷിക്കാൻ വീട്ടിൽ ആരുമില്ല** | **44** |
| **കുട്ടി വീട്ടിൽ തനിച്ചായതിനാൽ** | **18** |
| **കുട്ടി അമ്മയുടെ കൂടെ പോകാൻ ഇഷ്ടപെടുന്നു** | **12** |
| **കോടതിയിൽ പോകാറില്ല** | **46** |
| **ആകെ** | **120** |





പഠനത്തിൽ പങ്കെടുത്ത കുട്ടികളുടെ മാതാപിതാക്കളിൽ 37% കുട്ടികളുടെ മാതാപിതാക്കളും കുട്ടികളെ സംരക്ഷിക്കാൻ വീട്ടിൽ ആരുമില്ലാത്തതിനാലാണ് കുട്ടിയെ കോടതിയിൽ കൊണ്ടുപോകുന്നതെന്നും 15 %പേർ കുട്ടി വീട്ടിൽ തനിച്ചായതിനാലാണെന്നും 10 % പേർ കുട്ടി അമ്മയുടെ കൂടെ പോകാൻ ഇഷ്ടപ്പെടുന്നതിനാലാണെന്നും അഭിപ്രായപ്പെട്ടു.

പട്ടിക – 20

**മാതാപിതാക്കളുടെ വിവാഹമോചന സമയത്ത് കുട്ടിക്ക് കൗൺസിലിംഗ് കൊടുക്കണമോയെന്ന മാതാപിതാക്കളുടെ അഭിപ്രായം**

| മാതാപിതാക്കളുടെ അഭിപ്രായം | |
|---|---|
| ഉണ്ട് | 64 |
| ഇല്ല | 56 |
| ആകെ | 120 |





സർവ്വെയിൽ പങ്കെടുത്ത കുട്ടികളുടെ മാതാപിതാക്കളിൽ 53% കുട്ടികളുടെ മാതാപിതാക്കൾ അവരുടെ വിവാഹമോചന സമയത്ത് കുട്ടിക്ക് കൗൺസിലിംഗ് കൊടുക്കണമെന്നും 47% കുട്ടികളുടെ മാതാപിതാക്കൾ കൗൺസിലിംഗ് കൊടുക്കേണ്ടതില്ലെന്നുമാണ് അഭിപ്രായപ്പെട്ടിട്ടുള്ളത്.

### പട്ടിക – 21

### കേസിന്റെ ആവശ്യത്തിലേക്കായി

### കുട്ടിയെ കോടതിയിൽ കൊണ്ടുപോകുന്നത് സംബന്ധിച്ച്

| കുട്ടിയെ കോടതിയിൽ കൊണ്ടുപോകുന്നത് | |
|---|---|
| ഉണ്ട് | 107 |
| ഇല്ല | 13 |
| ആകെ | 120 |





സർവ്വെയിൽ പങ്കെടുത്തവരിൽ കേസിന്റെ ആവശ്യത്തിലേക്കായി 89% കുട്ടികളുടെ മാതാപിതാക്കൾ തങ്ങളുടെ കുട്ടികളെ കോടതിയിൽ കൊണ്ടുപോകാറുണ്ടെന്നാണ് അറിയിച്ചത്.

### പട്ടിക – 22

### കോടതിയിൽ കേസ് വിളിക്കുന്ന സമയത്തും കൗൺസിലിംഗ് നടത്തുന്ന സമയത്തും കുട്ടി ചെയ്യാറുള്ളത്

| കോടതി പരിസരത്ത് കുട്ടി ചെയ്യാറുള്ളത് | |
|---|---|
| വെറുതെ ഇരിക്കും | 75 |
| മൊബൈലിൽ കളിക്കും | 32 |
| ബാധകമല്ല | 13 |
| ആകെ | 120 |





കോടതിയിൽ കേസ് വിളക്കുന്ന സമയത്തും കൗൺസിലിംഗ് നടത്തുന്ന സമയത്തും 27% കുട്ടികളുടെ മാതാപിതാക്കൾ അവരുടെ കുട്ടികൾ മൊബൈലിൽ കളിച്ചുകൊണ്ടിരിക്കുമെന്നും 62% കുട്ടികളുടെ മാതാപിതാക്കൾ അവരുടെ കുട്ടികൾ കോടതി പരിസരത്ത് വെറുതെ ഇരിക്കുമെന്നുമാണ് അഭിപ്രായപ്പെട്ടത്.

### പട്ടിക –23

**കോടതിയിൽ കേസ് വിളിക്കുന്ന സമയത്തും കൗൺസിലിംഗ് നടത്തുന്ന സമയത്തും കുട്ടികളുടെ സംരക്ഷണം ഏൽപിക്കുന്നത്**

| | |
|---|---|
| മുത്തശ്ശി, മുത്തച്ഛൻ | 68 |
| കുട്ടി തനിച്ചിരിക്കും | 28 |
| ബന്ധുക്കൾ | 13 |
| ബാധകമല്ല | 11 |
| ആകെ | 120 |





കോടതിയിൽ കേസ് വിളിക്കുന്ന സമയത്തും കൗൺസിലിംഗ് നടത്തുന്ന സമയത്തും 57% കുട്ടികളുടെ മാതാപിതാക്കളും കുട്ടിയെ ഏൽപ്പിക്കുന്നത് കുട്ടിയുടെ അമ്മയുടെ മാതാപിതാക്കളോടൊപ്പമാണ്. 9% കുട്ടികളുടെ മാതാപിതാക്കൾ ബന്ധുക്കളെ ഏൽപ്പിക്കുമെന്നും 23% കുട്ടികളുടെ മാതാപിതാക്കൾ കുട്ടികൾ തനിച്ചിരിക്കാറാണ് പതിവ് എന്നും വ്യക്തമാക്കി.

### പട്ടിക – 24

**കോടതി പരിസരത്ത് കുട്ടിക്ക് സുരക്ഷിതമായും സമാധാനമായും ഇരിക്കുന്നതിനും കളിക്കുന്നതിനുമുള്ള സൗകര്യങ്ങൾ**

| കോടതി പരിസരത്ത് സുരക്ഷിതമായും സമാധാനമായും ഇരിക്കുന്നതിനും കളിക്കുന്നതിനുമുള്ള സൗകര്യങ്ങൾ | |
|---|---|
| ഉണ്ട് | 9 |
| ഇല്ല | 111 |
| ആകെ | 120 |





കോടതി പരിസരത്ത് കുട്ടിക്ക് സുരക്ഷിതമായും സമാധാനമായും ഇരിക്കുന്നതിനും കളിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഇല്ലായെന്ന് സർവ്വെയിൽ പങ്കെടുത്ത 93% കുട്ടികളുടെയും മാതാപിതാക്കൾ അറിയിച്ചു. പരവൂർ, ചവറ, കോഴിക്കോട്, എറണാകുളം എന്നിവടങ്ങളിൽ ശിശു സൗഹൃദ മുറികൾ സജ്ജീകരിച്ചിട്ടുണ്ട്.

**പട്ടിക – 25**

**കോടതി പരിസരത്ത് കുട്ടിക്ക് ഭക്ഷണം കഴിക്കുന്നതിനുള്ള സൗകര്യം**

| കോടതി പരിസരത്ത് കുട്ടിക്ക് ഭക്ഷണം കഴിക്കുന്നതിനുള്ള സൗകര്യം | |
|---|---|
| ഉണ്ട് | 9 |
| ഇല്ല | 111 |
| ആകെ | 120 |





കോടതി പരിസരത്ത് കുട്ടിക്ക് ഭക്ഷണം കഴിക്കുന്നതിനുള്ള സൗകര്യങ്ങൾ ഇല്ലായെന്ന് സർവ്വെയിൽ പങ്കെടുത്ത 93% കുട്ടികളുടെയും മാതാപിതാക്കൾ അറിയിച്ചു.

**പട്ടിക – 26**

**കോടതിയിൽ കുട്ടികളെ മുലയൂട്ടുന്നതിനുള്ള പ്രത്യേക സൗകര്യം**

| കോടതിയിൽ മുലയൂട്ടുന്നതിനുള്ള പ്രത്യേക സൗകര്യം | |
|---|---|
| ഉണ്ട് | 9 |
| ഇല്ല | 111 |
| ആകെ | 120 |





കോടതി പരിസരത്ത് കൈക്കുഞ്ഞുങ്ങളെ മുലയൂട്ടുന്നതിനുള്ള പ്രത്യേക സൗകര്യം ഇല്ലായെന്ന് സർവ്വെയിൽ പങ്കെടുത്ത 93% കുട്ടികളുടെയും മാതാപിതാക്കൾ അറിയിച്ചു.

**പട്ടിക – 27**

**കോടതിയിൽ പോകുന്ന ദിവസങ്ങളിൽ നഷ്ടപ്പെടുന്ന ക്ലാസ്സുകൾ കുട്ടി പരിഹരിക്കുന്നത്**

| പരിഹാര മാർഗ്ഗങ്ങൾ | |
|---|---|
| മാതാപിതാക്കൾ സഹായിക്കും | 45 |
| കൂട്ടുകാരോട് ചോദിക്കും | 38 |
| ടീച്ചറോട് ചോദിക്കും | 20 |
| ട്യൂഷന് പോകും | 12 |
| സ്വയം പഠിക്കും | 5 |
| ആകെ | 120 |





കോടതിയിൽ പോകുന്ന ദിവസങ്ങളിൽ നഷ്ടപ്പെടുന്ന ക്ലാസ്സുകൾ പരിഹരിക്കുന്നതിന് മാതാപിതാക്കൾ സഹായിക്കുമെന്ന് 37% കുട്ടികളും, കൂട്ടുകാരോട് ചോദിക്കുമെന്ന് 32% കുട്ടികളും ടീച്ചറോട് ചോദിക്കുമെന്ന് 17% കുട്ടികളും ട്യൂഷൻ ഉണ്ടെന്ന് 10% കുട്ടികളും 4% കുട്ടികൾ സ്വയം പഠിക്കുമെന്നും അറിയിച്ചു.

**പട്ടിക – 28**

**വേർപിരിഞ്ഞ അച്ഛൻ/അമ്മ കുട്ടിയെ സന്ദർശിക്കുന്നത്**

| വേർപിരിഞ്ഞ അച്ഛന്/അമ്മ കുട്ടിയെ സന്ദർശിക്കുന്നത് | |
|---|---|
| ഉണ്ട് | 68 |
| ഇല്ല | 52 |
| ആകെ | 120 |





സർവ്വെയിൽ പങ്കെടുത്തവരിൽ വേർപിരിഞ്ഞ അച്ഛൻ/അമ്മ കുട്ടിയെ കാണാൻ പോകാറുള്ളതായി 57% കുട്ടികളുടെ മാതാപിതാക്കളും, പോകാറില്ലായെന്ന് 43% കുട്ടികളുടെ മാതാപിതാക്കളും അറിയിച്ചു.

പട്ടിക – 29

**മാസത്തിൽ എത്ര പ്രാവശ്യം വേർപിരിഞ്ഞ അച്ഛൻ/അമ്മ കുട്ടിയെ സന്ദർശിക്കുന്നു**

| മാസത്തിൽ എത്ര പ്രാവശ്യം സന്ദർശിക്കുന്നു | |
|---|---|
| 0-5 | 47 |
| 6-10 | 14 |
| 11-15 | 4 |
| 16-20 | 4 |
| പ്രതികരിക്കാത്തവർ | 51 |
| ആകെ | 120 |





വേർപിരിഞ്ഞ അച്ഛൻ/അമ്മ കുട്ടിയെ കാണാൻ മാസത്തിൽ 1 മുതൽ 5 വരെ പ്രാവശ്യം പോകാറുള്ളതായി 43% കുട്ടികളുടെ മാതാപിതാക്കളും 6 മുതൽ 10 വരെ പ്രാവശ്യം പോകാറുള്ളതായി 12% കുട്ടികളുടെ മാതാപിതാക്കളും 11 മുതൽ 15 വരെ പ്രാവശ്യം പോകാറുള്ളതായി 3% കുട്ടികളുടെ മാതാപിതാക്കളും, കുട്ടികളെ കാണാൻ പോകാറില്ലായെന്ന് 3% കുട്ടികളുടെ മാതാപിതാക്കളും പ്രതികരിച്ചു.

പട്ടിക – 30

**കുട്ടിക്ക് ഉണ്ടായിട്ടുള്ള വിഷമങ്ങൾ പരിഹരിക്കാൻ സഹായം ലഭിച്ചിട്ടുണ്ടോ**

| കുട്ടിക്ക് സഹായം ലഭിച്ചിട്ടുണ്ടോ | |
|---|---|
| ഉണ്ട് | 19 |
| ഇല്ല | 101 |
| ആകെ | 120 |





മാതാപിതാക്കൾ വേർപിരിഞ്ഞതുകൊണ്ട് കുട്ടിക്ക് ഉണ്ടായിട്ടുള്ള വിഷമങ്ങൾ പരിഹരിക്കാൻ കുട്ടിക്ക് സഹായം ലഭിച്ചിട്ടില്ലായെന്ന് 84% കുട്ടികളുടെ മാതാപിതാക്കളും ലഭിച്ചിട്ടുണ്ടെന്ന് 16% കുട്ടികളുടെ മാതാപിതാക്കളും അഭിപ്രായപ്പെട്ടു.

**പട്ടിക – 31**

**മാതാപിതാക്കൾ വേർപിരിഞ്ഞതിനുശേഷം ഉണ്ടായ സാമ്പത്തിക മാറ്റങ്ങൾ**

**കുട്ടിയുടെ ദൈനംദിന ജീവിതത്തെ ബാധിച്ചിരിക്കുന്നത്**

| കുട്ടിയുടെ ദൈനംദിന ജീവിതത്തെ ബാധിച്ചിരിക്കുന്നത് | |
|---|---|
| അധികം | 36 |
| കുറച്ച് | 25 |
| വളരെയധികം | 24 |
| വളരെക്കുറച്ച് | 35 |
| ആകെ | 120 |




മാതാപിതാക്കൾ വേർപിരിഞ്ഞതിനുശേഷം ഉണ്ടായ സാമ്പത്തിക മാറ്റങ്ങൾ കുട്ടിയുടെ ദൈനംദിന ജീവിതത്തെ അധികമായി ബാധിച്ചുവെന്ന് 30% കുട്ടികളുടെ മാതാപിതാക്കളും, കുറച്ച് ബാധിച്ചുവെന്ന് 21% കുട്ടികളുടെ മാതാപിതാക്കളും വളരെയധികം ബാധിച്ചുവെന്ന് 20% കുട്ടികളുടെ മാതാപിതാക്കളും വളരെക്കുറച്ച് ബാധിച്ചുവെന്ന് 29% കുട്ടികളുടെ മാതാപിതാക്കളും അഭിപ്രായപ്പെട്ടു.

# കണ്ടെത്തലുകൾ/നിരീക്ഷണങ്ങൾ

1. പഠനത്തിൽ പങ്കെടുത്ത 120 കുട്ടികളിൽ 57% പെൺകുട്ടികളും 43% ആൺകുട്ടികളുമാണ്.
2. പഠനത്തിൽ 73% പേരും 6നും 12നും മദ്ധ്യേ പ്രായമുള്ളവരും 27% പേർ 13നും 18നും മദ്ധ്യേ പ്രായമുള്ളവരുമാണ്.
3. പഠനത്തിൽ പങ്കെടുത്ത കുട്ടികളിൽ 48% പേർ 1 മുതൽ 4 വരെയും 27% പേർ 5 മുതൽ 7 വരെയും 13% പേർ 11 മുതൽ 12 വരെയും 12% പേർ 8 മുതൽ 10 വരെയുമുള്ള ക്ലാസ്സുകളിൽ പഠിക്കുന്നവരാണ്.
4. 78% കുട്ടികൾ കോടതികളിലേക്ക് പോകുന്നതിന് താൽപര്യമുള്ളവരല്ല. 12% കുട്ടികൾ കോടതിയിലേക്ക് പോകുന്നത് ഇഷ്ടത്തോടെയാണെന്നും, 10% കുട്ടികൾ ഇതിനോട് പ്രതികരിച്ചതുമില്ല.
5. പിരിഞ്ഞുപോയ അച്ഛനെയോ അമ്മയെയോ കാണുമ്പോൾ 27% കുട്ടികൾക്ക് ദേഷ്യവും 24% കുട്ടികൾക്ക് ഇഷ്ടവും 18% കുട്ടികൾക്ക് സങ്കടവും 10% കുട്ടികൾക്ക് ഭയവുമാണ് ഉണ്ടാകാറുള്ളത്. 21% കുട്ടികൾ ഇതിനോട് പ്രതികരിച്ചതുമില്ല.
6. 52% കുട്ടികളുടെ മാതാപിതാക്കൾ കുട്ടികളെ കോടതി നിർദ്ദേശപ്രകാരമല്ലാതെ കോടതിയിൽ കൊണ്ടുപോകാറുണ്ട്. 38% കുട്ടികളുടെ മാതാപിതാക്കൾ കുട്ടികളെ കൊണ്ടുപോകാറില്ല. കുട്ടികളെ കോടതിയിൽ കൊണ്ടുപോകുന്നത് അവരുടെ പഠനത്തെയും ദിനചര്യകളെയും സാരമായി ബാധിക്കുന്നുണ്ട്. സംരക്ഷിക്കാൻ വീട്ടിൽ ആരുമില്ലാത്തതിനാലാണ് കുട്ടികളെ കോടതിയിൽ കൊണ്ടുപോകുന്നത് എന്ന് പഠനത്തിൽ നിന്നും മനസിലായി.
7. മാതാപിതാക്കളിൽ 53% പേരും കുട്ടികൾക്ക് കൗൺസിലിംഗ് കൊടുക്കണമെന്ന അഭിപ്രായമുള്ളവരാണ്. കേസുമായി ബന്ധപ്പെട്ട് തങ്ങൾക്കുണ്ടാകുന്ന പ്രയാസങ്ങൾ തുറന്നുപറയാൻ ഭൂരിഭാഗം കുട്ടികളും ആഗ്രഹിക്കുന്നു. കുട്ടികൾ നേരിടുന്ന മാനസിക-വൈകാരിക പ്രശ്നങ്ങൾ പങ്കുവെക്കുന്നതിനും മാനസിക പിന്തുണ നൽകുന്നതിനും നിലവിലെ സംവിധാനം അപര്യാപ്തമാണ്.
8. 57% കുട്ടികളുടെ മാതാപിതാക്കളും വേർപിരിഞ്ഞ ശേഷം കുട്ടികളെ കാണാൻ പോകാറില്ല.
9. വിവാഹമോചന കേസുമായി ബന്ധപ്പെട്ട് മാതാവിന്റെ/പിതാവിന്റെ/ ബന്ധുമിത്രാദികളുടെ ഒപ്പം കോടതിയിൽ എത്തുന്ന കുട്ടികൾക്ക് കോടതി പരിസരത്ത് സുരക്ഷിതമായും സമാധാനമായും ഇരിക്കുന്നതിനുള്ള അന്തരീക്ഷവും, അടിസ്ഥാന സൗകര്യങ്ങളും അപര്യാപ്തമാണ്.
10. കേസിന്റെ ആവശ്യത്തിലേക്കായി എല്ലാ മാതാപിതാക്കളും തങ്ങളുടെ കുട്ടികളെ കോടതിയിൽ കൊണ്ടുപോകാറുണ്ട്. കോടതിയിൽ കേസുകളിലുള്ള വിചാരണ വൈകി നടക്കുന്നതിനാൽ കുട്ടികൾ മണിക്കൂറുകളോളം കോടതികളിൽ കാത്തുനിൽക്കേണ്ട സാഹചര്യം ഉണ്ടാകുന്നത് കുട്ടികളെ ബാധിക്കുകയും കുട്ടികളിൽ മാനസിക-ശാരീരിക പ്രശ്നങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു.
11. കോടതി പരിസരത്ത് കുട്ടികൾക്ക് അനുയോജ്യമായ വിശ്രമമുറിയോ ശുദ്ധജലമോ ഭക്ഷണം കഴിക്കുന്നതിനുള്ള സൗകര്യമോ കൈക്കുഞ്ഞുങ്ങളെ മുലയൂട്ടുന്നതിനുള്ള സൗകര്യങ്ങളോ ഇല്ലായെന്ന് മാതാപിതാക്കൾ അഭിപ്രായപ്പെട്ടു. കോടതികളിൽ ബാലസൗഹൃദ അന്തരീക്ഷവും അടിസ്ഥാന സൗകര്യങ്ങളും ഇല്ലാത്തതിനാൽ കുട്ടികൾക്ക് വളരെ ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരുന്നു. അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത, സാമ്പത്തിക പരിമിതികൾ, വാടക കെട്ടിടത്തിന്റെ പോരായ്മകൾ എന്നിവ കുടുംബകോടതി സാഹചര്യങ്ങളെ ദുഷ്കരമാക്കുന്നു.
12. കുട്ടികളെ സംരക്ഷിക്കുന്നതിന് വീടുകളിൽ മറ്റാരും ഇല്ലാത്ത സാഹചര്യത്തിലാണ് ഭൂരിഭാഗം മാതാപിതാക്കളും കേസ്/മീഡിയേഷൻ എന്നീ ആവശ്യത്തിലേക്കായി കോടതിയിൽ പോകുമ്പോൾ കുട്ടികളെ കൂടെ കൊണ്ടുപോകുന്നത്. ഇത്തരം സന്ദർഭങ്ങളിൽ തികച്ചും ശിശു സൗഹാർദ്ദപരമല്ലാത്ത കോടതി അന്തരീക്ഷവുമായി പൊരുത്തപ്പെടാൻ കുട്ടികൾക്ക് സാധിക്കാതെ വരുന്നു.

13. കോടതിയിൽ കേസ് വിളിക്കുന്ന സമയത്തും കൗൺസിലിംങ് നടത്തുന്ന സമയത്തും കോടതിയിൽ മാതാപിതാക്കളോടൊപ്പം എത്തപ്പെടുന്ന കുട്ടികൾ മൊബൈലിൽ കളിച്ചുകൊണ്ടും വെറുതെ ഇരുന്നുമാണ് സമയം ചെലവഴിക്കുന്നത്. ഈ സമയങ്ങളിൽ കുട്ടികൾക്ക് വിനോദ-വിജ്ഞാന പ്രവൃത്തികളിൽ ഏർപ്പെടുവാൻ സാധിക്കുന്നില്ല; പകരം, കൂടുതലായി മൊബൈൽഫോൺ ഉപയോഗിച്ച് സമയം ചെലവഴിക്കാൻ കുട്ടികൾ നിർബന്ധിതരായി മാറുന്ന സാഹചര്യം നിലനിൽക്കുന്നു. അതുവഴി മൊബൈൽ അഡിക്ഷൻ വരിക മാത്രമാണ് ഉണ്ടാകുന്നത്.

14. 84% മാതാപിതാക്കളും കുട്ടികൾക്ക് ഉണ്ടായിട്ടുള്ളവിഷമങ്ങൾ പരിഹരിക്കാൻ യാതൊരു സഹായവും ലഭ്യമായിട്ടില്ല എന്ന് അഭിപ്രായപ്പെട്ടു.

15. കോടതി പരിസരത്ത് വെച്ച് മാതാപിതാക്കൾ തമ്മിൽ കുട്ടിയുടെ സംരക്ഷണം സംബന്ധിച്ച് ഉണ്ടാകുന്ന വാക്കുതർക്കം കുട്ടിയിൽ മാനസിക പിരിമുറുക്കവും ഉത്കണ്ഠയും സൃഷ്ടിക്കുന്നു.

16. മാതാപിതാക്കൾ വേർപിരിഞ്ഞതിനുശേഷം ഉണ്ടായ സാമ്പത്തിക മാറ്റങ്ങൾ ഭൂരിഭാഗം കുട്ടികളുടെയും ദൈനംദിന ജീവിതത്തെ ബാധിച്ചിട്ടുണ്ട്.

17. വിവാഹമോചന കേസുമായി ബന്ധപ്പെട്ടുള്ള കോടതി നടപടിക്രമങ്ങൾ പൂർത്തിയാകുന്നതിനു മുമ്പുതന്നെ മാതാപിതാക്കൾ പിരിഞ്ഞ് താമസിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ കുട്ടിയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് മാതാപിതാക്കൾക്ക് സാധിക്കുന്നില്ല.

18. വിവാഹമോചനത്തിനുശേഷം മാതാവ്/പിതാവ് പുനർവിവാഹം കഴിക്കുമ്പോൾ മാതാവിന്റെയോ പിതാവിന്റെയോ കൂടെ താമസിക്കേണ്ടിവരുന്ന കുട്ടികൾക്ക് പുതിയ ജീവിത സാഹചര്യവുമായി പൊരുത്തപ്പെടാൻ സാധിക്കാതെ വരുന്നു.

19. 28% കുട്ടികൾ മാതാപിതാക്കൾ വഴക്ക് കൂടുമ്പോൾ കുട്ടിയെ കുറ്റപ്പെടുത്തുന്നത് കുട്ടികളിൽ ദുഃഖവും ഏകാന്തതയും അനുഭവപ്പെടുന്നതായി അഭിപ്രായപ്പെട്ടു. ആർക്കും വേണ്ടാത്തവരായി അനുഭവപ്പെട്ട് കടുത്ത ഉത്കണ്ഠയിലേക്കും ആത്മഹത്യയിലേക്കും കുട്ടികളെ തള്ളിവിടുന്നു.

20. വേർപിരിഞ്ഞ മാതാപിതാക്കളുടെ കുട്ടികളിൽ അനുസരണക്കേട്, മുൻകോപം, നിരാശ, ഭയം, ഉത്കണ്ഠ തുടങ്ങിയ പെരുമാറ്റ പ്രശ്നങ്ങൾ ഉണ്ടാകുന്നതായി മനസ്സിലാകുന്നു. ഇത് കുട്ടികളുടെ സമഗ്ര വികാസത്തെ ബാധിക്കുന്നു.

21. കേരളത്തിൽ വിവാഹ മോചനകേസ് ഫയൽ ചെയ്തിട്ടുള്ള മാതാപിതാക്കളുടെ കുട്ടികൾ വിവിധ വൈകാരിക ക്ലേശങ്ങളും, സാമൂഹ്യ മാനസിക പിരിമുറുക്കങ്ങളും, പെരുമാറ്റ പ്രശ്നങ്ങളും, സാമൂഹികമായ വെല്ലുവിളികളും, സാമ്പത്തിക പ്രതിസന്ധികളും, ആരോഗ്യ പ്രശ്നങ്ങളും, ഏക രക്ഷാകർത്തൃത്വവും,ഏകാന്തതയും അരക്ഷിതാവസ്ഥയും, അനുഭവിക്കുന്നുണ്ട്.

22. കോഴിക്കോട്, എറണാകുളം, പരവൂർ, ചവറ എന്നീ കുടുംബകോടതികളിൽ മാത്രമാണ് ശിശുസൗഹൃദ അന്തരീക്ഷം സജ്ജീകരിച്ചിരിക്കുന്നത്. പഴയ ഒരു വാടക വീട്ടിൽ ആണ് ഒറ്റപ്പാലം കുടുംബകോടതി പ്രവർത്തിക്കുന്നത്. അവിടെ കൗൺസിലിംങ് റൂം അടുക്കളയിലാണ് പ്രവർത്തിക്കുന്നത്. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഒലവകോട് പോലെയുള്ള മറ്റ് കോടതികളിലും അടിസ്ഥാന സൗകര്യങ്ങൾ കുറവാണ്.

23. കുടുംബ കോടതികൾ ശിശുസൗഹൃദമാക്കുവാൻ സംസ്ഥാന സർക്കാരിനുള്ള പങ്ക് ഏറെ നിർണായകമാണ്. നയം, നിയമ നിർമാണം, നിരീക്ഷണം, സാമ്പത്തിക പിന്തുണ എന്നിവ സർക്കാർ തലത്തിൽ വിലയിരുത്തേണ്ടതാണ്.

24. വൈകാരിക പിന്തുണയും മാർഗനിർദ്ദേശങ്ങളും നൽകുന്നതിന് RCI രജിസ്ട്രേഷനുള്ള ചൈൽഡ് സൈക്കോളജിസ്റ്റുകൾ, കൗൺസിലർമാർ എന്നിവർ കോടതിയിലെ ശിശുസൗഹൃദ അന്തരീക്ഷത്തിന് അനിവാര്യമാണ്. ഇവർക്കുള്ള പരിശീലന പരിപാടികളും പ്രാധാന്യം അർഹിക്കുന്നു .

25. കോടതികളിൽ എളുപ്പത്തിൽ എത്തിച്ചേരാവുന്ന (Accessibility) വിധം പൊതു ഗതാഗതവും, വാഹന സൗകര്യങ്ങളും, തടസ്സങ്ങൾ ഇല്ലാതെ സഞ്ചരിക്കുവാനുള്ള സൗകര്യങ്ങളും (Barrier free enviornment) അനിവാര്യമാണ്.

26. മാതാപിതാക്കളുടെ വിവാഹമോചനമോ വേർപിരിയലോ സംബന്ധിച്ച കേസുകൾ കുറഞ്ഞാൽ കുട്ടികൾ കുടുംബകോടതിയിൽ എത്തുന്ന സാഹചര്യവും കുറയ്ക്കാം. ഇതിലേക്കായി വിവിധ സർക്കാർ സംവിധാനങ്ങളുടെയും, മത സാമൂഹ്യ സാംസ്കാരിക സന്നദ്ധ സംഘടനകളുടെയും ഊർജ്ജിതമായ ഇടപെടലുകൾ ആവശ്യമാണ്.

27. മിശ്രവിവാഹിതരായ ദമ്പതിമാർക്ക് വിവാഹശേഷം മാനസികമായും കുടുംബപരമായും സാമൂഹികമായും സാംസ്കാരികമായും വിവിധങ്ങളായ സമ്മർദ്ദങ്ങൾ നേരിടേണ്ടിവരും എന്നതിനാൽ വിവാഹത്തിനു മുമ്പുതന്നെ ഇത്തരം വിഷയങ്ങളെ പറ്റി കൂടുതൽ അവബോധം ഉണ്ടാക്കി കൊടുക്കാൻ സംവിധാനങ്ങൾ ആവശ്യമാണ് .

28. വിവാഹേതര ബന്ധങ്ങൾ, ബന്ധുക്കളുടെ അമിതമായ ഇടപെടലുകളും സംരക്ഷണവും, ലഹരിയുടെ അമിതമായ ഉപയോഗം, സംശയരോഗം, ബന്ധുക്കളുടെ അനാവശ്യ ഇടപെടൽ, സാമ്പത്തിക അസമത്വങ്ങൾ, അഭിപ്രായഭിന്നതകൾ, തൊഴിൽ സംബന്ധമായ പ്രശ്നങ്ങൾ, വിട്ടുവീഴ്ച ഇല്ലാത്ത സമീപനങ്ങൾ, മാനസിക രോഗങ്ങൾ എന്നിവയാണ് മാതാപിതാക്കൾ തമ്മിൽ വേർപിരിയുന്നതിനുള്ള കാരണങ്ങൾ. ഈ കേസുകളിൽ, കുട്ടിയുടെ ഉത്തമതാൽപ്പര്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിലും അവരുടെ അവകാശങ്ങളും ക്ഷേമവും സംരക്ഷിക്കപ്പെടുന്നതിലും കുടുംബകോടതി നിർണായക പങ്ക് വഹിക്കുന്നു.

29. വിവാഹമോചനം കാരണം മാതാപിതാക്കൾക്ക് ഉണ്ടായ സാമ്പത്തിക പ്രതിസന്ധി ഇഷ്ടങ്ങൾ നിറവേറ്റുന്നതിനെയും ദിനചര്യകളെയും ദൈനംദിന ജീവിതത്തെയും, കുട്ടികളുടെ സ്കൂൾ ഫീസ്, യൂണിഫോം, ബുക്ക്സ്, തുടങ്ങിയവ വാങ്ങി നൽകുന്നതിനെയും അതുവഴി പഠനത്തെയും ബാധിച്ചിട്ടുണ്ട്.

30. മാതാപിതാക്കൾ വഴക്കുകൂടുമ്പോൾ കുട്ടികളെ കുറ്റം പറയുകയും വേർതിരിവ് കാണിക്കുകയും ചെയ്യുന്ന കുടുംബങ്ങളിലെ കുട്ടികളിൽ പെരുമാറ്റ പ്രശ്നങ്ങളും ഭയവും പേടിയും ഉണ്ടാകുന്നു. ഇത് കുട്ടികൾക്ക് മറ്റുള്ളവരുമായി ഇടപഴകുന്നതിൽ പ്രയാസങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

31. വേർപിരിഞ്ഞ് കഴിയുന്ന രക്ഷിതാവ് കുട്ടികളെ കാണാൻ വരാത്തതും കോടതി പരിസരത്തുവച്ച് പരിമിതവും നിയന്ത്രിതവുമായ സമയത്ത് മാത്രം അവരോടൊപ്പം കുട്ടികൾക്ക് സമയം ചെലവഴിക്കേണ്ടിവരുന്നതും കുട്ടികൾക്ക് സ്വന്തം മാതാവുമായോ പിതാവുമായോ ഉള്ള വൈകാരിക ബന്ധം കുറക്കുന്നതിനോ ഇല്ലാതാക്കുന്നതിനു മാത്രം ഉതകുന്നതും അതുമൂലം കുട്ടികളുടെ അവകാശ നിഷേധത്തിന് കാരണമാവുകയും ചെയ്യുന്നുണ്ട്.

32. മാതാപിതാക്കൾ വേർപിരിഞ്ഞത് കാരണം സ്കൂൾ മാറേണ്ടിവന്നതിനാൽ പല കുട്ടികൾക്കും അവരുടെ കൂട്ടുകാരെ നഷ്ടപ്പെട്ടതിലും പുതിയ സാഹചര്യവുമായി പൊരുത്തപ്പെടുന്നതിലും വിഷമമുണ്ടായിട്ടുണ്ട്. ഇത് അവരുടെ ജീവിതകാലം മുഴുവൻ ഒരു മുറിപ്പാട് ആയി കിടക്കും.

33. നിത്യവും വഴക്ക് കൂടുന്ന കുടുംബത്തിൽ ശാരീരിക-മാനസിക-വൈകാരിക പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് അവരുടെ പ്രശ്നങ്ങൾ തുറന്നുപറയുന്നതിനുള്ള സാഹചര്യം നഷ്ടമാവുകയും കുട്ടികളുടെ പ്രശ്നങ്ങൾ ആരോട് പങ്കുവെയ്ക്കണമെന്നും ആരിൽ നിന്ന് പരിഹാരം തേടണമെന്നുമുള്ള ആശയക്കുഴപ്പവും അവരിൽ മാനസിക സമ്മർദ്ദം വർദ്ധിപ്പിക്കുന്നു. ഇത്തരം സാഹചര്യങ്ങളിൽ പലപ്പോഴും കുട്ടികൾ അവരോട് താൽപര്യം കാണിക്കുന്നവരെ ആശ്രയിക്കുന്നതിനോ തെറ്റായ കൂട്ടുകെട്ടുകളിൽ അകപ്പെട്ട് സാമൂഹ്യ-വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനോ പ്രേരിപ്പിച്ചേക്കാം.

34. കുട്ടികൾക്ക് അവരുടെ പ്രായാടിസ്ഥാനത്തിൽ ലഭിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങളും ദിശാബോധവും ലഭിക്കാത്ത സാഹചര്യം വേർപിരിഞ്ഞ മാതാപിതാക്കളുള്ള കുടുംബങ്ങളിലെ അവസ്ഥയാണ്. ഇത് കുട്ടികൾക്ക് ശരിയും തെറ്റും തിരിച്ചറിയുന്നതിൽ കുറവുകൾ സൃഷ്ടിക്കുകയും വിവിധങ്ങളായ സാമൂഹ്യ പ്രശ്നങ്ങളിൽ എത്തിപ്പെടുന്നതിനുള്ള സാഹചര്യം ഒരുക്കുകയും ചെയ്യും

35. വ്യക്തി ബന്ധങ്ങളിലെ മൂല്യച്യുതി, വിവാഹേതര ബന്ധം, ബാധ്യത ഒറ്റക്കെട്ടുക്കേണ്ടി വരുന്ന നിസ്സാഹായവസ്ഥ, കുടുംബത്തെ കൃത്യമായി ശ്രദ്ധിക്കാൻ സാധിക്കാത്ത സാഹചര്യങ്ങൾ എന്നീ കാരണങ്ങൾ കുടുംബം ശിഥിലമായി പോകാൻ ഇടയാകുന്നു.

36. അമിത മദ്യപാനം, മയക്കമരുന്നിന്റെ ഉപയോഗം, ശാരീരികപീഡനം, ലൈംഗികപീഡനം, സാമ്പത്തിക ബുദ്ധിമുട്ട് ഇവ കുടുംബജീവിതത്തെ ബാധിക്കുന്നു. ഈ കാരണങ്ങൾ വിവാഹമോചനത്തിന് കാരണമാകുന്നു.

37. ചില കേസുകളിൽ കുട്ടികളെ സംരക്ഷിക്കുന്നത് മുത്തച്ഛനും, മുത്തശ്ശിയുമാണ്. അവരും പ്രായാധിക്യമായ ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്നതിനാൽ കുട്ടികൾക്ക് കൃത്യമായ പരിചരണം നൽകുന്നതിൽ പോരായ്മകൾ കാണുന്നു.

38. ജീവനാംശം നൽകുന്നതിനുവേണ്ടി കോടതി ഉത്തരവ് നൽകിയിട്ടും കൃത്യമായി ലഭ്യമാക്കാത്തതിനാൽ, ദാരിദ്ര്യത്തിന്റെ വിഷമ വൃത്തം രൂപപ്പെടുകയും അതുവഴി രാജ്യത്തിന്റെ തന്നെ വളർച്ചയെ തന്നെ ബാധിക്കുകയും ചെയ്യുന്നതാണ്.

39. കുട്ടിയുടെ കസ്റ്റഡിയുമായി ബന്ധപ്പെട്ട് അച്ഛനും അമ്മയും കോടതിയിൽ കേസ് ഫയൽ ചെയ്ത് കസ്റ്റഡിയ്ക്കുവേണ്ടി തെറ്റായ വിവരങ്ങൾ നൽകി കേസിന്റെ വിജയത്തിനുവേണ്ടി വാശികാണിക്കുന്ന അവസ്ഥ കാണാം.

40. ADHD, LD പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൃത്യമായി മരുന്ന് ലഭ്യമാക്കാനുള്ള സാമ്പത്തിക ബുദ്ധിമുട്ട് ഇത്തരം മാതാപിതാക്കൾ അനുഭവിക്കുന്നു.

41. മലയോര പ്രദേശങ്ങളിലെ ആൺകുട്ടികൾക്കും/പെൺകുട്ടികൾക്കും കുടുംബം, ദാമ്പത്യജീവിതം, ജീവിതശൈലികൾ, രക്ഷാകർതൃത്വം തുടങ്ങിയ വിഷയങ്ങളെപ്പറ്റി കൃത്യമായ അവബോധത്തിന്റെ അഭാവം കാണുന്നു.

42. മലയോര പ്രദേശങ്ങളിലെ കുടിയേറ്റക്കാർക്ക് വിദ്യാഭ്യാസത്തിന്റെയും സ്ഥിരം തൊഴിലിന്റെയും ലഭ്യതകുറവ് മൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ അവരുടെ ജീവിതത്തെ ബാധിച്ചിട്ടുണ്ട്.

43. ജീവിതത്തിലെ താളപ്പിഴകളെ കൈകാര്യം ചെയ്യുന്നതിനും കുടുബജീവിതത്തിൽ തുറന്നുള്ള ആശയ വിനിമയത്തിന്റെയും അഭാവം കാണുന്നു.

44. കേസുകളുടെ അമിതമായ വർദ്ധനവ് കാരണം കൃത്യമായ തുടർ ഫോളോപ്പ് കൗൺസിലിംങ് ലഭ്യമാക്കാൻ സാധിക്കാതെ വരുന്നു.

45. ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടിയുടെ തുടർചികിത്സയ്ക്കായി ബുദ്ധിമുട്ടുകൾ നേരിടുന്നു.

46. ശ്രദ്ധയും സംരക്ഷണവും കൃത്യമായി ലഭ്യമാക്കാൻ സാധിക്കാത്ത മാതാപിതാക്കളുടെ കുട്ടികൾക്ക് പ്രത്യേക പുനരധിവാസ സംവിധാനങ്ങൾ സജ്ജീകരിക്കാത്തതിന്റെ അഭാവം കാണുന്നു.

47. ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്പെഷ്യൽ എഡ്യുകേറ്ററിന്റെ സേവനം ചില സന്ദർഭങ്ങളിൽ ലഭിക്കാതെ വരുന്നു

48. വിവാഹേതര ബന്ധങ്ങൾ, ബന്ധുക്കളുടെ അമിതമായ ഇടപെടുലുകളും സംരക്ഷണവും, അമിത മദ്യപാനം, ലഹരിയുടെ അമിതമായ ഉപയോഗം, സംശയരോഗം, ബന്ധുക്കളുടെ അനാവശ്യ ഇടപെടൽ, സാമ്പത്തിക അസമത്വങ്ങൾ, അഭിപ്രായഭിന്നതകൾ, തൊഴിൽ സംബന്ധമായ പ്രശ്നങ്ങൾ, വിട്ടുവീഴ്ച ഇല്ലാത്ത സമീപനങ്ങൾ, മാനസിക രോഗങ്ങൾ, ശാരീരികപീഡനം, ലൈംഗീക പീഡനം, സാമൂഹ്യമാധ്യമങ്ങളുടെ അമിത ഉപയോഗം എന്നിവയാണ് ദമ്പതികൾ വേർപിരിയുന്നതിനുള്ള പ്രധാന കാരണങ്ങളായി പഠനത്തിൽ നിന്നും വ്യക്തമായത്.

49. വിവാഹമോചനകേസ് ഫയൽ ചെയ്തിട്ടുള്ള മാതാപിതാക്കളുടെ കുട്ടികൾ വിവധ വൈകാരിക ക്ലേശങ്ങളും, സാമൂഹ്യ മാനസിക പിരിമുറക്കങ്ങളും, പെരുമാറ്റ പ്രശ്നങ്ങളും, സാമൂഹികമായ വെല്ലുവിളികളും സാമ്പത്തിക പ്രതിസന്ധികളും, ആരോഗ്യ പ്രശ്നങ്ങളും, ഏകരക്ഷാകർതൃത്വവും ഏകാന്തതയും, അരക്ഷിതാവസ്ഥയും അനുഭവിക്കുന്നു.

## ശുപാർശകൾ

**വിവാഹമോചന കേസ് ഫയൽ ചെയ്തിട്ടുള്ള മാതാപിതാക്കളുടെ കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും കുടുംബ കോടതികളിലെ സാഹചര്യങ്ങളും സംബന്ധിച്ച് വിവരശേഖരണം നടത്തുകയും വിശകലനം ചെയ്യുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സർക്കാരിന് നൽകുന്ന ശുപാർശകൾ**

1. കുടുംബ കോടതികളിൽ  മാതാപിതാക്കളോടൊപ്പം കേസുകളുമായി ബന്ധപ്പെട്ട് കുട്ടികൾ മണിക്കൂറുകളോളം കാത്തു നിൽക്കേണ്ടിവരുമ്പോൾ അവരിൽ ശാരീരിക-മാനസിക-വൈകാരിക പ്രശ്നങ്ങൾ ഉണ്ടാകുന്നു. അതിനാൽ കോടതി പരിസരത്ത് വിനോദ-വിജ്ഞാന പ്രവർത്തികളിൽ ഏർപ്പെടുന്നതിന് വിശ്രമമുറി, ലൈബ്രറി, വിനോദത്തിനും മാനസിക ഉല്ലാസത്തിനുമുള്ള സൗകര്യങ്ങൾ എന്നിവ ബാലസൗഹൃദ അന്തരീക്ഷത്തിൽ സജ്ജീകരിക്കുന്നത് ഉചിതമായിരിക്കും.

2. കേസിന്റെ ആവശ്യത്തിലേക്കായി കുട്ടികളെ മാതാപിതാക്കളോടൊപ്പം കാലാകാലങ്ങളിൽ കുടുംബ കോടതികളിൽ കൊണ്ടുപോകേണ്ടിവരുന്ന സാഹചര്യങ്ങളിൽ, ബഹുമാനപ്പെട്ട ഹൈക്കോടതി നൽകിയ നിർദ്ദേശങ്ങൾക്ക് വിധേയമായി മാത്രമേ കുട്ടികളെ കോടതിയിൽ കൊണ്ടുവരേണ്ടതുള്ളൂ. കുട്ടികളുടെ പഠനം മുടങ്ങുന്നതായി കാണപ്പെടുന്നു. ഇത് പലപ്പോഴും നഷ്ടപ്പെട്ട ക്ലാസുകൾ വീണ്ടെടുക്കുന്നതിനും സാധിക്കാറില്ലായെന്നും മനസ്സിലാക്കുന്നു. അതിനാൽ കുട്ടികളുടെ പഠനം മുടങ്ങാതിരിക്കുവാൻ ശനിയാഴ്ചകളിലോ/ സ്കൂൾ അവധി ദിവസങ്ങളിലോ ഇത്തരം കേസുകളുടെ സിറ്റിംഗ്  നടത്തുന്നത് ഉചിതമായിരിക്കും.

3. മാതാപിതാക്കളുടെ വിവാഹമോചനവുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് ഉണ്ടാകുന്ന പ്രയാസങ്ങൾ പങ്കുവെക്കുന്നതിനോ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനോ കഴിയാതെ വരുന്നു. മാനസിക പിൻതുണ നൽകുന്നതിനായി കുടുംബകോടതിയുമായി ബന്ധപ്പെട്ട കൗൺസിലർമാരു ടെയോ, ലീഗൽ സർവ്വീസസ് അതോറിറ്റിയുമായി ബന്ധപ്പെട്ട് കുട്ടികളുടെ മേഖലയിൽ പ്രാവീണ്യമുള്ള വിദഗ്ധരുടെയോ ജില്ലാ ശിശുസംരക്ഷണ യൂണിറ്റുമായി ബന്ധപ്പെട്ട് ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ/ മാനസികാരോഗ്യ വിദഗ്ധരുടെയോ കൗൺസിലർമാരുടെയോ സേവനം കുട്ടികൾക്ക് ലഭ്യമാക്കുന്നതിനുള്ള സജ്ജീകരണം ഒരുക്കേണ്ടതാണ്.

4. മാതാപിതാക്കളുടെ വേർപിരിയൽ കുട്ടികളിൽ അനുസരണക്കേട്, മുൻകോപം, നിരാശ, ഭയം, ഉത്കണ്ഠ തുടങ്ങിയ പെരുമാറ്റ പ്രശ്നങ്ങൾ ഉണ്ടാകുകയും ഇത് കുട്ടികളുടെ സമഗ്ര വികാസത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. അതിനാൽ, ഉത്തരവാദിത്വപൂർണ്ണമായ രക്ഷാകർതൃത്വം സംബന്ധിച്ച് മാതാപിതാക്കൾക്ക് അവബോധം നൽകുന്നതിന് ആവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കേണ്ടതാണ്.

5. വിദൂരങ്ങളിൽ താമസിച്ചുവരുന്ന മാതാവിനെയോ പിതാവിനെയോ കുട്ടിക്ക് കണ്ട് സംസാരിക്കുവാനും കോടതിക്ക് അവരുമായി ആശയവിനിമയം നടത്തുവാനും ഡിജിറ്റൽ കോൺഫെറൻസ് ഹാൾ കോടതിയിൽ സജ്ജീകരിക്കുന്നത് ഉചിതമായിരിക്കും.

6. കുട്ടികളുമായി കോടതിയിൽ എത്തുന്ന മാതാപിതാക്കളുടെ കേസുകൾ മുൻഗണനാ ക്രമത്തിൽ പരിഗണിക്കുന്നത് ഉചിതമായിരിക്കും.

7. വിവാഹബന്ധം വേർപ്പെടുത്തിയതോ വേർപ്പെടുത്തുന്നതിന് വ്യവഹാരം നിലനിൽക്കുന്നതോ ആയ ദമ്പതികളുടെ കുട്ടികളുടെ ജീവിതചെലവ് സംബന്ധിച്ച കാര്യങ്ങൾ കൃത്യമായി  ഹർജി തീർപ്പാക്കുന്ന ഉത്തരവിൽ വ്യവസ്ഥ ചെയ്യണം. ടി ഉത്തരവ് പാലിക്കാതെ വരുന്ന മാതാവിനെതിരെയോ പിതാവിനെതിരേയോ നടപടി സ്വീകരിക്കുന്നതിനുള്ള ശക്തമായ നിയമ വ്യവസ്ഥ നിലവിലുണ്ട്. ആയത് കർശനമായി പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

8. വിവാഹബന്ധം വേർപ്പെടുത്തിയ ദമ്പതികൾ, കുട്ടികളുടെ സംരക്ഷണം സംബന്ധിച്ച് വ്യവഹാരം തീർപ്പുകൽപ്പിക്കുന്ന കാലയളവിൽ ഉണ്ടാക്കിയ വ്യവസ്ഥയിൽ പ്രത്യേക സാഹചര്യങ്ങൾ (ചെലവിനു നൽകേണ്ട രക്ഷിതാവ് മരണപ്പെടുകയോ മറ്റേതെങ്കിലും കാരണങ്ങളോ) ചെലവിന് നിശ്ചയിച്ച തുക നൽകാൻ പ്രാപ്തരല്ല എന്ന് ബോധ്യപ്പെടുന്ന സാഹചര്യത്തിൽ കുട്ടികൾക്കുള്ള സാമ്പത്തിക സഹായം DLSA, DCPU

എന്നീ സംവിധാനങ്ങളിലൂടെ നടപ്പിലാക്കുന്നത് ഉചിതമായിരിക്കും. ഈ വിധത്തിലുള്ള സേവനങ്ങൾക്ക് കാലതാമസം വരുത്താതെ മേൽ കേസുകളിലെ വിവരങ്ങൾ DLSA, DCPU എന്നിവിടങ്ങളിലേക്ക് നേരിട്ട് കൊടുത്ത് നടപടി പൂർത്തിയാക്കുന്നതിനുള്ള സംവിധാനം സർക്കാർ ചെയ്യേണ്ടതാണ്.

9. കുടുംബ കോടതിയിൽ കേസ് ഫയൽ ചെയ്യുന്ന കക്ഷികളിൽ (Pettitioners) നിന്നും എതിർകക്ഷികളിൽ (Respondents) നിന്നും ഒരു നിശ്ചിത തുക ഈടാക്കി കുട്ടികൾക്കായി ഒരു ക്ഷേമനിധി രൂപീകരിക്കേണ്ടതാണ്. ഇപ്രകാരം സമാഹരിക്കുന്ന തുക വ്യവഹാരങ്ങളിൽ ഉൾപ്പെട്ടുവരുന്ന കുട്ടികളുടെ ക്ഷേമം/പഠനം/ആരോഗ്യം എന്നിവയ്ക്കായി ചെലവഴിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ നിയമസേവന അതോറിറ്റിയ്ക്കും അധികാരം നൽകുന്നത് ഉചിതമായിരിക്കും.

10. കേസിന്റെ നടപടിക്രമങ്ങളുടെ ഭാഗമായി കൈകുഞ്ഞുങ്ങളുമായി കോടതികളിൽ എത്തുന്ന അമ്മമാർക്ക് സുരക്ഷിതമായി ഇരിക്കുന്നതിനും, മുലയൂട്ടുന്നതിനും പ്രത്യേകം മുറി സജ്ജീകരിക്കുന്നത് അവശ്യമാണ്.

11. വിവാഹത്തിനു മുമ്പും പിമ്പും ജീവിതത്തിലെ വെല്ലുവിളികൾ മനസ്സിലാക്കാനും, പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുവാനും പ്രീ-മാരിറ്റൽ കൗൺസിലിംഗ് നൽകുന്നതുപോലെ പോസ്റ്റ്-മാരിറ്റൽ കൗൺസിലിംഗും ലഭ്യമാക്കാൻ സംവിധാനങ്ങൾ ഉണ്ടാകുന്നത് ഉചിതമായിരിക്കും.

12. വേർപിരിഞ്ഞ മാതാപിതാക്കളുടെ കുട്ടികൾക്ക് ശ്രദ്ധയും സംരക്ഷണവും ആവശ്യമെങ്കിൽ പ്രത്യേക പുനരധിവാസ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതി നോടൊപ്പം, ശരിയായ കുടുംബാന്തരീക്ഷം മനസ്സിലാക്കുന്നതിനായി ഫോസ്റ്റർ കെയറും ശിപാർശ ചെയ്യുന്നു.

13. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ മാതാപിതാക്കൾ വിവാഹ മോചനത്തിലേക്ക് കടക്കുമ്പോൾ ഇത്തരം കുട്ടികളുടെ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധയോ പരിചരണമോ നൽകുന്നതിന് സാധിക്കാതെ വരുന്നു. ആയതിനാൽ ഇത്തരം കുട്ടികൾക്ക് കൃത്യമായ തുടർപരിചരണം ഒരുക്കേണ്ടതാണ്. 9-ാം ശുപാർശയിൽ പ്രതിപാദിക്കുന്ന ക്ഷേമനിധി ഇവരുടെ ഉന്നമനത്തിനായി ഉപയോഗിക്കേണ്ടതാണ്.

14. വിഷമങ്ങളും, വികരവിക്ഷുബ്ദതകളും നിറഞ്ഞുനിൽകുന്ന കുടുംബകോടതി പരിസരങ്ങൾ കൂടുതൽ ശിശുസൗഹൃദമാക്കുന്നത് കുട്ടികളുടെ വൈകരികതലങ്ങൾക്ക് കൂടുതൽ ഉന്മേഷം നൽകുവാൻ സഹായകമാകും.

15. കുട്ടികളുടെ കസ്റ്റഡി, സംരക്ഷണം എന്നിവ കോടതിയിൽ എത്തുമ്പോൾ പലപ്പോഴും മാതാപിതാക്കൾ തമ്മിൽ കുട്ടിയുടെ മുമ്പാകെ തർക്കം നടക്കുന്നു. ഈ സാഹചര്യം ഒഴിവാക്കേണ്ടത് അനിവാര്യമാണ്. അത് കുട്ടികളെ മാനസിക പിരിമുറുക്കത്തിലേക്ക് തള്ളിവിടുന്ന ഇങ്ങനെയുള്ള അനാവശ്യമായ സാഹചര്യങ്ങൾ ശിശു സൗഹൃദ കോടതി സജ്ജീകരണത്തിലൂടെ ഏറെക്കുറെ മാറ്റിയെടുക്കുവാൻ സാധിക്കും.

## സംഗ്രഹം

വിവാഹമോചന കേസ് ഫയൽ ചെയ്തിട്ടുള്ള മാതാപിതാക്കളുടെ കുട്ടികൾ നേരിടുന്ന ശാരീരിക, മാനസിക, വൈകാരിക, സാമൂഹിക, സാമ്പത്തിക, നിയമപരമായ വിഷയങ്ങളെക്കുറിച്ചുള്ള പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ മാതാപിതാക്കളുടെ വേർപിരിയൽ കുട്ടികളിൽ സൃഷ്ടിക്കപ്പെടുന്ന പ്രത്യാഘാതങ്ങൾ വളരെ വലുതാണെന്ന് മനസ്സിലാക്കാൻ സാധിക്കുന്നു. കോടതി പരിസരത്ത് കുട്ടികൾക്ക് അനുയോജ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതും കുട്ടികൾക്ക് വിനോദ വിജ്ഞാന പ്രവർത്തികളിൽ ഏർപ്പെടുന്നതിന് സൗകര്യങ്ങൾ ഇല്ലാത്തതും കോടതി നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട് എത്തുന്ന കുട്ടികൾക്ക് മണിക്കൂറുകളോളം കാത്തുനിൽക്കേണ്ടിവരുന്ന സാഹചര്യത്തിൽ കടുത്ത മാനസിക, ശാരീരിക സമ്മർദ്ദങ്ങൾ നേരിടേണ്ടിവരുന്നതായി പഠനം സൂചിപ്പിക്കുന്നു.

കുട്ടികളുടെ ഉത്തമതാൽപര്യവും അവകാശങ്ങളും സംരക്ഷിക്കപ്പെടേണ്ടതിന്റെയും കുടുംബകോടതികൾ ബാലസൗഹാർദ്ദമാകേണ്ടതിന്റെയും കുട്ടികൾക്ക് കൗൺസിലിംഗ് പോലുള്ള മാനസിക പിന്തുണാ സേവനങ്ങൾ കോടതിയിൽ ലഭ്യമാക്കേണ്ടതിന്റെയും പ്രാധാന്യവും അവ അത്യന്താപേക്ഷിതമാണെന്നും പഠനം തെളിയിക്കുന്നു.

REFERENCES


1. Doherty, W., & Needle, R (1991). Psychological Adjustment and substance use amongAdolescents Before and After a Parental Divorce. Child Development, 62, 328-337.
2. Woosley, J., Dennis, C., Robertson, K, & Goldstein, J. (2009). Perceived Psychological Well-Being of Children from divorce and non-divorced families. Journal of Undergraduate Research, 14, 34-39.
3. Mahl, D. (2001). The influence of parental divorce on the romantic relationship beliefs ofyoung adults. Journal of Divorce and Remarriage, 34, 89-118.
4. Conger, K. J., Rueter, M. A., & Conger, R. D. (2000). The role of economic pressure in the lives of parents and their adolescents: The Family Stress Model. In L. J. Crockett & R. K. Silbereisen (Eds.), Negotiating adolescence in times of social change (pp. 201–223).
5. Fine, M. A., Moreland, J. R., & Schwebel, A. I. (1983). Long-term effects of divorce on parent-child relationships. Developmental Psychology, 19(5), 703-713.
6. Koel, A., Clark, S. C., Straus, R. B., Whitney, R. R., & Hauser, B. B. (1994). Patterns of relitigation in the post-divorce family. Journal of Marriage and the Family, 56, 265-277.
7. Adams, N., Miller, G., Reavis, P., & Reglin, G. (1989). The effects of divorce on achievement, behavior, and attendance of seventh grade students.
8. Long, N., & Forehand, R. (1987). The effects of parental divorce and parental conflict on children: An overview. Developmental and Behavioral Pediatrics, 8(5), 292-296.
9. Runyon, N., & Jackson, P. L. (1988). Divorce: Its impact on children. Perspectives in Psychiatric Care, 24(3/4), 101-105.
10. Shaw, D. S. (1991). The effects of divorce on children›s adjustment: Review and implications. Behavior Modification. 15(4), 456-485.
11. Lakshmi gireesh, Indian Journal of Integrated Research in Law Volume III
12. Family Court Varanasi – A Case Study-National Institute of Public Corporation and Child Development, New Delhi-2007.
13. Report No.257 Law Commissions report on amendment to Custody and Guardianship Laws
14. Landmark Judgements of HighCourts of India on Family matters.
15. Chimienti Rachel. The effects of divorce on children’s academic achievement”. Major Papers. 2021.
16. Martin C. Post-divorce. Family bond and vulnerability, Rennes, Presses universitaires de Rennes; 1997.
17. Lee J. Marriage and Divorce Trend Data Study, Healthy Framework.2021.
18. Spector–Dunsky L. The child and divorce from a school perspective. Revue des sciences de l’éducation. 2022;10(3):569–578.